6.Both men succeeded by vice presidents named johnson who were southern democrats and former senators.

7.Andrew johnson was born in 1808.lincoln johnson was born in 1908,exactly 100 years later.

8.The first name of lincoln 's private secretary was john ,the last name of kennedy's private secretary was lincoln.

9.John wilkes booth was born in1839.lee harvey oswald was born in 1939,one hundred years later.

10.Both assassins were southerners who held extremist views.

11.Both assassins were murdered before they could be brought to trial

12.Lincoln and kennedy ,each has seven letters.

13.Andrew johnson and lyndon johnson each has 13 letters

14.John wilkes booth and lee harvey oswald each has 15 letters.


JOIN

TIME at KOTTAYAM

FOR

MBA ENTRANCE
MCA ENTRANCE
BANK EXAMS
GRE COACHING

The BEST COACHING INSTITUTE of South India run by MBAs from IIMs & XLRI.

ENROL FOR OUR NEW BATCH

TIME

2nd Floor , Pulickal Trade Centre,
Nr. Nagampadam, River Bridge, Kottayam - 686 006.
Telephone : 0481 - 302495

# Proverbs
# &
# wise sayings

MOHANBABU.K
IDC PHY

- When you go to buy use your eyes,not your ears
- Eat to please thyself,but dress to please others
- Where there is a secret, there must be something wrong
- I love you well,but touch not my pocket
- It is comparison that makes men miserable or happy
- When wine enters,wisdom goes abroad
- Faults are thick where love is thin
- Treat your friend as if he might become a enemy
- If man would live in peace,heshould be blind,deaf and dump
- If you would know the value of money,go and try to borrow some one
- One doctor makes work for another
- If you wish to avoid seeing a fool,you must first break your mirror
- After crosses and losses man grows humbler and wiser
- The foolish and the dead alone never change their opinions
- Much food brings on indigestion,much talk brings on trouble
- If things were to be done twice,all would be wise
- The reason some people are stingy is also the reason they are rich
- The only thing that I know about me is that I know nothing
- Good character is the peace of our heart
- A good laugh is sunshine in a house
- The journey of a thousand miles begins with one step
- Be not afraid of going slowly, be afraid of standing still
- Experience is the name every man gives to his mistakes
- More is always expected from peoples who give much
- There is nothing either good or bad but thinking makes it so
- Reason is the mistress and queen of all things
- Don't just fill your life with years-fill the years with life


കേരളീയം

## ലോകം ഇരുപതാം നൂറ്റാണ്ടിൽ - *തയ്യാറാക്കിയത് എഡിറ്റർ*

**1900**

മാക്സ് പ്ലാങ്ക് ക്വാണ്ടം തിയറി കണ്ടുപിടിക്കുന്നു.
സിഗ്മൻഡ് ഫ്രോയിഡിന്റെ സ്വപ്ന വ്യാഖ്യാനം എന്ന ഗ്രന്ഥം പ്രകാശനം ചെയ്യുന്നു.

**1902.**

സ്വാമി വിവേകാനന്ദൻ സമാധിയാകുന്നു.
1899 ൽ ആരംഭിച്ച ദക്ഷിണാഫ്രിക്കയിലെ കുടിയേറ്റ വംശജരായ ബൂർകളും ബ്രിട്ടണും തമ്മിലുള്ള യുദ്ധം അവസാനിക്കുന്നു.

**1903.**

വിൽബർ റൈറ്റ് ഓർവിൽ റൈറ്റ് എന്ന സഹോദരന്മാർ സ്വയം നിർമ്മിച്ച വിമാനമായ ഫ്ളെയറിൽ ആദ്യത്തെ വ്യോമയാത്ര നടത്തുന്നു.

**1905.**

കഴ്സൺ പ്രഭു ബംഗാളിനെ വിഭജിക്കുന്നു.
വെള്ളക്കാരനെ കീഴടക്കാൻ ആർക്കും സാധ്യമല്ലെന്ന വിശ്വാസം വേരുറച്ചു നിന്ന കാലത്ത് റഷ്യക്കുമേൽ ജപ്പാൻ വിജയം നേടുന്നു.
ഐൻസ്റ്റീൻ ആപേക്ഷിക സിദ്ധാന്തവും പ്രകാശത്തിന്റെ വേഗതയും മറ്റും കണ്ടുപിടിക്കുന്നു.

**1906.**

കാനഡാക്കാരനായ റെജിനാൾഡ് എ ആദ്യമായി മനുഷ്യ ശബ്ദം റേഡിയോ തരംഗങ്ങൾ വഴി പ്രക്ഷേപണം ചെയ്തു.
ചിത്രകലയിൽ നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ വിഗ്രഹ ഭഞ്ജകനായിരുന്ന പാബ്ലോ പിക്കാസോയുടെ ലെ ഡെമോയിസെലെ ദ് അവിഗൺ എന്ന ചിത്രം പുറത്തു വരുന്നു.

**1907.**

ഇന്നു ലോകം മുഴുവൻ വ്യാപിച്ച ബോയ്സ്കൗട്ട് പ്രസ്ഥാനം ജനറൽ ബേഡൻ പവൽ ആരംഭിക്കുന്നു.

**1909.**

ബംഗാൾ വിഭജനം റദ്ദു ചെയ്യുന്നു.

**1911.**

ചൈനയിലെ അവസാനത്തേതായ മഞ്ചു രാജവംശം ദീർഘകാലം നീണ്ടുനിന്ന ഭരണശേഷം നിലം പതിക്കുന്നു.
മനുഷ്യന് അപ്രാപ്യമെന്ന് കരുതപ്പെട്ടിരുന്ന ദക്ഷിണ ധ്രുവത്തിൽ അമുണ്ട്സെൻ എത്തുന്നു.
ഇന്ത്യയുടെ തലസ്ഥാനം കൽക്കട്ടയിൽ നിന്നും ഡൽഹിയിലേക്കു മാറ്റുന്നു.

**1912.**

ലോകം കണ്ടതിൽ വച്ച് ഏറ്റവും വലിയ ആഡംബരക്കപ്പലായ ടൈറ്റാനിക്ക് എന്ന ബ്രിട്ടീഷ് യാത്രാക്കപ്പൽ ഇംഗ്ലണ്ടിലെ സതാംടണിൽ നിന്ന് അമേരിക്കയിലേക്കുള്ള കന്നി യാത്രയിൽ അറ്റ്ലാന്റിക് സമുദ്രത്തിൽ വച്ച് മുങ്ങുന്നു.


## S.N ടെക്നിക്കൽ എഡ്യൂക്കേഷൻ സെന്റർ

**S.N.I.T.C. Building Kalikave, Phone 230231.**
**Kuravilangad, Pakalomattam P.O. 686 642.**

**ഈ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നസ്ഥാപനങ്ങൾ**

**S.N.I.T.C. (Affiliated to NCVT Govt. of India.)**

**Trades:-**

**Draughtsman (Civil) - 2 Year**
**Stenography (English) -1 Year**
**Mechanic (Diesel) -1 Year**

Admission Starts on every June

**S.N** *മോട്ടോർ ഡ്രൈവിംഗ് സ്കൂൾ*

*1996 ആഗസ്റ്റ് മുതൽ പ്രവർത്തനം ആരംഭിച്ച്,മാരുതി കാറിലും,ജീപ്പിലും ഡ്രൈവിംഗിൽ പരിശീലനം നടത്തി ലൈസൻസ് എടുത്തു കൊടുക്കുന്നു.*

**S.N** കംപ്യൂട്ടേഴ്സ്

S.S.L.C പാസ്സായ കുട്ടികൾക്ക് ആഫീസ് ജോലികളിൽ പ്രാവീണ്യം നല്കുന്നതിന് പര്യാപ്തമായ ഹ്രസ്വകാല കംപ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നു.

**Director,**
**S.N.Technical Education Centre,**
**Kalikave.**

**Managed By : S.N.D.P. Br. No 104 Kalathoor, Meenachil Union.**

1913.

മാക്സ് പ്ലാങ്കിന്റെ ക്വാണ്ടം സിദ്ധാന്തത്തെ അടിസ്ഥാനമാക്കി ഡെന്മാർക്കിലെ നീൽസ്ബോർ എന്ന ശാസ്ത്രജ്ഞൻ മുൻ സിദ്ധാന്തത്തിലെ പോരായ്മകൾ പരിഹരിക്കുന്നു. ബോറിന്റെ അണുമാതൃക ആധുനിക അണു ശാസ്ത്രത്തിന്റെ അടിത്തറയായി കരുതപ്പെടുന്നു.

1914.
നാലു കൊല്ലം നീണ്ടുനിന്ന ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുന്നു.

1917.
റഷ്യയിൽ ഒക്ടോബർ വിപ്ലവത്തെ തുടർന്ന് ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക്കുകൾ (കമ്യൂണിസ്റ്റുകൾ) അധികാരം പിടിച്ചെടുക്കുന്നു.

1918
ഒന്നാം ലോകമഹായുദ്ധം അവസാനിക്കുന്നു.

1919.
ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഏറ്റവും രക്തപങ്കിലമായ അദ്ധ്യായങ്ങളിലൊന്നായ ജാലിയൻ വാലാബാഗ് കൂട്ടക്കുരുതി നടക്കുന്നു.

1920.
ലോകസമാധാനത്തിനായി ജനീവ ആസ്ഥാനമാക്കി ലീഗ് ഓഫ് നേഷൻസ് രൂപീകരിക്കുന്നു.

1923
മുസ്തഫാ കമാൽ പ്രസിഡന്റായി ടർക്കി റിപ്പബ്ലിക് സ്ഥാപിതമാകുന്നു.

1924
ലെനിൻ അന്തരിക്കുന്നു

1925.
ടെലിവിഷൻ ലോഗി ബിയ്ഡ് നിർമ്മിക്കുന്നു.

1927.
ചാൾസ് ലിന്റ് ബർഗ് എന്ന അമേരിക്കക്കാരൻ 220 കുതിര ശക്തി മാത്രമുള്ള എൻജിൻ വച്ച കൊച്ചു വിമാനത്തിൽ അറ്റ്ലാന്റിക്കിനു കുറുകെ പറക്കുന്നു.

1928.
ജോസഫ് സ്റ്റാലിൻ സോവിയറ്റ് യൂണിയന്റെ ഏകാധിപതിയാകുന്നു.
സ്കോട്ട്ലണ്ടുകാരനായ സർ അലക്സാണ്ടർ ഫ്ളെമിംഗ് പെൻസിലിൻ കണ്ടുപിടിക്കുന്നു.

1929.
നാലു കൊല്ലക്കാലം ലോക സമ്പദ് വ്യവസ്ഥയെ തകർത്തു തരിപ്പണമാക്കിയ സാമ്പത്തിക മാന്ദ്യം ആരംഭിക്കുന്നു.

1930.
ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉപ്പ് സത്യാഗ്രഹം നടക്കുന്നു.

1931.
ഗാന്ധി - ഇർവിൻ ഉടമ്പടി നടക്കുന്നു.

1932.
ആറ്റം വിഭജിക്കാമെന്ന് ജോൺ കോക്രാഫ്റ്റ് ഏണസ്റ്റ് വാൾട്ടൺ എന്നിവർ കണ്ടെത്തുന്നു.

1933.
അഡോൾഫ് ഹിറ്റ്ലർ ജർമ്മനിയുടെ ഭരണാധികാരിയാകുന്നു.

1935.
റഡാർ സംവിധാനം ബ്രിട്ടനിലെ സർ റോബർട്ട് സൺ വാട്സൺ വാട്ട് കണ്ടുപിടിക്കുന്നു.

1936.
മൂന്നു കൊല്ലം നീണ്ടുനിന്ന രക്ത രൂക്ഷിതമായ സ്പാനിഷ് ആഭ്യന്തര യുദ്ധം തുടങ്ങുന്നു.

1939.
ആറു കൊല്ലത്തോളം നീണ്ടുനിന്ന രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നു.

1941.
നോബൽ സമ്മാന ജേതാവായ രവീന്ദ്രനാഥ ടാഗോർ അന്തരിക്കുന്നു.
സുബാഷ് ചന്ദ്രബോസ് ഇന്ത്യയിൽ നിന്ന് നാടകീയമായി രക്ഷപ്പെടുന്നു.


# BRILLIANT STUDY CENTRE

**ARUNAPURAM,PALA**

Pin-686574

**The Leader of**
**MED./ENGG. Entrance**
**Coaching**

**Phone: 0482-210949,212**

1944.
വെർണർ ഫോൺബ്രൗൺ രൂപകല്പന ചെയ്ത ആദ്യത്തെ ദീർഘദൂര റോക്കറ്റ് ജർമ്മനിയിൽ നിന്ന് വിക്ഷേപിക്കുന്നു
ലോകത്തിലെ ആദ്യത്തെ പൂർണ്ണ കംപ്യൂട്ടർ മാർക്ക് - ഒന്ന് ഹോവാർഡ് ഐക്കൺ എന്ന അമേരിക്കക്കാരൻ കണ്ടുപിടിക്കുന്നു.

1945.
ഓഗസ്റ്റ് 6 അമേരിക്ക ജപ്പാനിലെ ഹിരോഷിമായിലും നാഗസാക്കിയിലും അണുബോംബിടുന്നു
രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ലോകസമാധാനം മുൻനിർത്തി ഒക്ടോബർ 24 ന് അമേരിക്കയും സോവിയറ്റ് യൂണിയനും ബ്രിട്ടണും ചേർന്ന് ന്യൂയോർക്ക് ആസ്ഥാനമാക്കി യു. എൻ. ഒ. സ്ഥാപിച്ചു.
85 വർഷം നീണ്ട ഫ്രഞ്ച് ആധിപത്യത്തിൽ നിന്ന് വിയറ്റ്നാം സ്വതന്ത്രമാകുന്നു.

1947.
ഇന്ത്യ സ്വതന്ത്രയായി

1948.
ഇസ്രായേൽ എന്ന പുതിയ രാഷ്ട്രം സ്ഥാപിതമാകുന്നു.
ട്രാൻസിസ്റ്റർ കണ്ടുപിടിക്കപ്പെടുന്നു
ഗാന്ധിജി കൊല്ലപ്പെട്ടു.

1949.
ചൈന കമ്മ്യൂണിസ്റ്റ് ആധിപത്യത്തിൻ കീഴിലാകുന്നു.

1950.
വടക്കൻ കൊറിയയും തെക്കൻ കൊറിയയും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു.

1953.
ഡി. എൻ. എ., ജെ. സി. വാട്സൺ, എഫ്. എച്ച്. സി. ക്രിക്ക് എന്നിവർ കണ്ടുപിടിക്കുന്നു
മെയ് 29 ന് എഡ്മണ്ട് ഹിലാരിയും ടെൻസിങ് നോർഗയും ലോകത്തിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ എവറസ്റ്റ് കീഴടക്കുന്നു

1955.
ചേരിചേര പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ബന്ദുങ് സമ്മേളനം ഏപ്രിൽ 18 മുതൽ 24 വരെ ഇൻഡോനേഷ്യയിലെ ബന്ദുംഗിൽ നടന്നു.

1957.
ബഹിരാകാശ യുഗത്തിന് തുടക്കം കുറിച്ചു കൊണ്ട് സോവിയറ്റ് യൂണിയൻ സ്പുട്നിക് - 1 ഉപഗ്രഹം വിക്ഷേപിച്ചു.
ലോകത്തിലാദ്യമായി ബാലറ്റ് പേപ്പറിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ അധികാരത്തിൽ വന്നു.

1959.
ടിബറ്റ് സ്വതന്ത്രമാക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭണം ആരംഭിച്ചു. ദലൈലാമ ടിബറ്റിൽ നിന്നും പലായനം ചെയ്തു.

1961.
യൂറി അലക്സെവിക് ഗഗാറിൻ സോവിയറ്റ് യൂണിയന്റെ വോസ്റ്റോക്ക് - 1 എന്ന ബഹിരാകാശ വാഹനത്തിൽ ശൂന്യാകാശത്തെത്തുന്നു
യു. എസ്. എസ് ആർ. ന്റെ സഹായത്തോടെ കിഴക്കൻ ജർമ്മനി ബർലിൻ മതിൽ നിർമ്മിക്കുന്നു.

1962.
ചൈന ഇന്ത്യയെ ആക്രമിക്കുന്നു.

1963.
ജോൺ എഫ്. കെന്നഡി നവംബർ 22 ന് വെടിയേറ്റു മരിക്കുന്നു.

1964.
ജവഹർലാൽ നെഹ്റു അന്തരിക്കുന്നു
ലാൽ ബഹദൂർ ശാസ്ത്രി ഇന്ത്യയുടെ പ്രധാന മന്ത്രിയാകുന്നു.

1965.
ഇന്ത്യ - പാക് യുദ്ധം നടക്കുന്നു.


## വസ്ത്രങ്ങളുടെ പറുദീസ !

വസ്ത്രങ്ങളുടെ മനോഹാരിത തൊട്ടറിയൂ
ചുരിദാർ സെറ്റുകൾ ചുരിദാറിനും ഫ്രോക്കിനുമുള്ള
തുണിത്തരങ്ങൾ ,Under Garments
ചുരിദാർ ഫ്രോക്ക് തയ്യൽ എന്നിവയ്ക്ക് മാത്രമായി
സ്പെഷ്യലൈസ് ചെയ്തിരിക്കുന്ന
സ്ഥാപനം.

# പുളിക്കൻസ്

**College Jn., Kuravilangad.**

1966

ലാൽ ബഹദൂർ ശാസ്ത്രി അന്തരിക്കുന്നു.

ഇന്ദിരാ ഗാന്ധി ഇന്ത്യൻ പ്രധാനമന്ത്രിയാകുന്നു.

1967.

ആഫ്രിക്കയിലെ ഗ്രൂട്ട് ഷൂർ ആശുപത്രിയിൽ ഡോ. ക്രിസ്റ്റ്യൻ ബർണാർഡ് ആദ്യമായി മനുഷ്യ ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നു.

1968.

അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ പൗരാവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തിയിരുന്ന മാർട്ടിൻ ലൂഥർ കിങ് ഏപ്രിൽ 4 ന് വെടിയേറ്റു മരിക്കുന്നു.

1969.

ജൂലൈയ് 20 ന് അമേരിക്കൻ ബഹിരാകാശ വാഹനമായ അപ്പോളോയിൽ നീൽ ആംസ്ട്രോങ്ങും എഡ്വിൻ ആൽഡ്രിനും ചന്ദ്രനിൽ കാലു കുത്തുന്നു.

1970.

ലോകത്തിലാദ്യമായി ശ്രീലങ്കയിൽ സിരിമാവോ ബന്ധാര നായക എന്ന വനിത പ്രസിഡന്റാകുന്നു.

1971.

ബംഗ്ലാദേശ് എന്ന രാജ്യം രൂപം എടുക്കുന്നു.

1973.

ബഹിരാകാശത്തിന്റെ അതിരുകളിൽ മനുഷ്യന്റെ ആദ്യത്തെ നിരീക്ഷണ നിലയം എന്ന വിശേഷണത്തോടെ അമേരിക്ക സ്കൈലാബ് വിക്ഷേപിക്കുന്നു.

1974.

അമേരിക്കൻ ചരിത്രത്തിൽ ആദ്യമായി പ്രസിഡന്റ് റിച്ചാർഡ് നിക്സൺ രാജിവെക്കുന്നു.

ഇന്ത്യയിലാദ്യമായി ആണവ പരീക്ഷണം നടത്തുന്നു.

1975.

അമേരിക്ക വിയറ്റ്നാം വിടുന്നു.

ഇന്ത്യ ആര്യഭട്ട എന്ന ഉപഗ്രഹം വിക്ഷേപിക്കുന്നു.

ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നു.

1978.

ജൂലൈ 25 ന് ആദ്യത്തെ ടെസ്റ്റ്യൂബ് ശിശു ലൂയി ബ്രൗൺ പിറക്കുന്നു.

1979.

പാക്കിസ്ഥാനിലെ വിവാദ പുരുഷനായ നേതാവായിരുന്ന സുൾഫിഖാർ അലി ബൂട്ടോയെ തൂക്കിലേറ്റി കൊല്ലുന്നു.

*best wishes from:*

**Sachu's Glass House**

**NJEEZHOOR**

BE WISE ! GRAB THE OPPORTUNITY

ENROLL WITH

**KISMAT**

OPP.NICE THEATRE THALAYOLAPRAMBU.

BR.KANJIRAMATTOM

WE OFFERED

LONG TERM COURSES: APGDCA,PGDCA,DCA,DOA

&

SHORT TERM COURSES.

HIGHLY QUALIFIED MANAGEMENT WING OFFERS

STUDENT SUPPORT SERVICES FOR MBA,MCA,CIC ......ETC .

1980.

ഗൾഫ് യുദ്ധം എന്നറിയപ്പെടുന്ന ഇറാൻ ഇറാക്ക് യുദ്ധം തുടങ്ങുന്നു.

ആഫ്രിക്കൻ രാജ്യമായ റൊഡീഷ്യ സിംബാവെ എന്ന പുതിയ പേരോടു കൂടി സ്വതന്ത്രമാകുന്നു.

1984.

ആദ്യമായി ഒരിന്ത്യാക്കാരൻ (രാകേഷ് ശർമ്മ) ബഹിരാകാശത്തു പോയി.

ബച്ചേന്ദ്രിപാൽ  മൗണ്ട് എവറസ്റ്റ് കീഴടക്കുന്ന ആദ്യ ഇന്ത്യൻ വനിതയായി.

സുവർണ്ണ ക്ഷേത്രത്തിൽ ഇന്ത്യൻ സൈന്യവും സിക്ക് ഭീകരരും തമ്മിൽ ഏറ്റു മുട്ടുന്നു.

ലോകം കണ്ട ഏറ്റവും വലിയ വ്യാവസായിക ദുരന്തമായ ഭോപ്പാൽ ദുരന്തം നടക്കുന്നു.

ഇന്ദിരാ ഗാന്ധി കൊല്ലപ്പെടുന്നു.

എഡ്സ് മൂലമാണെന്നു തീർച്ചപ്പെട്ട ആദ്യത്തെ മരണം അമേരിക്കയിൽ രേഖപ്പെടുത്തുന്നു.

1985.

കനിഷ്ക ദുരന്തം ജൂൺ 23 ന് നടക്കുന്നു.

1986.

സമാധാന കാലത്ത് അറിയപ്പെട്ട ഏറ്റവും വലിയ ആണവാപകടമായ ചെർണോബിൽ ദുരന്തം സോവിയറ്റ് യൂണിയനിൽ ഉണ്ടായി.

ഇന്ത്യയിലാദ്യമായി ടെസ്റ്റ്യൂബ് ശിശു ജനിക്കുന്നു.

1987.

അമേരിക്കയുടേയും സോവിയറ്റ് യൂണിയന്റേയും അണുമിസൈലുകളുടെ എണ്ണം കുറയ്ക്കുവാനുള്ള ചരിത്ര പ്രധാനമായ ഒരു ഉടമ്പടിയിൽ യു. എസ്. പ്രസിഡന്റ് റൊണാൾഡ് റെയ്ഗനും, സോവിയറ്റ് നേതാവ് മിഖായേൽ ഗോർബച്ചോവും ഒപ്പുവെയ്ക്കുന്നു

1988.

ബെർണാഡോ ബെർട്ടലൂച്ചി സംവിധാനം ചെയ്ത ദി ലാസ്റ്റ് എംപറർ എന്ന ചലച്ചിത്രം 9 ഓസ്കാർ അവാർഡിന് അർഹമാകുന്നു.

1990.

27 വർഷത്തെ ജയിൽ വാസത്തിനു ശേഷം ദക്ഷിണാഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ നേതാവായ നെൽസൺ മണ്ടേല മോചിതനാകുന്നു.

1991.

സോവിയറ്റ് യൂണിയൻ തകരുന്നു.

ഏപ്രിൽ 11 ന് ഗൾഫ് യുദ്ധം അവസാനിക്കുന്നു.

രാജീവ് ഗാന്ധി കൊല്ലപ്പെടുന്നു.

1992.

റിയോഡി ജനിറോയിൽ ഭൗമ ഉച്ചകോടി നടക്കുന്നു.

1993.

യൂറോപ്യൻ രാജ്യങ്ങളെ രാത്രിയിലോ ഇരുണ്ട സമയങ്ങളിലോ പ്രകാശപൂരിതമാക്കാൻ റഷ്യൻ ബഹിരാകാശ സഞ്ചാരികൾ ബഹിരാകാശത്തിൽ ഒരു വൻ സൗരോർജ്ജ കണ്ണാടി സ്ഥാപിക്കുന്നു.

1995.

ജപ്പാനിലെ ഒസാക്കാ - കോബ് പ്രദേശത്ത് വൻ ഭൂചലനം.

1997.

ഡയാനാ രാജകുമാരി പാരീസിൽ വച്ച് ഒരു കാറപകടത്തിൽ മരണമടയുന്നു.

87-ാം വയസ്സിൽ മദർ തെരേസ നിര്യാതയാകുന്നു.

1998.

ക്ലോണിങ്ങിന്റെ കണ്ടുപിടുത്തം.

ഇന്ത്യ രണ്ടാമത്തെ ആണവ പരീക്ഷണം നടത്തുന്നു.

അമർത്യാസെൻ നോബൽ സമ്മാനം നേടുന്നു.

ജെയിംസ് കാമറൂണിന്റെ ടൈറ്റാനിക് എന്ന ചിത്രം ചരിത്രത്തിൽ ഏറ്റവും കൂടുതൽ ലാഭം കൊയ്ത ചലച്ചിത്രമായി. ലിനാർഡോ ഡികാർപ്രിയോയും കേറ്റ് വിൻസ്ലറ്റും പ്രധാന വേഷമിട്ട ഈ ചിത്രം 11 ഓസ്കാർ അവാർഡിനർഹമായി.

1999.

ഇന്ത്യാ - പാക് അതിർത്തി പ്രദേശമായ കാശ്മീരിലെ കാർഗിലിൽ പാക് നുഴഞ്ഞു കയറ്റം.

OUR SPECIALITIES
VIDEO RECORDING WITH SPECIAL EFFECTS.
DESIGNED PHOTO ALBUMS
അനർഘനിമിഷങ്ങളെ അവിസ്മരണീയമാക്കുവാൻ സ്റ്റുഡിയോ

# കൂട്ടുകാരാ നിന്റെ ഓർമ്മയ്ക്കായി

ദുഃഖം തളംകെട്ടി നില്ക്കുന്ന ആ വീട്ടുമുറ്റത്തേയ്ക്ക് കാലെടുത്തു വച്ചപ്പോൾ ഞങ്ങളുടെ മനസ്സിൽ വല്ലാത്തൊരു വിങ്ങൽ. ഇന്നലെ വരെ ഞങ്ങളോടൊപ്പം ഞങ്ങളിലൊരാളായി ഉണ്ടായിരുന്ന വർഗ്ഗീസുകുട്ടിയുടെ വീട്. അകത്തുനിന്നും ഏങ്ങലടിയുടെ നേർത്ത അലകൾ ഉയരുന്നു. ഞങ്ങളുടെ വർഗ്ഗീസുകുട്ടിയെ അവസാനമായി ഒരു നോക്കു കാണുവാനായി വിറയ്ക്കുന്ന കാലടികളോടെ ഞങ്ങൾ കയറിച്ചെന്നു.

വെള്ളവസ്ത്രം ധരിച്ച് കൊന്തയും കുരിശും പിടിച്ച് ഞങ്ങളുടെ സുഹൃത്ത് ശാന്തമായി ഉറങ്ങുന്നു. നിഷ്കളങ്കത മുറ്റിനില്ക്കുന്ന ആ മുഖത്ത് മായാത്ത, മങ്ങാത്ത, ഉദിച്ചുയരും മുൻപേ രാജകുമാരന് ഞങ്ങൾ കണ്ണുനീരിൽ വർഷങ്ങൾക്ക് മുമ്പ് മഹാവിപത്തിന്റെ മാറിലേയ്ക്ക് പറന്നകന്നു. അസുഖത്തിന്റെ പേരിൽ എടുത്തിരിയ്ക്കുന്നു. പാവം! ആ ശക്തിപോലും ജനങ്ങളുടെ ദുഃഖഭാരവും മിടുക്കനായിരുന്ന വർഗ്ഗീസുകുട്ടി ഹൈസ്ക്കൂളിൽ നിന്നും സി പാസ്സായത് 1996- കാമ്പസിലെത്തിയത്. ലാളിത്യം മുഖമുദ്രയായിരുന്നു. പുലർത്തിയിരുന്ന വർഗ്ഗീസുകുട്ടി പ്രകൃതക്കാരനായിരുന്നില്ല. ക്ലാസ്സിൽ മാന്യമായ രീതിയിൽ വ്യക്തിത്വത്തിനുടമയായിരുന്നു. ലയിക്കുമ്പോഴും തന്നെ മഹാവിപത്തിനെ പറ്റി ഞങ്ങളുടെ ഈ ദുഃഖഭാരം അവൻ പങ്കുവച്ചിരുന്നില്ല. രണ്ടാംവർഷം



വാടാത്ത ഒരു പുഞ്ചിരി തങ്ങി നില്ക്കുന്നു. അസ്തമിക്കാനിറങ്ങി വന്ന ആ നക്ഷത്രങ്ങളുടെ കുതിർന്ന യാത്രാമൊഴിയേകി പ്രിയപ്പെട്ട ഭർത്താവ് കാൻസർ എന്ന കരാളഹസ്തങ്ങളിൽ പെട്ട് വിധിയുടെ വിളി ഇപ്പോഴിതാ ഏകമകനെയും അതേ രംഗബോധമില്ലാത്ത കോമാളി തട്ടി അമ്മയുടെ മുഖത്ത് നോക്കാനുള്ള ഞങ്ങൾക്കൊണ്ടായിരുന്നില്ല. ബന്ധു അളവറ്റതായിരുന്നു. പഠനത്തിൽ പിറവം ഫാത്തിമാമാതാ ഇംഗ്ലീഷ് മീഡിയം ഡിസ്റ്റിങ്ഷനോടെയാണ് എസ്. എസ്. എൽ ജൂലൈയിലാണ് ഈ സൂനം ദേവമാതായുടെ ഞങ്ങളുടെ സുഹൃത്തിന്റെ വേഷവിധാനങ്ങളിലെല്ലാം തികഞ്ഞ ലാളിത്യം അധികം സംസാരിക്കുന്ന യാതൊരു ശല്യവും ഉണ്ടാക്കാതെ തികച്ചും പെരുമാറിയിരുന്ന വർഗ്ഗീസുകുട്ടി നല്ല കാമ്പസ്സിന്റെ താളത്തിൽ സ്വയം കാർന്നുതിന്നാൻ കാത്തിരിക്കുന്ന ആത്മാർത്ഥ സുഹൃത്ത് ബോധവാനായിരുന്നു അടുത്തസുഹൃത്തുക്കളോടു പോലും ആദ്യത്തോടെ രോഗശയ്യയിലായ

വർഗ്ഗീസുകുട്ടി 26-9-1998 വൈകുന്നേരം 7.30-ഓടെ അന്തരിച്ചു. അങ്ങനെ തങ്കനൂലിൽ കോർത്ത ഒരു പിടി സ്വപ്നങ്ങളെ ബാക്കിയാക്കി ആ മാടപ്രാവ് പറന്നകന്നു. വേദനകളില്ലാത്ത, ആകുലതകളില്ലാത്ത, ശാന്തിയുടെ ലോകത്ത് ഞങ്ങളുടെ വർഗ്ഗീസുകുട്ടി സന്തോഷവാനായി ഇരിക്കുന്നുണ്ട്. ഭൂമിയാകുന്ന പൂന്തോപ്പിൽ നിന്നും ഈശ്വരൻ ഇഷ്ടമുള്ള പുഷ്പങ്ങളെ ആദ്യമാദ്യം ഇറുത്തെടുക്കുന്നു. അങ്ങനെ ഈശ്വരൻ ഇഷ്ടമുള്ള പുഷ്പമാവാൻ കഴിഞ്ഞത് ഒരു വിധത്തിൽ ഭാഗ്യമല്ലേ? എങ്കിലും ഞങ്ങളുടെ മനസ്സിൽ നൊമ്പരത്തിന്റെ തീക്കനൽ എരിയുന്നു. അകാലത്തിൽ പൊലിഞ്ഞ ആ വെള്ളിനക്ഷത്രത്തിന്റെ ആത്മാവിന് നിത്യശാന്തി നല്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

**IInd PDC Ist group IST batch ന് വേണ്ടി**

**Smitha M. Sebastian.**


*best compliments from:*

**M/S UTHUP.V.PALLIVEETTIL**

**H.P Dealers,**

**KURAVILANGAD**

**PH : 230439,230431**

# ഒരു ഓർമ്മ- ഹൃദയപൂർവ്വം സിസിലിയാമ്മ ടീച്ചറിന്.

കായികരംഗത്തേയ്ക്ക് വരുന്ന ഏതൊരു കുട്ടിയേയും വളരെ പക്വമായ രീതിയിൽ പ്രോത്സാഹിപ്പിച്ച ഒരു അദ്ധ്യാപികയായിരുന്നു നമ്മുടെ സിസിലിയാമ്മ ടീച്ചർ. അല്പം മുൻശുണ്ഠി അതിനൊത്ത ഗൗരവം, ആർക്കും തോൽപ്പിക്കാനാവാത്ത പ്രകൃതം അതായിരുന്നു സിസിലിയാമ്മ ടീച്ചർ.

ദേവമാതായിലെ കായികപ്രേമികളായ കുട്ടികൾക്കൊന്നും സിസിലിയാമ്മ ടീച്ചറെ മറക്കാനാവില്ല. പ്രത്യേകിച്ച് ഡ്യൂക്ക് ഓഫ് എഡിൻബറോ എന്ന അന്തർദേശീയ അവാർഡിനുവേണ്ടി ശ്രമിച്ച എനിക്കും സഹപാഠികൾക്കും. ഏകദേശം മൂന്നുമാസക്കാലം ഞങ്ങൾ ടീച്ചറിനു കീഴിൽ കഠിന പരിശീലനം തന്നെ നടത്തി. ഞങ്ങളുടെ പരിശീലന പരിപാടിയനുസരിച്ച് 100 മീറ്റർ ഓട്ടത്തിൽ 12 സെക്കന്റിനകം ഓടുകയാണെങ്കിൽ മുഴുവൻ പോയിന്റും ലഭിക്കുമായിരുന്നു. ഇത് ടീച്ചററിഞ്ഞപ്പോൾ, തന്റെ കഴുത്തിലെ മാലയിൽ പിടിച്ചുകൊണ്ട് അവർ പറഞ്ഞു "ഇപ്പോൾ 12 സെക്കന്റിനകം 100 മീറ്റർ ഓടുകയാണെങ്കിൽ ഈ മാല ഊരിത്തരാം" എന്ന്. അത്രക്കായിരുന്നു ടീച്ചറിന്റെ സ്പോർട്ട്സ്മാൻ സ്പിരിറ്റ് പക്ഷെ ഒരു പ്രകാശത്തിൽ ആ സ്നേഹദീപം നിത്യതയിൽ ലയിച്ചപ്പോൾ ഞങ്ങൾ അറിയാതെ വിതുമ്പിപ്പോയി. ആദ്യം ദേഷ്യപ്പെടുമെങ്കിലും കുട്ടികളോടൊപ്പം എന്നും സിസിലിയാമ്മ ടീച്ചറുണ്ടായിരുന്നുവെന്ന് പലർക്കും അറിയില്ല.



ഇനിയൊരല്പം സിസിലിയാമ്മ ടീച്ചറിനെക്കുറിച്ച്

ഒൻപതാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് സിസിലിയാമ്മ ടീച്ചർ സ്പോർട്ട്സ് രംഗത്തേയ്ക്ക് കടന്നുവരുന്നത് പിന്നീട് 1961 ൽ കോട്ടയത്തു നടന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ പാലാ വിദ്യാഭ്യാസ ജില്ലയെ പ്രതിനിധാനം ചെയ്തു. അടുത്ത വർഷം തലശ്ശേരിയിൽ സംസ്ഥാന മീറ്റിൽ സ്പ്രിന്റിലും ചാട്ടത്തിലും ഹർഡിൽസിലും വിജയിച്ച് വ്യക്തിഗത ചാമ്പ്യനായി 1962 ൽ ജില്ലാ സംസ്ഥാന മീറ്റുകളിൽ ഇരട്ട ലാപ്പു വിജയിച്ച ടീച്ചർ ജബൽപൂർ നാഷണൽസിൽ കേരളത്തിനായി ഓടി. ഇതിൽ സ്വർണ്ണമണിഞ്ഞ ടീച്ചറിന്റെ പേര് ദേശീയ റെക്കോർഡ് ബുക്കിൽ ചേർക്കപ്പെട്ടു. എന്നാൽ എസ്. എസ്. എൽ. സി. ക്ക് ദയനീയ തോൽവിയാണ് സംഭവിച്ചത്. എല്ലാവരുടേയും കളിയാക്കലുകൾ ഏറ്റുവാങ്ങേണ്ടി വന്നു ഇതിനുശേഷം ഒരിക്കലും നാഷണൽസിനു പോകേണ്ട എന്നു തീരുമാനിച്ചു. വീണ്ടും എസ്. എസ്. എൽ. സി. എഴുതുന്നതിന് 13 രൂപാ ഫീസ് വേണം. പിതാവിൽ നിന്ന് അത് ലഭിക്കാതെ വന്നപ്പോൾ 13 രൂപായുടെ സാരി 8 രൂപയ്ക്ക് വിറ്റു. പക്ഷെ കിട്ടിയത് 5 രൂപാ. ദേശീയ ചാമ്പ്യനായ മകളുടെ ചിത്രം സ്കൂളിൽ സ്ഥാപിക്കാൻ പിതാവ് നൽകിയ 15 രൂപയിൽ നിന്ന് നാലര രൂപാ സംഘടിപ്പിച്ചു. പിന്നെ ആരോടൊക്കെയോ കടം വാങ്ങി 13 രൂപാ തികച്ചു. പരീക്ഷയിൽ വിജയിച്ചതോടെ പിതാവിന്റെ മനസ്സലിഞ്ഞു. പ്രീഡിഗ്രിക്ക് അൽഫോൻസാ കോളജിൽ ചേർന്നു. തുടർന്ന് ഗ്വാളിയാറിൽ ഫിസിക്കൽ എഡ്യൂക്കേഷനു ചേർന്നു. പ്രീഡിഗ്രിക്കും ഫിസിക്കൽ എഡ്യൂക്കേഷനു പഠിക്കുമ്പോൾ ദേശീയ അത്‌ലറ്റിക്സിൽ പങ്കെടുക്കാൻ പല തവണ തിരഞ്ഞെടുത്തെങ്കിലും ടീച്ചർ പോയില്ല. ശിവജി സർവ്വകലാശാലയെ 1967, 68, 69 വർഷങ്ങളിൽ സൈക്കിൾ റേസിലും സ്കേറ്റിങ്ങിലും ക്രോസ് കൺട്രിയിലും പ്രതിനിധാനം ചെയ്തു. 1969 ൽ ദേശീയ അവാർഡു നേടി. തുടർന്ന് ദേവമാതായിൽ കായിക അദ്ധ്യാപികയായി ചേർന്നതോടെ പരിശീലന രംഗം വിട്ടു.

വനിതകളുടെ കായിക രംഗത്തെ നേട്ടം അംഗീകരിക്കാൻ ആരും തയ്യാറാകാതിരുന്ന കാലത്ത് പിതാവ് ഒഴികെ വീട്ടിൽ എല്ലാവരും മുഖം കറുപ്പിച്ചപ്പോഴും വെല്ലുവിളികളെ സധൈര്യം നേരിട്ട വ്യക്തിയായിരുന്നു ടീച്ചർ. തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ പി. ടി. ഉഷയും ഷൈനി വിൽസണും മറ്റും ഓടിയ പാതിയിൽ പ്രതികൂല സാഹചര്യങ്ങളിൽ സ്പൈക്സ് പോലുമില്ലാതെ മൺ ട്രാക്കിൽ ഓടിയ ടീച്ചറിന്റെ മഹത്വം അവരോടൊപ്പം തന്നെ ഉയർന്നു നില്ക്കുന്നുവെന്ന് എത്ര പേരറിഞ്ഞു. ആ മഹത്വമറിയാത്തവരുടെ മനസ്സിൽ എന്നെന്നും ഓർമ്മകളായി സിസിലിയാമ്മ ടീച്ചർ ഉണ്ടായിരിക്കും.......... തീർച്ച

പ്രതീഷ് എബ്രാഹം
മൂന്നാം വർഷ ആംഗലേയ സാഹിത്യം

BEST WISHES FROM:
MARANGATTUPILLY SERVICE CO-OPERATIVE BANK LTD
REGNO: 3556 MARANGATTUPILLY PH: 251040

*BEST COMPLIMENTS FROM:*
FEATHER TOUCH OXIDES PVT.LTD.
COCHIN PH: 360759, 371456,374890

*ബാബു സാറിന്റെ സ്മരണയ്ക്കു മുൻപിൽ സാദരം സമർപ്പിക്കുന്നു.*

# പൊൻതാരം.

Soncy Paul

IDC Phy.

താരങ്ങൾ കൺചിമ്മും നിലാവിൻ വനികയിൽ
ആകാശകോട്ടകൾ കെട്ടുമിടനാഴിയിൽ
മിന്നുന്ന ഒരു പൊൻതാരകം നോക്കി
ഇരിപ്പൂ ഞാനെന്റെ സ്വപ്നമാം വാടിയിൽ
കുളിർമ്മയോടൊഴുകുന്ന ഒരു മന്ദമാരുതൻ
അരികിലാണഞ്ഞെന്നോടു ചൊല്ലവേ....
ആ മൃദു വാക്കുകൾ കേട്ടു ഞാൻ പുളകമായ്
"അറിയുമോ ഉണ്ണി ഈ പൊൻതാരത്തെ"
ഓർക്കുന്നു ഞാൻ എന്നുള്ളിലെവിടെയോ
മൃദുവായ് വിതുമ്പുന്ന ആ ദുഃഖ സ്വപ്നത്തെ
ഒരു മിന്നലായ് എന്നിലെരിയുന്നു ആ സ്വപ്നം
മറക്കുവാൻ ശ്രമിപ്പൂ ഞാനാ ദുഃഖത്തിൻ തേങ്ങലുകൾ
ജീവിത ചക്രം തിരിയുമ്പോളെപ്പഴോ
അരുളിടുന്നു ആത്മാർത്ഥ സുഹൃദ്ബന്ധം
ജീവിത ചക്രങ്ങൾ നീളുന്ന ഈ ധരയിൽ
കാലത്തിൻ വിരലുകൾ താളം ചവിട്ടുന്നു
ഒരിക്കലാമിഴികൾ എന്നോട് മന്ത്രിച്ചു
നാഥൻ വിളിക്കുന്നു പോകുവാൻ സമയമായ്
വിതുമ്പുന്ന ചുണ്ടുകളിലെവിടെയോ അലസമായ്
ആത്മാവിൻ തേങ്ങലുകൾ ഉടക്കി നിന്നിടവേ.......
ചിറകറ്റു വീഴുന്നു മോഹന സ്വപ്നങ്ങൾ
പറന്നുയർന്നീടുന്നു ആത്മാവിൻ ചേതന
ചിറപൊട്ടി ഒഴുകുന്ന മൗനമാം തേങ്ങലുകൾ
അശ്രുകണങ്ങളായ് നിലം പതിച്ചീടവേ........
ഓർമ്മയിൽ മറയുന്നു ആ കാലയവനിക
ആ ദുഃഖ സ്മൃതിയിൽ നിന്നെന്നെ
ഉണർത്തിക്കൊണ്ടാ മന്ദമാരുതൻ എന്നോടു മന്ത്രിച്ചു
"മറക്കുമോ ഉണ്ണി നീ ആ പൊൻതാരത്തെ"
എന്തോ പുലമ്പുവാൻ വെമ്പുന്ന എൻ മനസ്സിൽ
വാക്കുകൾ കണ്ണീർകണങ്ങളായ് കൊഴിയവേ
തെന്നലിൻ രൂപത്തിൽ വന്നൊരാ ആത്മാവ്
മൗനമായ് യാത്ര ചോദിച്ചു മടങ്ങുന്നു
നീറുന്ന ചിന്തയാൽ ഉരുകുന്ന എന്നുള്ളിൽ
എന്നുടെ ആത്മാവ് എന്നോടു ചോദിച്ചു
"മറന്നു പോയീടുമോ" ഈ ബാബു സാറിനെ
മറക്കാൻ കഴിയില്ല എനിക്കീ ജന്മത്തിൽ
മറക്കാൻ കഴിയുമോ ഈ 'ദേവമാതയ്ക്കും.'




*With best compliments from:-*

**AISWARYA AGENCIES**

Wholesale and Retail dealers in
wall tiles, floor tiles &sanitary wares
Near police station
Kuravilangad, Kottayam Dist, Kerala-686633

Phone: shop-231483(pp) 643716 (R)

# പ്രണയമങ്ങനെ....

പ്രണയമങ്ങനെ ജനിക്കുന്നു മനസ്സിൽ
പ്രണയമങ്ങനെ ആത്മാവിനെ ഗ്രസിക്കുന്നു
പ്രണയമങ്ങനെ മനസ്സിനു സുഖം നല്കുന്നു
പ്രണയമങ്ങനെ വേർപാടു നൽകുന്നു.
പ്രണയമങ്ങനെ കാത്തിരിപ്പു നൽകുന്നു
പ്രണയമങ്ങനെ പരിഭവം പറയുന്നു
പ്രണയമങ്ങനെ സാന്ത്വനം നൽകുന്നു
പ്രണയമങ്ങനെ വീണ്ടും പുഞ്ചിരിക്കുന്നു.
പ്രണയമങ്ങനെ വീണ്ടും വളരുന്നു
പ്രണയമങ്ങനെ വീണ്ടും ഒന്നാകുന്നു
പ്രണയമങ്ങനെ മലകൾ കയറുന്നു
പ്രണയമങ്ങനെ സമുദ്രങ്ങൾ താണ്ടുന്നു.
പ്രണയമങ്ങനെ പങ്കിടുന്നു തമ്മിൽ
പ്രണയമങ്ങനെ ആഴങ്ങൾ തേടുന്നു
പ്രണയമങ്ങനെ ജീവനെ അറിയുന്നു
പ്രണയമങ്ങനെ പഴിചാരുന്നു തമ്മിൽ
പ്രണയമങ്ങനെ വിരസത സൃഷ്ടിക്കുന്നു
പ്രണയമങ്ങനെ കോപം വിതറുന്നു
പ്രണയമങ്ങനെ പ്രണയത്തെ മറക്കുന്നു
പ്രണയമങ്ങനെ ആത്മാവിനെ മറക്കുന്നു
പ്രണയമങ്ങനെ പ്രണയമല്ലാതാകുന്നു
പ്രണയമങ്ങനെ മുഖം തിരിക്കുന്നു തമ്മിൽ
പ്രണയമങ്ങനെ മരണത്തെ സ്നേഹിക്കുന്നു
പ്രണയമങ്ങനെ മരണത്തെ ..........??



സൈജു ജേക്കബ്
മൂന്നാം വർഷ ഇംഗ്ലീഷ്.

**SPRINT**
**Computer Education**
*Get Set, for success*

GLOBAL SOFTWARE ENGINEERING *with* LIVE INTERNATIONAL PROJECTS

AND
INTGRSHIP PROGRAMMS

100% Placement for all successful candidates

1st floor,KMC XVII/356,Agricultural and Rural Development Bank Building ,
Post office Road, Kottayam-1 Ph: 303731
email : sprintktm@onebox.com

ആശംസകൾ !!!
**ഇംബാല**
മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
കോഴാ - കുറവിലങ്ങാട്.
അംബാസിഡർ, ജീപ്പ് എന്നിവയിൽ വനിതകൾക്കും, പുരുഷന്മാർക്കും സൗകര്യാർത്ഥം കുറഞ്ഞ ഫീസിൽ മെച്ചപ്പെട്ട പരിശീലനം നല്കുന്നു.
ഫോൺ 231567.

*Best compliments from:-*
**PARIYANICKAL JEWELLERS**
**KURAVILANGAD**
**PH : 230354**

# മോക്ഷത്തിന്റെ വാതിൽ



Sophy Mathew II DC (Bot)

അർക്കരശ്മികൾ ഉച്ചിയിലെത്തി. തന്റെ നരച്ച വസ്ത്രം വിയർപ്പിൽ കുതിർന്നതവനറിഞ്ഞില്ല ഉഷ്ണക്കാറ്റ് ആ മുണ്ടിൻ കോന്തലയെ ഒരു നിമിഷം പിന്നിലേക്ക് പറത്തിയോ. അട്ടതേ, അവൻ നടക്കുകയായിരുന്നു ആനഗ്നപാദങ്ങൾചുട്ടുപഴുത്ത എത്രയോ പാതകൾ പിന്നിട്ടു. മിഴികളിലെ അഗ്നിസ്ഫുലിംഗങ്ങളും, മസ്തിഷ്കത്തിലെ വേലിയേറ്റവും ആ നീളമേറിയ കാലുകൾക്ക് ബലമേകി. എണ്ണമയം വറ്റിയ മുടിയിഴകൾ പ്രതിഷേധ സൂചകമായി പാറിപ്പറന്നു. പക്ഷേ, ശ്മശ്രുക്കൾ നിറഞ്ഞ മുഖത്ത് നിശ്ചയദാർഢ്യം സ്ഫുരിച്ചിരുന്നു. വേർതിരിക്കാനാവാത്ത വികാരവിചാരങ്ങൾ ചിന്താശകലങ്ങൾക്ക്മാറ്റുകൂട്ടുമ്പോൾ സ്വപ്നസൗധത്തിന്റെ ഔന്നത്യത്തിലേക്ക് പറക്കവേ യാഥാർത്ഥ്യത്തിന്റെ മുഖം ആഹൃദയത്തെ കീറിമുറിച്ചു. കൈമോശം വന്ന പട്ടത്തിനായി വെമ്പൽ കൊള്ളുന്ന കുഞ്ഞിനെപ്പോലെ അവന്റെ മനസ്സ് ഉദ്വിഗ്നചിത്ത ഹൃദയനായി മുഖം തിരിക്കവേ, പിന്നിലെ തളർന്ന ശബ്ദം കാലുകൾക്ക് ബലക്ഷയമേകിയോ?........ നിസ്സഹായതയുടെ ചുഴിയിലകപ്പെട്ടിട്ടും പ്രതീക്ഷയുടെ നാമ്പുകൾ മൊട്ടിട്ടു നിൽക്കുന്ന ആ നേത്രങ്ങളിലേക്ക് അവന്റെ തീക്ഷ്ണ നയനങ്ങൾ ആഴ്ന്നിറങ്ങി, മറ്റേതോ തിരയുന്നതിനെന്ന പോലെ. പക്ഷേ, അവിടെ പ്രതീക്ഷയുടെ തിളക്കവും, നിസ്സഹായതയുടെ മങ്ങലും ഒരേ നിമിഷം ദർശിച്ച അവന്റെ മിഴികൾ അറിയാതെ ആ നരച്ച തലമുടിയിലും, വിളറിയ മുഖത്തും, മുഷിഞ്ഞ വസ്ത്രങ്ങളിലുമെല്ലാം പാറിപ്പറന്നു. പഴുപഴുത്തകുപ്പായത്തിന്റെ കീശയിലേക്ക് കൈകൾ കടത്തി, അവിടെ ആർക്കോ വേണ്ടി കാത്തു കിടന്നതുപോലെ, അവസാനത്തെ ഒരേ ഒരു നാണയം ആത്മനിന്ദയോടെ ആ കൈകളിലേക്ക് നല്കിയപ്പോൾ ആ തളർന്ന നേത്രങ്ങളിൽ കടപ്പാടിന്റെ, സ്നേഹത്തിന്റെ സ്ഫുലിംഗങ്ങളും അവൻ കണ്ടു. പ്രാഞ്ചി പ്രാഞ്ചി നടന്നു നീങ്ങുന്ന ആ രൂപത്തെ നോക്കി നിൽക്കെ ആവന്റെ കറുത്ത ചുണ്ടുകൾക്കിടയിൽ വേദനാനിർഭരമായൊരു മന്ദസ്മിതം മിന്നിമറഞ്ഞു. ഒപ്പം കലങ്ങിയ കണ്ണുകൾ ഒന്നു കൂടി ഇടുങ്ങി. അവന്റെ ഹൃദയം തകർന്ന ദർപ്പണത്തിലെ പ്രതിബിംബം പോലെ വികൃതമായിരുന്നു. പാഞ്ഞ് ചെന്ന് ആ മെലിഞ്ഞ കൈകളെ സ്വന്തം മാറോട് ചേർക്കുവാനും സുരക്ഷിതത്തിന്റെ മതിൽക്കെട്ട് നിർമ്മിക്കുവാനും തോന്നി. അപ്പോഴും നിസ്സഹായത അവന്റെ ശിരസ്സിനെ നിവർന്നുനിൽക്കുവാൻ അനുവദിച്ചില്ല. ഉള്ളിലെ വിഭ്രാന്തി കാലുകൾക്ക് ഭ്രാന്തമായ ആവേശം പകർന്നു വെയിൽ ചാഞ്ഞു തുടങ്ങി. ഇടുങ്ങിയ തെരുവോരങ്ങളിൽ പരിചിതമായ സ്വരം അവൻ കേട്ടു. ഭൂമി ഒരു നിമിഷം കീഴ്മേൽ മറിയുന്നതായവൻ മനസ്സിലാക്കി. ദുർഗന്ധം വമിക്കുന്ന പാതയിൽ സംതൃപ്തിയുടെ മാധുര്യം അനുഭവിക്കുന്ന മെല്ലിച്ച രൂപങ്ങൾ! ഉള്ളിലെവിടെയോ ഒരു നേർത്തവിള്ളൽ സമ്മാനിച്ചു. വീണ്ടും വീണ്ടും ആ മുഖത്ത് മിഴികളൂന്നി. എങ്കിലുമാമുഖത്ത് താൻ തിരയുന്നത് കാണുവാൻ അവന് സാധിച്ചില്ല. മാതാവിന്റെ ഉദരത്തിലെ ചെറിയ അറയിലേക്ക് മടങ്ങുവാൻ ആർത്തിയോടെ ആഗ്രഹിക്കവേ, ഒരു നിമിഷം ആ ശുഷ്കിച്ച കൈകൾ തന്റെ മുടിയിഴകളെ തഴുകുന്നതായവനറിഞ്ഞു. സാന്ത്വനത്തിന്റെ മലരുകളാൽ അഭിഷിക്തനായ നിമിഷങ്ങൾ ആ ഹൃദയത്തെ പുളകിതമാക്കി. ഒപ്പം തന്നെ ആ സ്മരണകൾ കൺകോണുകൾ ഒരുതുള്ളി ജലത്തിന് ജന്മമേകി. ബോധമണ്ഡലത്തിലേക്ക് പ്രകാശരശ്മികൾ അരിച്ചിറങ്ങവേ, അവൻ പകച്ചു. തുളുമ്പാൻ വെമ്പൽ കൊണ്ട അശ്രുകണം ഉത്ഭവസ്ഥാനത്തുതന്നെ വറ്റുകയായിരുന്നുവോ? ഹൃദയത്തിന്റെ മുറിവിൽ നിന്നും മോചിതനാകാൻ ശ്രമിച്ചിട്ടും കുറ്റൻ ചങ്ങലകൾ തന്നിൽ മുറുകുന്നുവെന്ന സത്യം അവനെ ഞെട്ടിച്ചു. ഈറ്റുനോവിന്റെ നൊമ്പരം പോലെയവൻ പിടഞ്ഞു. ഇല്ല, അടിപതറുകയില്ല. നിശ്ചയദാർഢ്യം വീണ്ടുമാ മുഖത്തിന് പ്രകാശമേകി. അങ്ങകലെ പകലോന്റെ വിടചൊല്ലിക്കൽ നീലക്കടലിന് ചെഞ്ചായം സമ്മാനിക്കവേ വൈകിയല്ലോ എന്ന് മനസ്സിനെ ശാസിച്ചു. മാത്രമല്ല ലക്ഷ്യസ്ഥാനത്തേക്ക് കുതിച്ചു. പൂഴിമണലിൽ പാദങ്ങൾ പുതയവേ അവനാവേശത്തോടെ പാഞ്ഞു. അവിടെയാ ചെമ്പട്ടിന്റെ മടിത്തട്ടിൽ തനിക്കായി ആ ശുഷ്കിച്ച കൈവിരലുകൾ കാത്തുനിന്നു. അസ്വസ്ഥതയോടെ തിരമാലകളുടെ മാസ്മരികത മാടിവിളിച്ചപ്പോൾ പാദങ്ങൾ പുളകമണിയുന്നതവനറിഞ്ഞു അനന്തതയിലേക്ക് ഊളിയിടവേ ജീവരക്തം അശ്രുകണമായി പ്രവഹിച്ച് ആ കൈവിരലുകളെ തഴുകി നീലജലത്തിന് ഉപ്പിന്റെ അംശമേറ്റിയോ? എന്നിട്ടുമവൻ പിന്തിരിഞ്ഞില്ല. അപ്പോഴുമാ ഹൃദയം മന്ത്രിക്കുകയായിരുന്നു മാപ്പ് ..... മാപ്പ്.


ആശംസകൾ

മാഞ്ഞൂർ ക്ഷീരവ്യവസായ സഹകരണ സംഘം

ക്ലിപ്തം.നമ്പർ കെ 29 (ഡി) മാഞ്ഞൂർ പി.ഒ.

ഹെഡ് ഓഫീസ് - കുറുപ്പന്തറ കവല ph:642312

മാഞ്ഞൂർ മിൽക്ക് പായ്ക്കന്റ് പാൽ ഏതു സമയത്തും ലഭിക്കുന്നു

പ്രസിഡന്റ് — വി. എ. അലക്സ്, തെക്കേക്കര

സെക്രട്ടറി — എം. വി. ജോസഫ്, മഞ്ഞക്കാലായിൽ

ആശംസകൾ

മാറ്റിലും തൂക്കത്തിലും വിശ്വാസ്യതയാർജ്ജിച്ച

22Ct.(91.6) സ്വർണ്ണം, വെള്ളി ആഭരണങ്ങളുടെ

കമനീയ കലവറ

# മൂഴയിൽ ജൂവലറി

മെയിൻ റോഡ്
പാലാ
Ph. 212498

A.P. Road
അതിരമ്പുഴ
Ph. 536273

Resi.212748

**N.B.** ഞങ്ങളോടു വാങ്ങുന്ന സ്വർണ്ണം എപ്പോൾ തിരികെ തന്നാലും അന്നുള്ള വിലയിൽ 5% കുറച്ച് തിരികെ വാങ്ങുന്നതാണ്.



# കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം No. 1049.

## H.O. കുറവിലങ്ങാട്.

ബ്രാഞ്ചുകൾ - 1) കുറവിലങ്ങാട്, 2) നസ്രത്തുഹിൽ 3) കുര്യം

ഫോൺ 230347 230627 230502.

| | |
|---|---|
| അംഗങ്ങൾ | 11376 |
| ഓഹരി മൂലധനം | 41 ലക്ഷം |
| നിക്ഷേപങ്ങൾ | 990 |
| നില്പു വായ്പകൾ | 515 |
| പ്രവർത്തന മൂലധനം | 1085 |

അതുല്യ നിക്ഷേപം
72 മാസം കൊണ്ട് നിക്ഷേപത്തുക ഇരട്ടിയാകുന്നു.

സുമംഗലി ഡിപ്പോസിറ്റ്
216 മാസം കൊണ്ട് നിക്ഷേപത്തുക ഇരട്ടിയിൽ അധികരിക്കുന്നു.

ചാക്കോ വർക്കി, വടക്കേടത്ത്
(പ്രസിഡന്റ്)

എം. റ്റി. തോമസ് പഞ്ഞാക്കീൽ
(സെക്രട്ടറി)

## ഒറീസയ്ക്കൊരു സ്മരണാഞ്ജലി

ഹേ ഒറീസ കേഴുന്നെൻ മനവും നിനക്കായ്
കണ്ടു കൊതി തീർന്നില്ല നിൻ സുന്ദരാംഗണം
കേട്ടു കൊതിതീർന്നില്ല നിൻ വീരഗാഥകൾ
മുന്നേ പോയ്മറഞ്ഞതെന്തേ നീ
നിൻ മക്കൾ തൻ സ്വപ്നങ്ങളെ തനിച്ചാക്കി
കലർപ്പില്ലാതെ സ്നേഹിച്ചവരല്ലേ നിൻ മക്കൾ
പക്ഷേ എവിടെയാണവർക്ക് തെറ്റിയത്
നിൻ കണ്ണിൽ തിളക്കം മാറി മൂടൽ നിറഞ്ഞിരിക്കുന്നുവോ
കുസൃതി നിറഞ്ഞ നിന്നധരങ്ങളിൽ തേങ്ങലുയരുന്നുവോ
ഞാനറിയുന്നു നിൻ വ്യഥയുടെ ഭാരം
ഒരമ്മയ്ക്കു താങ്ങാവുന്നതിലുമധികം
ചുട്ടെരിച്ച ആത്മാക്കൾ തൻ രോദനമോ
അതോയിത് നിഷ്കളങ്ക രക്തത്തിൻ നിലവിളിയോ
പതുക്കെ നിൻ ചാരത്തെത്തി യവളലറിക്കരഞ്ഞു
നിനക്കറിയാമായിരുന്നുവോ യവൾ നിൻ സർവ്വനാശിനിയെന്ന്
താണ്ഡവമാടിയവളൊരു ഭീകര സത്വം കണക്കെ
തച്ചുടച്ചു നിൻ മേനിയാകെയൊരു നാമ്പുപോലും ശേഷിക്കാതെ
ചിരിച്ചുകൊണ്ടട്ടഹാസമാടിയവൾ നിൻ കുരുന്നുകളെ
വലിച്ചെറിഞ്ഞവൾ നിൻ മക്കളെ തെരുവോരങ്ങളിൽ
നിൻ ഗാത്രമാകെ മണലിഞ്ഞമരുമ്പോഴും
നിൻ മക്കൾ തൻ വിതുമ്പൽ നിൻ ഹൃദയത്തിലൊരു നീറ്റലായ്
താണ്ഡവമടങ്ങിയപ്പോളവൾ നീയൊരു ചുടലപ്പറമ്പായ്
നിൻ മക്കൾ തൻ അന്ത്യവിശ്രമ ശ്മശാനഭൂമി
ഭിക്ഷാംദേഹികളായ് നിൻ മക്കൾ അലയുമ്പോൾ
ഞാനറിയുന്നു നിൻ ഇടനെഞ്ചിന്റെ നോവ്.

**Thomas George**
II DC Maths.


# THE KADUTHURUTHY CO-OPERATIVE RUBBER MARKETTNG & PROCESSING SOCIETY LTD

REG. NO.1397 KADUTHURUTHY

PHONE : 682245

( A PIONEER CO-OPERATIVE BUSINESS CONCERN IN VAIKOM TALUK)

WE DEAL WITH PLC,EBC,AMMONIATED LATEX,SHEET RUBBER AND CREAMED LATEX

WE SUPPLY ALL SORTS OF ESTATE REQUIREMENTS

WE ARRANGE DESINFESTATION MEASURES AND RAIN GUARDING MEASURES.

ACCEPT DEPOSIT ON ATTRACTIVE INTEREST RATE

P.M MATHEW Ex-MLA
(President)

P.D JOSEPH
(Deputy Registrar/Managing Director)


The Seven Colours
Millennium Fest

Jincy Abraham I PDC. III Batch.

# കരുണയുടെ മാലാഖ

"ദി എയ്ഞ്ചൽ ഓഫ് മേഴ്സി" അതെ അവർ തന്നെ – മദർ തെരേസ! പാവങ്ങളുടെ അമ്മ ! യേശുദേവന്റെ നിർമ്മലയായ മണവാട്ടി!



1910 - ഓഗസ്റ്റ് 27 ഷ്ണത്തിൽ ആഗ്നസ് എന്ന കൊച്ചു പൂർത്തിയാക്കി 1928-ൽ ലൊറേറ്റോ സന്യാസ സമൂഹത്തിൽ വച്ച് തന്റെ 1946 -ൽ സി വഴിത്തിരിവുണ്ടായി. വാർഷിക പോകുമ്പോൾ ട്രെയിനിൽ വച്ചു തെരുവുകളിലേയ്ക്ക് കടന്നു മനസ്സിലായി. ഉന്നത നേടിയെടുത്തു. അവർ മഠം വിട്ട് നീല ബോർഡർ ഉള്ള വെള്ള സാരി - അറിയത്തക്ക വിധം അവർ മാസം താമസിച്ച് ഇതിനിടെ ഇന്ത്യൻ പൗരത്വം നേടി നേരത്തെ ആഹാരം കിട്ടാതെ ചോരക്കുഞ്ഞുങ്ങൾ ശരീരം രോഗം ബാധിച്ച് വഴിവക്കിൽ

യൂഗോസ്ലാവ്യയിൽപ്പെട്ട സ്കോപ് യ ബാലിക ജനിച്ചു. വിദ്യാഭ്യാസം സന്യാസ സമൂഹത്തിൽ ചേർന്നു. 1931 -ൽ പ്രഥമ വ്രത വാഗ്ദാനം നടത്തി. തെരേസയുടെ ജീവിതത്തിൽ മറ്റൊരു പ്രധാന ധ്യാനത്തിന് ഡാർജിലിംഗിലേയ്ക്ക് കിട്ടിയ ആ ഉൾവിളി കൽക്കട്ടയിലെ ചെല്ലുവാനുള്ളതാണെന്നു അവർക്കു അധികാരികളുടെ അനുവാദവും അവർ തോട്ടിപ്പണിക്കാരായ സ്ത്രീകളുടെ വേഷം - ധരിച്ച മദർ തെരേസ ഇന്ന് ലോകം ലൗകികതയെ വെറുത്തു. പാറ്റ്നയിൽ മൂന്നു വൈദ്യശുശ്രൂഷയിൽ പരിശീലനം നേടി. വീണ്ടും കൽക്കത്തയിലേയ്ക്ക്... ഒരു വിഷമിക്കുന്ന വൃദ്ധൻമാർ, നിത്യരോഗികൾ, വിലക്കെണി വന്ന് അവസാനം മാരകമായ വീണുപുഴുത്തുമരിക്കുന്ന സ്ത്രീകൾ മരണാസന്നരായ നിരാലംബർ- കൽക്കത്തയിലെ ഈ നരകജീവിതം മദറിൽ വളരെയധികം മുറിപ്പാടുകൾ ഉണ്ടാക്കി. സമൂഹം പുറന്തള്ളിയ അഗതിപെൺകുട്ടികളെ ചേർത്തുകൊണ്ട് നിരാലംബർക്കുള്ള അഭയകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. 1952 -ൽ കൽക്കട്ട നഗരസഭ ഒരു ധർമ്മശാല തെരേസയ്ക്ക് നല്കി. പിന്നീട് "നിർമ്മൽ ഹൃദയ്" എന്ന പേരിൽ ഈ ഭവനം അറിയപ്പെട്ടു. ഈ ഭവനത്തിൽ നിന്നും ആരോഗ്യം കിട്ടിയവരെ പുനരധിവസിപ്പിക്കാൻ "പ്രേംദാൻ" എന്ന ഭവനം രൂപം കൊണ്ടു. ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുവാൻ "നിർമ്മൽ ഭവനം" സമൂഹം അവഗണിക്കപ്പെട്ട കുഷ്ഠരോഗികളെ പുനരധിവസിപ്പിക്കാൻ "ശാന്തിനഗറും" പിന്നീട് പ്രവർത്തനം ആരംഭിച്ചു. 1948 ൽ ചേരിപ്രദേശത്ത് ഒരു വിദ്യാലയം തുറന്നു. 1950 ൽ "ഉപവിയുടെ സഹോദരിമാർ" എന്ന സന്യാസിനി സമൂഹം ആരംഭിച്ചു. 1971 ൽ പോപ്പ് ജോൺ 23 -ാമൻ സമാധാന സമ്മാനം നല്കി അവരെ ബഹുമാനിച്ചു. 1972, 73, 75, 79, 80, 83 എന്നീ വർഷങ്ങളിൽ നിരവധി പുരസ്കാരങ്ങൾ ജീവിക്കുന്ന വിശുദ്ധയെ തേടിയെത്തി.

മദറിനെ കാണുമ്പോൾ യേശുവിനെ ദർശിക്കുന്ന മദർ ഈ നൂറ്റാണ്ടിന്റെ സ്നേഹത്തിന്റെ ഇതിഹാസമാണ്. അവർ അശരണരുടെ മാലാഖയായും ഓടയിലെ സ്നേഹദൂതയായും വാഴ്ത്തപ്പെട്ടു. പാപികളെ ഓർത്ത് എപ്പോഴും വ്യാകുലമായിരുന്നു ആ മനസ്സ്. അരപ്പട്ടയിൽ കോർത്തിട്ടിരിക്കുന്ന പരി. കന്യകയുടെ ജപമാലയിൽ വിറയാർന്ന തന്റെ വിരൽകൊണ്ട് തലോടി ക്രൂശിതരൂപത്തെ കൂടെ കൂടെ ചുംബിച്ച് അമ്മ മണിക്കൂറുകൾ ദൈവവുമായി സംഭാഷണത്തിൽ ഏർപ്പെടുന്നു.

"സ്നേഹം ആർക്കും സ്വായത്തമാക്കാം. പ്രാർത്ഥന, സ്നേഹം, ത്യാഗം, ധ്യാനം എന്നിവയിലൂടെ ദൈവസ്നേഹം മനുഷ്യ ഹൃദയങ്ങളിലേയ്ക്ക് ഇറങ്ങി വരികയാണ്. ദൈവസ്നേഹത്താൽ പ്രകാശിത പൂർണ്ണമായ ഒരു ഹൃദയത്തിനേ സഹജീവികളെ സ്നേഹിക്കുവാൻ കഴിയൂ" വാർദ്ധക്യത്തിന്റെ വടിവുകൾ തൊട്ടറിഞ്ഞിരിക്കുന്ന ആ മുഖത്ത് നിലാവു പോലെ നിശബ്ദവും സമ്മോഹനവുമായ പുഞ്ചിരി തെളിഞ്ഞിരുന്നു. അവരുടെ കണ്ണുകളിൽ അനുകമ്പ കളിയാടിയിരുന്നു.

1997 സെപ്റ്റംബർ 5 ന് മദർ ദിവംഗതയായി. തന്റെ പ്രവർത്തന രംഗത്ത് വൻ വിജയം വരിച്ച അവരെ മാർപ്പാപ്പ പൂമാലയിട്ട് ആദരിച്ചപ്പോൾ യേശുദേവന്റെ മണവാട്ടി തന്റെ നാമത്തെ എല്ലാവരും സ്മരിക്കുമെന്ന് നിനച്ചിട്ടുണ്ടാവുകയില്ല. എല്ലാവിധ ലൗകീക സുഖങ്ങളെയും പരിത്യജിച്ച് ക്രൂശിതരൂപത്തെ ചുംബിക്കുമ്പോൾ അവർ കാണുന്നത് അനാഥ കുഞ്ഞുങ്ങളെയാണ്. അവരെ കാണുമ്പോൾ മദറിന്റെ മനസ്സിൽ മാതൃത്വത്തിന്റെ നറുപാൽ നിറയുകയായി. ഒരു കാര്യം തീർത്തുപറയട്ടെ അവർ കാരുണ്യത്തിന്റെ മാതൃത്വം തന്നെ. മദറിന്റെ ജീവിത മാതൃക നമ്മുടെ വഴികളിൽ വഴിവിളക്കായി തീരട്ടെ. കാരുണ്യം നിറഞ്ഞ ആ നല്ല ഹൃദയത്തിന്റെ വി. പദവിലേക്കുള്ള ആരോഹണത്തിന് നമുക്ക് കാതോർക്കാം.

*Best wishes from:*

**SUSRUSHA HOSPITAL**

**KURAVILANGAD & KOZHA**

PH : 230317

ഗൃഹോപകരണ സമ്പാദ്യ പദ്ധതി

ഉടൻ അംഗമായി ചേരുക 20, 50, 100 തവണകളായി

വാച്ച്ക്ലോക്ക്, T.V., ടേപ്പ്റിക്കോർഡർ, V.C.P., TAPE V.C.D.C.D. SYSTEM, DECK, CAR STERIOSYSTEM, SYSTEM, WALKMAN, അലമാര, ഫോം ബെഡ്, ഫാൻ, റേഡിയോ, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, VACCUM CLEANER, മിക്സി, GRINDER, സോഡാമേക്കർ, PRESSURE COOKER, തയ്യൽ മെഷീൻ, DISH ANTENNA, ഫോൺ, EMERGENCY LIGHT, RE-TORCH, വീഡിയോ ഗെയിം, ഇലക്ട്രിക് അയൺ, STABILIZER, BOOSTER, ANTENNA, കാൽകുലേറ്റർ, T.V. STAND, KEROSENE STOVE, GAS STOVE, OVEN.

തകടിയേൽ ഷോപ്പ് A/C

മെയിൻ റോഡ്- പാല. Ph: 214335

മിതമായ നിരക്കിൽ

**സർജ്ജ്**

Hair Dressing

പള്ളിക്കവല

കുറവിലങ്ങാട്

SPECIALITIES

Shahanaz Facial
Shahanaz Bleaching
Herbal Facial
Synthetic Facial
Vegetable Peeling
Henna Treatment
Dye
Dand Druff Treatment
Hot Oil Treatment

*BEST WISHES FROM-:*

**K.N.G.BROTHERS**

**BROADWAY,ERNAKULAM**

**KOCHI-682031**

# കലാഭവൻ മണിയുമായുള്ള അഭിമുഖം



...ലുണ്ടായിരുന്ന കലാപരമായ കഴിവുകളെ സ്വന്തം പ്രയത്നത്തിലൂടെ ഊതിക്കാച്ചി പൊന്നാക്കി മാറ്റിയ ചാലക്കുടിക്കാരൻ കലാഭവൻ മണി ദേവമാതായ്ക്ക് വേണ്ടി കുറേ സമയം വിനിയോഗിക്കുവാൻ തയ്യാറായി. ഗൗരവമായ ഒരു അഭിമുഖത്തിനല്ല മണി തയ്യാറായത് മറിച്ച് ഒരു സൊറപറച്ചിൽ അത്രമാത്രം.

? 'ചാലക്കുടി മണി' എന്നറിയപ്പെട്ടിരുന്ന മണിച്ചേട്ടൻ എങ്ങനെ 'കലാഭവൻ മണിയായി'

□ കലാഭവനിൽ ചേർന്ന് അധികം താമസിയാതെ ഞാൻ കലാഭവൻ മണിയായി മാറി.

? മിമിക്രിയിൽ മണിച്ചേട്ടന്റെ സ്വന്തം ഐറ്റം എന്നു പറയുന്നവ ഏതൊക്കെയാണ്

□ കുരങ്ങായി സ്റ്റേജിൽ നടക്കുക, വെള്ളമടിച്ച് ഓഡിയൻസിനിടയിൽ നിന്നും വരുക, ജുറാസിക് പാർക്ക്, പതിനാറുപാട്ടുകൾ നിർത്താതെ ചെയിനായി അവതരിപ്പിക്കുക.... ഇതൊക്കെ എന്റെ മാത്രം ഇനങ്ങളാണ്

? ഇവയൊക്കെ പരിശീലിച്ചത് എവിടെവച്ചാണ്.

□ വീട്ടിൽ വച്ച് 16 പാട്ട് ചെയിനായി പാടി പരിശീലിച്ചപ്പോഴൊക്കെ എന്റെ അമ്മ എന്നെ വഴക്കു പറഞ്ഞിട്ടുണ്ട്. നിനക്ക് ഭ്രാന്താണോ എന്നു ചോദിച്ചിട്ടുണ്ട്.

? അച്ഛൻ ഒരു കലാകാരനാണെന്നു കേട്ടിട്ടുണ്ട്. അച്ഛന്റെ പിന്തുണയുണ്ടായിരുന്നോ.

□ അച്ഛനൊരു പാവമാണ്. അതിലുപരി നല്ലൊരു കലാകാരനും, രസികനുമാണ്. അമ്മ വഴക്കുപറയുമ്പോഴും അച്ഛൻ സപ്പോർട്ടു ചെയ്യും. അച്ഛനെ കഥാപാത്രമാക്കി ഞാൻ ധാരാളം മിമിക്രി അവതരിപ്പിച്ചിട്ടുണ്ട്.

? കലാഭവനിലെ ജീവിതവും കലാഭവൻ എന്ന ലേബലും താങ്കളെ സിനിമയിലേക്ക് വരാൻ സഹായിച്ച ഘടകമല്ലേ. കലാഭവന്റെ വാലായിട്ടാ കലാഭവൻ എന്ന വാക്ക് എപ്പോഴും കൊണ്ടുനടക്കുന്നേ,

□ പിന്നല്ലേ!, അതോണ്ടല്ലേ ഞാൻ എന്റെ പേരിനൊപ്പം കലാഭവൻ എന്ന വാക്ക് എപ്പോഴും കൊണ്ടുനടക്കുന്നേ, കലാഭവന്റെ വാലായിട്ടാ എന്റെ പേര്. എന്റെ സ്വന്തം പേരിന് കൊടുക്കുന്നതിൽ കൂടുതൽ പ്രാധാന്യം ഞാൻ കലാഭവനു കൊടുക്കുന്നുമുണ്ടല്ലോ.

? മണിച്ചേട്ടന്റെ ആദ്യ ചിത്രം.

□ എന്റെ ആദ്യചിത്രം സമുദായമാണ്. ഓടിയില്ലെന്നു മാത്രം. പിന്നെ സല്ലാപത്തിലെ ചെത്തുകാരന്റെ വേഷം. പിന്നെയവിടുന്നൊരു വച്ചടി കയറ്റമായിരുന്നു.

? മണിച്ചേട്ടന്റെ പേരിൽ ഒത്തിരി കാസെറ്റുകൾ ഇറങ്ങുന്നുണ്ടല്ലോ. അതിൽ എത്രയെണ്ണത്തിന്റെ കാര്യത്തിൽ മണിച്ചേട്ടന് മനസ്സറിവുണ്ട്

□ അതൊരു രസമാണേ. ഞാൻ ആകെയിറക്കിയിട്ടുള്ളതുള്ള് വളരെക്കുറച്ച് കാസെറ്റ് മാത്രമാണ്. പക്ഷേ അഞ്ഞൂറ് കാസെറ്റെങ്കിലും എന്റെ പേരിൽ വിപണിയിലുണ്ട്. എന്റെ ശബ്ദവും ചിരിയും ഏതു മിമിക്രിക്കാരനും അനുകരിക്കാം. ഇവരെന്തിനെന്നോടീ ദ്രോഹം ചെയ്യുന്നു

? നാടൻ പാട്ടുകളൊക്കെ എങ്ങനെ പഠിച്ചു.

□ നാടൻ പാട്ടുകളൊന്നും ഞാൻ പഠിച്ചവയല്ല. എന്റെ രക്തത്തിലലിഞ്ഞുചേർന്നവയാണ്. എന്റെ ഗ്രാമത്തിലെ വയലുകളിൽ കൊയ്ത്തിനും, ഞാറ് നടീലിനും കറ്റമെതിയ്ക്കലിനുമെല്ലാം ഇത്തരം നാടൻപാട്ടുകൾ ധാരാളം കേൾക്കാം ഞാനും അവരുടെ കൂടെച്ചേർന്ന് ധാരാളം നാടൻ പാട്ടുകൾ പാടാറുണ്ട്.

? ഏറ്റവും സങ്കടപ്പെടുത്തിയ സംഭവം.

□ ഇത്രയും വളർത്തിയ അച്ഛൻ 1999 ഒരു വശം തളർന്ന് കിടപ്പിലായി. ഞാനുൾപ്പെടെ ആരെയും തിരിച്ചറിയാതെ മുകളിലേയ്ക്ക് നോക്കി ഒരേ കിടപ്പാണ്. വല്ലപ്പോഴും ഞാനൊരു നാടൻ പാട്ടുപാടിയാൽ എന്നെ നോക്കി ചിരിക്കുക മാത്രം ചെയ്യും.

? സന്തോഷം നല്കിയ ദിവസം ഏത്.

□ 2000 ഫെബ്രുവരി നാല് മൂന്നാം വിവാഹ വാർഷികം ഞാൻ അഭിനയിച്ച ഒരു പടം സൂപ്പർഹിറ്റായി ഓടുന്നു.

? ഏറ്റവും ഇഷ്ടപ്പെട്ട അഭിനയമുഹൂർത്തം.

□ വാസന്തി...... യിലെ രംഗം അന്ധനായ മകനോട് ഈ കണ്ണുപൊട്ടൻ ജനിച്ച അന്നുമുതൽ ഞാൻ കിടപ്പിലായതാണ് എന്നു പറയുന്ന അമ്മ. അപ്പോൾ അതിനു ഞാൻ പറയുന്ന മറുപടി അച്ഛൻ പറയട്ടെ അച്ഛൻ. അപ്പോൾ അങ്ങനെയൊന്നും പറയരുതെന്ന് പറയുന്ന വാസന്തിയെ കൊച്ചേട്ടൻ അമ്മേ ഇതുവരെയെന്താ എന്നോടുമിണ്ടാത്തതെന്ന് വിഷമിച്ചിരിയ്ക്കുകയായിരുന്നു ഞാൻ. ജോലിക്കു പോകാ..........

? ഇനിയുള്ള ആഗ്രഹം.

□ വലിയ ആഗ്രഹങ്ങളൊക്കെ നടന്നു. പെങ്ങന്മാരെ കെട്ടിച്ചു വിട്ടു. വീടുവെച്ചു. ഇനിയുള്ള ആഗ്രഹം ജനം മുഴുവൻ എന്നെ കാണുമ്പോൾ ആ ചിരി ചിരിക്കണം. എനിക്ക് കരയിക്കാനും അറിയാമെന്നോർത്തുകൊണ്ട്.

? സിനിമയിൽ മറ്റേതെങ്കിലും ഫീൽഡിൽ താല്പര്യം ഉണ്ടോ

□ തീർച്ചയായും സിനിമയ്ക്കുവേണ്ടി കഥയെഴുതുവാൻ എനിക്ക് ആഗ്രഹം ഉണ്ട്. ഭാവിയിൽ ഈശ്വരൻ അനുഗ്രഹിച്ചാൽ ഞാനതു ചെയ്യും.

? കറുത്ത നിറത്തെ ഓർത്ത് മണിച്ചേട്ടൻ ജീവിതത്തിൽ എന്നെങ്കിലും ദുഃഖിച്ചിട്ടുണ്ടോ.

□ ഹോയ് അങ്ങനെയൊന്നുമില്ല ഗ്യാരണ്ടിയുള്ള നിറമാണ് കറുത്തനിറം പോരാത്തതിന് സിനിമയിൽ നിറയെ കറമ്പന്മാരാണ്. കൗണ്ടർ മണി, സെന്തിൽ വടിവേലു തുടങ്ങിയവരെല്ലാം കറുത്തവരല്ലേ. പക്ഷേ പണ്ട് കല്യാണസൗഗന്ധികത്തിലഭിനയിക്കാൻ പോയപ്പോൾ ദിവ്യാ ഉണ്ണിയുടെ മുറച്ചെറുക്കനായാണ് വിനയൻ എന്നെ കാസ്റ്റ് ചെയ്തത്. അന്ന് അയ്യോ ഈ കറുത്ത നടന്റെകൂടെയാ ഞാൻ അഭിനയിക്കേണ്ടത് എന്നു പറഞ്ഞ് ദിവ്യാ ഉണ്ണി ഒഴിഞ്ഞുമാറുകയുണ്ടായി. അപ്പോൾ മനസ്സൊന്നുനൊന്തു

? കുടുംബത്തെക്കുറിച്ച്



☐ ഞങ്ങളുടേ ഒരു വലിയ കുടുംബമാണ്. ആകെ എട്ട് പേർ. ഒ പേരുടെ അപ്പൻ ആയതിന് ഞാൻ എന്റെ അച്ചന് ഷേക്ക്ഹാന്റ് നല്കിയിട്ടുണ്ട്. സഹോദരിമാരെയെല്ലാം കൂട്ടിയാൽ വേണമെങ്കിൽ ഒരു മഹിളാ സമാജംതന്നെയുണ്ടാക്കാം. ആകെ അഞ്ചുപേർ.

? ഭാര്യയെക്കുറിച്ച്

☐ ബിരുദധാരിയായ സുന്ദരിയായ നിമ്മിയെ ഭാര്യയായി കിട്ടിയത് എന്റെ ഭാഗ്യം തന്നെയാണ് അവൾ വന്നു കയറിയതുമുതൽ എനിക്ക് ഉയർച്ചയാണ് ഇപ്പോഴിതാ ഞങ്ങൾക്കൊരു കുഞ്ഞും

? മണിച്ചേട്ടനെത്ര വയസ്സായി എന്നു പറയാമോ

☐ പിന്നെന്താ പറഞ്ഞാൽ 1-1-1971 നാണ് എന്റെ ജന്മദിനം. എന്റമ്മയ്ക്കുകിട്ടിയ ന്യൂ ഇയർ ഗിഫ്റ്റാണ് ഞാൻ

? ഇഷ്ടപ്പെട്ട ഭക്ഷണം

☐ വട്ടം കണ്ടിച്ച് പുഴുങ്ങിയ കപ്പയും എരിവുള്ള ചമ്മന്തിയും

? കാമ്പസ് രാഷ്ട്രീയത്തെപ്പറ്റി

☐ കാമ്പസ് രാഷ്ട്രീയത്തിലൂടെ നേതാക്കളായവർ രാഷ്ട്രീയം വേണ്ടഎന്നു പറയുന്ന കാലമല്ലേയിത് എനിക്ക് അതിനോട് യോജിപ്പില്ല. കാമ്പസിൽ രാഷ്ട്രീയം വേണം പക്ഷേ അതൊരിക്കലും അക്രമരാഷ്ട്രീയമാവരുത്

? കോളേജിലോ സ്കൂളിലോ പരിപാടിക്കു പോകാറുണ്ടോ

☐ ഉണ്ടല്ലോ അതെനിക്ക് ഇഷ്ടമാണ് ആരും കൂവാറില്ല പിള്ളേർക്ക് എന്നേ ഇഷ്ടമാ. പിന്നെ ഞാൻ നാട്ടുകാരൻ അല്ലേ എങ്ങനെ ഇടയില്ലാത്തടത്തുകൂടി കുഞ്ഞിഞ്ഞിരുകി തടി തപ്പാമെന്നെനിയ്ക്കറിയാം. പക്ഷേ കൂവൽ കേട്ട സ്ഥലവും ഉണ്ട് അതെന്റെ നാട്ടിലാണ് ഉറുമ്പുംകുന്ന് എന്ന സ്ഥലത്ത് മുറ്റത്തെ മുല്ലയ്ക്ക് മണമില്ലായെന്ന് അന്നെനിക്കു മനസ്സിലായി. പക്ഷേ കോളേജു വിദ്യാർത്ഥികളോട് എനിക്ക് കടപ്പാടുണ്ട് വാസന്തിയുടെ ഷൂട്ടിങ്ങിന് തൊടുപുഴയ്ക്കു പോകുന്നതിനുമുൻപ് പെരുമ്പാവൂരിലെ സോഫിയാ കോളജിൽ ഒരു പരിപാടി ഉണ്ടായിരുന്നു അവിടെ വച്ച് ഞാൻ ചെയ്യാൻ പോകുന്ന അന്ധന്റെ വേഷം അവിടുത്തെ വിദ്യാർത്ഥിനികളെ അഭിനയിച്ചു കാണിച്ചു കൊടുക്കുകയുണ്ടായി. മണിചേട്ടൻ കലക്കുമെന്ന് പറഞ്ഞുകൊണ്ട് അവർ കൈയ്യടിച്ച് പ്രോത്സാഹിപ്പിച്ചു. ആ ആത്മവിശ്വാസത്തോടെയാണ് ഞാൻ വാസന്തിയുടെ സെറ്റിലെത്തിയത്



? ഇക്കഴിഞ്ഞ അവാർഡ് പ്രഖ്യാപനമുണ്ടായപ്പോൾ മണിച്ചേട്ടൻ ബോധംകെട്ട് വീണതിനെക്കുറിച്ച്

☐ അന്നേരത്തേ മാനസിക ബുദ്ധിമുട്ട്കൊണ്ടാണ് ഞാൻ ബോധംകെട്ട് വീണുപോയി കാരണം ഒരിറ്റു ഗ്ലിസറിനോ ഇർക്കലി ഇല്ലാതെയാണ് ഞാൻ വാസന്തിയിലെ അന്ധന്റെ വേഷം ചെയ്തത്. കണ്ണിന്റെ കൃഷ്ണമണി മേല്പോട്ട് വച്ചുകൊണ്ട് മുഖഭാവങ്ങൾ മാറി മാറി അഭിനയിക്കുക എന്നത് വളരെ വിഷമമുള്ള കാര്യമാണ് അതിനു തീർച്ചയായും ഫലം ലഭിക്കുമെന്ന് കരുതിപ്പോയി. അതുതന്നെയുമല്ല എനിക്ക് അവാർഡ് തീർച്ചയായും കിട്ടുമെന്ന് പറഞ്ഞ് എല്ലാവരും എന്നെ വളരെയധികം ആശിപ്പിച്ചു.

? മികച്ച നടനുള്ള അവാർഡ് മോഹൻലാലിന് ലഭിച്ചതിനെക്കുറിച്ച്

☐ ലാലേട്ടൻ വളരെയധികം കഴിവുള്ള ഒരു നടനാണ്. ലാലേട്ടന്റെ മുന്നിൽ ഞാനൊന്നുമല്ല ലാലേട്ടൻ എന്നേക്കാൾ വളരെയധികം മുൻപേ അഭിനയം തുടങ്ങിയ വ്യക്തിയാണ്. ലാലേട്ടൻ എവിടെ...... ഞാനെവിടെ?

? മണിച്ചേട്ടന്റെ പുതിയ സിനിമകൾ.

☐ വേണു ബി. നായരുടെ സർണ്ണപിറകുമായ്, കമലിന്റെ മധുരനൊമ്പരക്കാറ്റ്, സലിം ബാബയുടെ റാപ്പിട് ആക്ഷൻ ഫോഴ്സ് വിനയന്റെ വാർ ആന്റ് ലൗ തുടങ്ങിയവ.

? ദേവമാതായിലെ വിദ്യാർത്ഥികൾക്കുള്ള സന്ദേശം.

☐ എനിക്കൊ പഠിക്കാൻ സാധിച്ചില്ല. അതിനവസരം ലഭിച്ച നിങ്ങൾ അത് ഭംഗിയായി വിനിയോഗിക്കുക ഉഴപ്പേണ്ട സമയത്ത് ഉഴപ്പണം പഠിക്കേണ്ട സമയത്ത് പഠിക്കണം ഉത്തരവാദിത്വങ്ങൾ തക്കസമയത്തു നിർവ്വഹിക്കുക എങ്കിലേ ജീവിതത്തിൽ വിജയം നേടാനാവു

വളരെയധികം തിരക്കിനിടയിൽപോലും ഒരു താരത്തിന്റേതായ യാതൊരു അഹങ്കാരവുമില്ലാതെ 'ദേവമാതാ' യ്ക്കു വേണ്ടി ഫോണിലൂടെ ഒരു അഭിമുഖത്തിനു തയ്യാറായ മലയാളികളുടെ അഭിമാനമായ കലാഭവൻ മണിക്ക് ഭാവി ജീവിതത്തിൽ എല്ലാവിധ ഭാവുങ്ങളും നേരുന്നു. അതൊടൊപ്പം തന്നെ ഹൃദയം നിറഞ്ഞ നന്ദിയും ......


# INFOTEK COMPUTERS

(OPP: NICE THEATRE) THALAYOLAPARAMPU: PH: 656247(R)

Admission opens for:-

PGDCA PDCA, DCA, DOA, Dipl;in Msoffice Oracle with developer 2000, visual basic, c++, visiual c++, DTP, Autocad, and other Certificate Courses

COURSES STANDARDISED BY ICES

(INDIAN COMPUTER EDUCATION SOCIETY)

KOCHI REGNO: K912/90

## വില്ക്കപ്പെട്ട കനവുകൾ

ഒരുനാൾ ഞാനെന്റെ സ്വപ്നങ്ങളെല്ലാം,
കറുത്തരാത്രിയിൽ ആർക്കോ കടം കൊടുത്തു,
ഒരുപാടു നാളുകൾ ദുഃഖങ്ങളില്ലാതെ,
കണ്ണുനീരില്ലാതെ ഞാൻ മരിക്കാതിരുന്നു,
നിനവിന്നാധിക്യമേറിടുമ്പോൾ,
നിലാവിൻ നേത്രങ്ങൾ നിറഞ്ഞൊഴുകിടുന്നു,
നിനവിൻ ഭാരങ്ങളേറിയാകൈകൾ,
നനുത്തതൂവൽ പോൽ പറന്നുമറയുന്നു

നിണവുമുണങ്ങിയോരാക്കരങ്ങൾ വിറയ്ക്കുന്നു,
മരണത്തിൻ കാല്പാടിൽ പിച്ചവെച്ചീടുന്നു,
നേർത്തമഞ്ഞലിന്നെന്റെ കിനാവുകൾ,
മറക്കാൻ കഴിയാതെ വിളർത്തു വിയർക്കുന്നു.
ഒരുനാളൊരമാവാസിസന്ധ്യയിൽ,
എൻ സ്വപ്നങ്ങളുമവതൻ പലിശയുമായ്,
ഒരീറൻ നിലാവുപോലൊരാൾ പടികടന്നു
എന്നെയേല്പിക്കുവാനെന്റെ സ്വപ്നങ്ങളുമായ്.
പടർന്നയിരുട്ടിന്നുള്ളിൽ മുഖങ്ങൾ മറഞ്ഞിരുന്നു,
അലയുമാത്മാവുകൾ കവിത രചിക്കുന്നു,
പകച്ചിട്ടണയുവാൻ മടിച്ചു ചന്ദ്രികയും,
അരണ്ട തേങ്ങലുകൾ കനമായ് പതിക്കുന്നു.

വദനം മനസ്സിലായ് തെളിഞ്ഞില്ലെന്നാകിലും,
സ്വീകരിച്ചു ഞാനാ കറുത്ത സന്ധ്യകളെ .....
വരണ്ട മണ്ണുപോലെ പൊടിഞ്ഞവ പക്ഷേ,
സഹിക്കാൻ വയ്യെനിക്കാ സ്വപ്നങ്ങളൊരിക്കലും.
അവയില്ലാതെ മരിക്കാതെ ഞാൻ
ഒരുപാടു നാളുകൾ താണ്ടി
അവയില്ലാതിനിയടുത്ത ജന്മം വരെയെങ്കിലും,
ഒന്നുമോർക്കാനില്ലാത്തതിൻ സുഖം നിങ്ങളറിയുന്നുവോ?
നനഞ്ഞ കൺകോണുകൾ കാണാതിരിപ്പാൻ വയ്യ,
വിതുമ്പും മേഘങ്ങളെ മറക്കാനുംവയ്യ,
നിലാവിൻ രശ്മിയിറ്റിങ്ങോട്ടും വീണിരുന്നെങ്കിൽ
വലിയ സ്വപ്നത്തിന്റെ വാഹകനി കൊതിച്ചുവോ?
സ്വീകരിച്ചു ഞാനാ കറുത്ത സന്ധ്യകളെ,
ദുഃഖങ്ങളെനിക്കായ് സഹിക്കാൻ തയ്യാറായ്,
സഹർഷം ത്യജിച്ചൊരാ നിനവിൻ-
മയാരശ്മിയെനിക്കിന്നു സ്വന്തമായ്.



ഒരു നാൾ ഞാനെന്റെ സ്വപ്നങ്ങളെല്ലാം,
കറുത്ത രാത്രിയിലാർക്കോ കടംകൊടുത്തു,
ഒരിക്കൽ വിറ്റൊരാസ്വപ്നങ്ങളും ഞാനും പിന്നെ,
കനത്ത സന്ധ്യകളും ശമിപ്പു മോക്ഷത്തിനായ്

**SIMNA K.O II BSc**


# തകടിയേൽ സാനിവെയേഴ്സ്

## കടുത്തുരുത്തി

പ്ലമ്പിഗ്, സാനിട്ടറി, Tiles, Fibre Glass Doors etc.

**Authorized Dealer : V- Guard pump sets, Bell Ceramic Tiles**

**PHONE:682741,536312(RES)**

*BEST WISHES FROM:-*

## Vinco Sip-up

ദേവമാതായിലെ പ്രിയ സുഹൃത്തുക്കളെ,

Dev 'O' Millennium മധ്യത്തിലെത്തി നില്ക്കുമ്പോൾ ഇങ്ങനെ ഒരു കുറിപ്പ് അനാവശ്യമെന്ന് പലർക്കും തോന്നിയേക്കാം പക്ഷേ ഒന്നോർക്കുക സാഹചര്യങ്ങളാണ് എന്നെ ഇതിന് പ്രേരിപ്പിച്ചത്. ഇങ്ങനെ ഒരു കുറിപ്പ് അവിവേകമെങ്കിൽ സദയം പൊറുക്കുക ഇത് പല വിവാദങ്ങൾക്കും വഴിതെളിക്കുമെന്നെനിയ്ക്കറിയാം, പക്ഷേ ഈ എഡിറ്ററുടെ ഹൃദയവേദനകൾ മറ്റാരുമറിഞ്ഞില്ലെങ്കിലും നിങ്ങളറിയണം. ഇനി ഭാവിയിൽ എഡിറ്ററാകാനിരിക്കുന്നവർക്ക് ഇത് ഒരു മുന്നറിപ്പായിരിക്കട്ടെ.

എഡിറ്ററായി സത്യപ്രതിജ്ഞചെയ്തപ്പോൾ അവാർഡിനർഹമായില്ലെങ്കിലും ഉന്നതനിലവാരം പുലർത്തുന്ന ഒരു മാഗസിൻ ആയിരുന്നു എന്റെ മനസ്സിൽ. യൂണിയന്റെ പ്രഥമയോഗത്തിൽ യൂണിയൻ അംഗങ്ങൾക്കുള്ള കർത്തവ്യങ്ങൾ വിശദീകരിക്കുന്നതിനിടയിൽ ബഹു: പ്രിൻസിപ്പൽ എന്നോടു പറഞ്ഞു കർത്തവ്യം നിർവ്വഹിക്കുന്നതിനുവേണ്ടി മാത്രം താനൊരു മാഗസിനിറക്കുക നമ്മുടെ കോളേജിൽ നിന്നും അതിൽ കവിഞ്ഞൊന്നും പ്രതീക്ഷിക്കരുത് അദ്ദേഹം വളരെ സ്നേഹത്തോടെ അത് പറഞ്ഞുകഴിഞ്ഞപ്പോൾ എന്റെ മനസ്സിൽ വളരെയേറെ അമർഷംതോന്നിയെങ്കിലും യാഥാർത്ഥ്യങ്ങൾ ഘോഷയാത്ര നടത്തിയപ്പോൾ പരിധികളെയും, പരിമിതികളെയും തൊട്ടറിഞ്ഞപ്പോൾ അനുഭവസമ്പന്നനായ സ്നേഹനിർഭരനായ അദ്ദേഹത്തിന്റെ വാക്കുകൾ എത്ര ധന്യമാണെന്ന് എനിക്കു മനസ്സിലായി.

ഞാൻ എഡിറ്ററായ അന്നുമുതൽ നാളിതുവരെ ചിലരെങ്കിലും എന്നെ ആക്ഷേപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ദേവമാതായുടെ ചരിത്രത്തിലാദ്യമായി കോളേജ് മാഗസിന് വിദ്യാർത്ഥികൾതന്നെ പേരു നിർദേശിച്ച് അതിൽ ഏറ്റവും നല്ല പേരിന് സമ്മാനം നല്കാം എന്ന ആശയം മുന്നോട്ട് വച്ചപ്പോൾ പലരും നെറ്റി ചുളിച്ചു. കടുത്ത വിമർശനങ്ങളുടെ കുമ്പാരവുമായി മുന്നോട്ടുവന്നു. സഭ്യതകളുടെ സീമകൾ ലംഘിക്കുന്ന പേരുകൾ എഴുതിതന്ന് അവർ എന്നെയും പേരുകൾ പരിശോധിക്കുന്ന അദ്ധ്യാപകരെയും പരിഹസിക്കാൻ ശ്രമിച്ചു. പക്ഷേ അവർ ഒന്നു മനസ്സിലാക്കിയില്ല എഡിറ്ററുടെ സ്വന്തം ഇഷ്ടപ്രകാരം ഏതെങ്കിലും ഒരു പേര് മാഗസിനിടാനോ അല്ലെങ്കിൽ ചില മുൻ കാല എഡിറ്റർമാരെപ്പോലെ അന്യന്റെ പാത്രത്തിൽ നിന്ന് കൈയിട്ട് വാരാനോ അറിഞ്ഞുകൂടാഞ്ഞിട്ടല്ല ഒരുപക്ഷേ എന്നെക്കാളേറെ ദേവമാതായെ അടുത്തറിയുന്നത് ഇവിടുത്തെ വിദ്യാർത്ഥികളായ നിങ്ങളോരോരുത്തരുമാണ് ഈ ദേവമാതായുടെ ശ്വാസോച്ഛ്വാസങ്ങളേയും വികാരവിചാരങ്ങളേയും ഹൃദയതുടിപ്പുകളേയും നെഞ്ചിലേറ്റി താലോലിക്കുന്ന നിങ്ങൾക്കോരോരുത്തർക്കുമാണ് ഇവിടുത്തെ പ്രതിഭാധനരായ അധ്യാപക അനദ്ധ്യാപക വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളുടെ പരിണിതഫലമായ മാഗസിന് അർത്ഥവത്തായ ഒരു പേരു നിർദ്ദേശിക്കുവാൻ കഴിയുക. അതല്ലെങ്കിൽ അതിനുള്ള അവകാശം നിങ്ങൾക്കോരോരുത്തർക്കുമാണ്

മാഗസിന്റെ പ്രവർത്തനങ്ങൾക്കായി ഞാൻ അലഞ്ഞപ്പോൾ മനസ്സിന് മുറിവേറ്റതും മറക്കാനാവാത്തതുമായ അനേകം അനുഭവങ്ങൾ ഉണ്ടായി അവയിൽ തുറന്നുപറയാവുന്നത് വളരെ ചുരുക്കം മാത്രം. പരസ്യങ്ങൾക്കുവേണ്ടി ഞാൻ നെട്ടോട്ടം ഓടിയപ്പോൾ പലരും എന്നെ പരിഹസിച്ചു. പലയിടത്തും എനിക്ക് പരസ്യങ്ങൾ നഷ്ടപ്പെട്ടത് മുൻകാല എഡിറ്റർമാരുടെ ലീലാവിലാസങ്ങൾകൊണ്ടാണ് പിന്നെ ആഗോളതലത്തിലുള്ള സാമ്പത്തികമാന്ദ്യം.

എന്റെ മുൻഗാമികളുടെ നയങ്ങൾ മൂലം സാധാരണ എല്ലാവർഷങ്ങളിലും കോളേജിൽ നിന്നും അഡ്വാൻസായി മാഗസിനു ലഭിക്കുന്ന തുക പോലും പൂർണ്ണമായി എനിക്ക് ലഭിച്ചില്ല ഏറ്റെടുത്ത ഉത്തരവാദിത്വത്തോടുള്ള ആത്മാർത്ഥതകൊണ്ടും മറ്റ് മാർഗങ്ങളൊന്നും ഇല്ലാത്തതിനാലും ചില സ്വകാര്യ വ്യക്തികളിൽ നിന്നും എനിക്ക് പണം കടം വാങ്ങേണ്ട സാഹചര്യം ഉണ്ടായി. അതുകൊണ്ട് എന്റെ മുൻഗാമികൾ എഴുപതിനായിരവും എഴുപത്തിഅയ്യായിരം കൊണ്ടെല്ലാം മാഗസിനുണ്ടാക്കിയപ്പോൾ എനിക്ക് വെറും അൻപതിനായിരം രൂപകൊണ്ട് തൃപ്തിയാക്കേണ്ടിവന്നതിനാൽ അതിന്റേതായ ലാഘവത്തോടെ ഇതിനെ കാണണം.

എന്തു പ്രതിസന്ധിയുണ്ടായാലും മാഗസിൻ ജൂണിൽ തന്നെ പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിച്ചതിനാൽ റിപ്പോർട്ടുകൾക്കും ഫോട്ടോകൾക്കുമായി പലരുടെയും വീടുകൾ കയറിഇറങ്ങേണ്ടി വന്നു. ഞാനിവയെല്ലാമെഴുതിയത് എന്റെ ത്യാഗങ്ങളോ കഷ്ടപ്പാടുകളോ മഹത്വമോ ഒന്നും നിങ്ങളെ അറിയിക്കുവാൻ വേണ്ടിയല്ല മറിച്ച് നിങ്ങളെനിക്ക് അന്യരല്ലെന്ന് കരുതിയതുകൊണ്ടാണ്

'Dev 'O' Millennium' ത്തിന്റെ സൃഷ്ടിയിൽ എന്നെ അകമഴിഞ്ഞ് സഹായിച്ചവർക്കും മാഗസിൻ എവിടെയെന്ന് ചോദിച്ച് പരിഹാസത്തിലൂടെ എന്നെ പ്രോത്സാഹിപ്പിച്ചവർക്കുമായി Dev 'O' Millennium സമർപ്പിക്കുന്നു

നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രതീക്ഷിച്ചുകൊള്ളുന്നു. ഇത് ഒരു വിജയമോ പരാജയമോ എന്ന് നിങ്ങൾതന്നെ തീരുമാനിക്കുക.

ആശംസകളോടെ,

എഡിറ്റർ, **ജോർജ് ജേക്കബ് പി.**

"14 Years of Customer Satisfaction"

**MALIECKAL TV HOUSE**

KURAVILANGAD
Phone : 230993.
Authorised Dealers of :
BPL, Whirlpool, SamSung, Kelvinator, V-Guard etc..
Other Branches : Ettumanoor & Kaduthuruthy.

# ഭരതനാട്യം

ദക്ഷിണേന്ത്യയിലെ നാട്യസമ്പ്രദായങ്ങളിൽ വച്ച് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു കലയാണ് ഭരതനാട്യം. ഈ കല നടനമൂർത്തിയായ ശ്രീ. പരമേശ്വരനാൽ സൃഷ്ടിക്കപ്പെട്ടതാണെന്നാണ് പറയപ്പെടുന്നത്. ചരിത്രാതീതകാലം മുതൽക്ക് തന്നെ ഈശ്വരപ്രീതിക്കായി ഭാരതത്തിൽ ക്ഷേത്രങ്ങളിലും വേദികളിലും മറ്റും നൃത്തം നടത്തപ്പെട്ടിരുന്നു. പുരാതനക്ഷേത്രഗോപുരങ്ങളിലും, ഗുഹാക്ഷേത്രങ്ങളിലും ഉള്ള ശിലാപ്രതിമകളും സിന്ധുനദീതടത്തിൽ നിന്നും ലഭിച്ച നൃത്തമാടുന്ന സ്ത്രീയുടെ രൂപവും മറ്റും നൃത്തത്തിന്റെ പ്രാചീനതയും, പ്രാധാന്യവും, ഗുണങ്ങളും വെളിപ്പെടുത്തുന്നവയാണ്. നൃത്തം അഭ്യസിക്കുന്നതുകൊണ്ട് പ്രധാനമായും മൂന്ന് ഗുണങ്ങൾ ഉണ്ട്. സൗഭാഗ്യം, സൗന്ദര്യം, കീർത്തി എന്നിങ്ങനെയാണ്.

നൃത്തം അഭ്യസിക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ചിലത്, കൈയെവിടെ അവിടെ കണ്ണ്, കൈയും കണ്ണും എവിടെ അവിടെ മനസ്സും, കൈയും, കണ്ണും, മനസ്സും കൂടിച്ചേരുന്നിടത്ത് ഭാവവും ഇത് നാലും കൂടിച്ചേരുന്നിടത്ത് രസവും വരുത്തുക. നൃത്തത്തെ മൂന്നായി വിഭജിക്കാം. അവ നൃത്തം, നൃത്യം, നാട്യം എന്നിങ്ങനെയാണ്. നൃത്തത്തിന് അടിസ്ഥാനമുദ്രകൾ ഇരുപത്തിനാല് എണ്ണമാണ്. ഭരതനാട്യത്തിന് ആലപിക്കപ്പെടുന്ന ഗാനങ്ങൾ ഈശ്വരപ്രേമത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ളവയാണ്. ഭാരതീയ നൃത്തകലയുടെ ഒരു സവിശേഷത കൂടിയാണ് ഇത്. ഭരതനാട്യത്തെക്കുറിച്ച് എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ വച്ച് ഏറ്റവും പഴക്കമുള്ളത് ഭരതമുനിയുടെ നാട്യശാസ്ത്രമാണ്. ഭരതനാട്യത്തിലെ പ്രധാന അംശങ്ങളായ ഭാവം, രാഗം, താളം എന്നിവ ഒത്തുചേർന്ന് 'ഭരതനാട്യ'മെന്നപേരുണ്ടായതെന്നാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. നാട്യശാസ്ത്രത്തിൽ ഭരതമുനി പറഞ്ഞ നാട്യസമ്പ്രദായങ്ങൾ ഇക്കാലത്ത് നടപ്പിലുള്ള നാട്യസമ്പ്രദായങ്ങളിൽ നിന്നും ഏറെ വ്യത്യാസമുണ്ടെങ്കിലും ഭരതമുനി അടിസ്ഥാനപരമായി വകതിരിച്ച് കൈക്കൊണ്ടിട്ടുള്ള 'കണ്ഠചലനങ്ങൾ', 'ഗതിഭേദങ്ങൾ' മുതലായവ ഇന്നും നിലവിലുണ്ട്. അദ്ദേഹം പ്രതിപാദിച്ചിരിക്കുന്ന ഹസ്താഭിനയങ്ങളാണ് ഇപ്പോഴും ഭരതനാട്യത്തിന് ആസ്പദമാക്കിയിരിക്കുന്നത്. പല നൂറ്റാണ്ടുകളായി ഈ നൃത്തകല അഭ്യസിച്ചുവരുന്നത് 'നട്ടുവന്മാർ' എന്നറിയപ്പെടുന്ന കുടുംബമാണ്. ഇപ്പോഴുള്ള ഭരതനാട്യസമ്പ്രദായങ്ങൾ നടപ്പാക്കിയത് തമിഴ്നാട്ടിലെ തഞ്ചാവൂർ മഹാദേവക്ഷേത്രത്തിൽ നാട്യവിദ്യ തൊഴിലാക്കിയിരുന്ന സുപ്രസിദ്ധ ഗാനാചാര്യനായിരുന്ന ചിന്നയ്യ, പൊന്നയ്യ, വടിവേലു, ശിവാനന്ദനും സഹോദരന്മാരായിരുന്നു. ഇതിൽ വടിവേലു സ്വാതിതിരുനാൾ മഹാരാജാവിന്റെ കൊട്ടാരത്തിൽ സംഗീത വിദ്വാനായി വാഴിക്കപ്പെടുകയും മഹാരാജാവിനെ 'മോഹിനിയാട്ടം' എന്ന നൃത്തരൂപം നടപ്പാക്കുവാൻ സഹായിച്ചതായും പറയപ്പെടുന്നു.


സാധാരണമായി ആറ് വയസ്സ് കഴിയുമ്പോളാണ് 'നട്ടുവന്മാർ' കുട്ടികളെ നൃത്തം അഭ്യസിച്ചുതുടങ്ങുന്നത്. നൃത്ത വിദ്യാർത്ഥികൾ ആദ്യമായി പഠിക്കുന്നത് അടവുകളാണ്. ശരീരം വഴങ്ങാനും കഴുത്ത്, മുഖം, കണ്ണ്, പുരികം എന്നീ അംഗപ്രത്യംഗങ്ങളുടെ ചലനങ്ങൾ സിദ്ധിക്കാൻ ഇത് ഉപയോഗിക്കുന്നു. രണ്ടാമത്തേത് 'ജതി സ്വരം'. ഇതിൽ ഒരു രാഗത്തിന് അനുസരിച്ചുള്ള ചുവടുവെപ്പുകൾ രാഗത്തിന്റെ ഗമകൾക്കും മൃദംഗതാളത്തിനും അനുസരിച്ച് കൈകാലുകൾ ചലിപ്പിക്കുവാൻ സഹായിക്കുന്നു. അടുത്തയിനമായ ശബ്ദത്തിൽ നൃത്തത്തിനു പുറമെ നാട്യത്തിന്റെ പ്രധാനപ്പെട്ട അംശമായ അഭിനയം കൂടിച്ചേർന്നിരിക്കും. വായ്പ്പാട്ടിന്റെ രാഗം, അർത്ഥത്തിനൊത്തുള്ള അഭിനയം നൃത്തത്തിന്റെ ലയം ഇവ മൂന്നിന്റെയും ഒരേ ഉലവില്ലുള്ള കൂടിച്ചേരലാണ്. അടുത്തയിനമായ വർണ്ണം ഭരതനാട്യപ്രകടനത്തിൽ നർത്തകന്റെ നൃത്തത്തിലുള്ള നൈപുണ്യം എന്നവും ശ്രദ്ധേയമാക്കിതീർക്കുവാൻ സാധ്യമാകുന്ന ഒരു ഇനമാണ്. നൃത്തമില്ലാതെ അഭിനയത്തിനുമാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ളയിനങ്ങളാണ് 'പദങ്ങൾ', 'തില്ലാനാ' ഒടുവിലത്തെയിനമായ തില്ലാന ഭരതനാട്യത്തിലുള്ള കഴിവിനെ പ്രകടമാക്കിമാറി ഈ പ്രകടനങ്ങൾക്ക് കൊഴുപ്പേകാൻ സഹായിക്കുന്നു. ഇതിൽ നൃത്തവും ലയവും അവയുടെ തികഞ്ഞ സൗന്ദര്യത്തിൽ പ്രകാശിക്കപ്പെടുന്നു. നൃത്തവിദ്യാർത്ഥികൾ ആദ്യമായി പഠിക്കുന്ന അടവിന് തെയ്യ് തെയ്യ് തിത്തിതെയ്യ് തുടങ്ങിയ ചൊല്ലുകളുണ്ട്. ആടുമ്പോൾ ഈ ചൊല്ലുകൾ മനസ്സിൽ ഓർത്തിരിക്കണം. ഈ ചൊല്ലുകളെ ചൊൽ കെട്ടുകൾ, ജതികൾ എന്നിങ്ങനെ വിളിക്കുന്നു. ഇവയ്ക്ക് ഗതിവിന്യാസഭേദങ്ങളോട് മൂന്ന് അടവുകളാണ്. ഓരോ അടവിനും കരചരണവിന്യാസങ്ങൾ പ്രത്യേകമായുണ്ട്. വാക്കുകളിൽ അക്ഷരം തെറ്റിയാൽ അർത്ഥവും ഉച്ചാരണവും മറ്റും ഏതുവിധം തകരാറിലാകുമോ അതുപോലെ ഓരോ അടവിലും കൈകാലുകളുടേയും, മുഖഭാഗങ്ങളും, മുദ്രകളും വേണ്ടുന്ന രീതിയിൽ ചെയ്യാതെ വന്നാൽ ഉണ്ടായേക്കാവുന്ന ദോഷഫലങ്ങൾ ചെറുതല്ല. ഏതൊരു ചലനത്തിനും അതിന്റേതായ കണക്കുണ്ട്. അതനുസരിച്ച് ചെയ്താൽ എല്ലാം ശരിയാകും.

ഭരതനാട്യപരിപാടികൾ നടത്തുമ്പോൾ ചെയ്യുന്ന ഇനങ്ങൾ യഥാക്രമം തോടയ മംഗളം, അലാരിപ്പ്, ജതിസ്വരം, ശബ്ദം, വർണ്ണം, പദങ്ങൾ, തില്ലാന എന്നിവയാണ്. ഏറ്റവും ആദ്യമായി ചെയ്യുന്നത് തോടയമംഗളവും അലാരിപ്പുമാണ്. ഇതിൽ തന്റെ നൃത്ത പ്രകടനങ്ങൾക്ക് സർവ്വവിധ വിഘ്നോപശാന്തിയും വരണമെന്ന അഭിലാഷത്തോടെ, ആഗ്രഹത്തോടെ ഈശ്വരനും തന്റെ എല്ലാമായ ഗുരുവിനും നർത്തകീ നർത്തകന്മാർ പ്രണാമങ്ങൾ അർപ്പിച്ച് അനുഗ്രഹം വാങ്ങുന്നു. കരചരണ വിന്യാസങ്ങളിൽ നേടിട്ടുള്ള തന്റെ കഴിവുകളും ലാഘവും കണ്ണ്, മുഖം, കഴുത്ത്, പുരികം എന്നീ ഉപാംഗങ്ങളുടെ ചലനങ്ങളിൽ അവയ്ക്കു സിദ്ധിച്ചിട്ടുള്ള അഭ്യാസനൈപുണ്യങ്ങളും എടുത്തുകാട്ടുന്ന ഒരു ചടങ്ങാണ് അലാരിപ്പ്. അടുത്തതായി 'ജതിസ്വരത്തിൽ' ശുദ്ധജതിയും സ്വരത്തോട് ചേർന്ന് ജതിയും ചൊല്ലിയാടപ്പെടുന്നു. ഇതുകഴിഞ്ഞ് അടുത്തതാണ് ശബ്ദവും വർണ്ണവും. നൃത്തത്തിന്റെയും മുഖത്ത് മാറിമറിയുന്ന നവരസങ്ങൾ പ്രകടമാക്കുന്ന അഭിനയത്തിന്റെയും സമന്വയ രൂപമാണ് ഇവ രണ്ടും. പ്രത്യേകിച്ച് വർണ്ണം, അതിലെ ഭാവ രാഗ താള ലയങ്ങൾ കൊണ്ട് ഭരതനാട്യപ്രകടനത്തിൽ ഒരു നൃത്താഭ്യാസിയുടെ കഴിവുകൾ ഏറ്റവും കൂടുതൽ തെളിയിക്കപ്പെടേണ്ട ഇനമാണ്. അടുത്ത ഇനമായ 'പദം' നൃത്തമില്ലാതെ അഭിനയത്തിന് മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഇനമാണ്. ഭാവാഭിനയങ്ങൾ വിസ്തരിച്ച് മനോധർമ്മങ്ങളോടു കൂടി കാട്ടുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്ന ഈ ചടങ്ങ് വിളംബകാലത്തിൽ നിർവ്വഹിക്കപ്പെടുന്നതാണ്. പദങ്ങൾ ആടിക്കഴിഞ്ഞാൽ ഭരതനാട്യ പ്രകടനത്തിന് കൊഴുപ്പേകാൻ വേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന ഒന്നാണ് 'തില്ലാന'. ഇതിൽ ലയവും നൃത്തസാമർത്ഥ്യവും അവയുടെ തികഞ്ഞ സൗന്ദര്യത്തിൽ വെവ്വേറെ എടുത്തു കാണിക്കുന്നു. ഭരതനാട്യം എന്നത് വളരെ സങ്കീർണ്ണമായ ഒരു കലയാണ്. ഇതിനോടുള്ള അത്യന്തമായ അഭിനിവേശവും ആത്മവിശ്വാസവും ഏകാഗ്രതയും നല്ല ശിക്ഷണവും കഠിന പ്രയത്നവും ഈ കലയിൽ വിജയം കൈവരിക്കുവാൻ അത്യന്താപേക്ഷിതമാണ്. ഭരതനാട്യം, മോഹിനിയാട്ടം, കഥകളി, തെയ്യം മുതലായ കലാരൂപങ്ങളുടെ ശരിയായ ആസ്വാദനത്തിന് ഇന്ന് ആർക്കും സമയമില്ല. ഇങ്ങനെയാണെങ്കിൽ ഭാരതത്തിന്റെ പൈതൃകം വിളിച്ചോതുന്ന നാടൻ കലാ രൂപങ്ങൾ അപ്രത്യക്ഷമായേക്കുമെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. നമ്മുടെ കലാരൂപങ്ങൾക്കെല്ലാം 'വംശനാശം' സംഭവിക്കുന്ന ഈ കാലത്ത് ദക്ഷിണേന്ത്യൻ നാട്യ സമ്പ്രദായങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ചില കലാരൂപങ്ങൾക്കെങ്കിലും ആസ്വാദകർ ആവശ്യമാണ്. ഈ പുതുനൂറ്റാണ്ടിലെങ്കിലും നമ്മുടെ നാടൻ കലാരൂപങ്ങൾക്ക് ജീവൻ വച്ച് പുതിയ ഒരു യുഗത്തിലേയ്ക്ക്, തലമുറയിലേയ്ക്ക് പകർന്നു നല്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

Kishoremon C.R IDC Chem.

# ആർഷഭാരതത്തിൽ ഇടയൻ വീണ്ടും




You Shoot, We Assess
Sky is Our Limit
For Greater Achievements

# പവിത്രമിഹവിദ്യതേ

MATHEW JOSEPH

"വെറുതെയല്ല ഇപ്പോഴത്തെ വിദ്യാർത്ഥികൾ അഖിലേന്ത്യാ തലത്തിലുള്ള പരീക്ഷകളിൽ ഉന്നത വി[illegible] ഒരാൾക്ക് കണക്കിനു പതിനേഴ്. മറ്റൊരാൾക്ക് പതിമൂന്ന്. സയൻസിന് പതിനൊന്നും പന്ത്രണ്ടുമൊക്കെ" ഈയിടെ കണ്ട ഒരു കാർട്ടൂണിൽ ഒരു പശു നിന്ന് ഒരു കുഞ്ഞിനോടു പറയുന്ന വാക്യമാണിത്. പശുവിന്റെ അറിവോർത്ത് കുഞ്ഞ് അത്ഭുതപ്പെട്ടു. ഈ പശുവിന് ഒരു അസാമാന്യ ഭാഗ്യം ലഭിച്ചു നമ്മുടെ ഒരു യൂണിവേഴ്സിറ്റിയിൽ നിന്ന് എങ്ങനെയോ നഷ്ടപ്പെട്ട കുറെ പരീക്ഷക്കടലാസുകൾ തിന്നുവാനുള്ള അസുലഭ ഭാഗ്യമുണ്ടായത് ഈ പശുവിനാണ്. പശുവിനു തിന്നുവാൻ ലഭിച്ച ഈ പരീക്ഷക്കടലാസുകൾ എഴുതിയ വിദ്യാർത്ഥികളെ നമുക്കൊന്നോർമ്മിക്കാം. എത്രയോ നാളത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് ഇവിടെ ആരുടേയോ അശ്രദ്ധകൊണ്ട് എന്നന്നേയ്ക്കുമായി നഷ്ടമാകുന്നത്! ആ പരീക്ഷാ മുഹൂർത്തത്തിനു വേണ്ടി ആ വിദ്യാർത്ഥികളെ ഒരുക്കിയെടുക്കുവാൻ എത്രയോ പേരുടെ നിരന്തര പരിശ്രമങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. പരീക്ഷക്കടലാസുകൾ പശു തിന്നു എന്നൊരു വാർത്ത മറ്റനേകം വാർത്തകളോടൊപ്പം വായിക്കുന്ന നമുക്ക് എന്തുകൊണ്ട് ഇതൊക്കെ ഇങ്ങനെ എന്ന് പലപ്പോഴും ആലോചിക്കാനാവുന്നില്ല. വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ചൊക്കെ ചിന്തിക്കുന്നവരാരും പലതിന്റേയും അന്തിമഫലം ഇങ്ങനെയൊക്കെയാവുന്നു എന്നതിനെക്കുറിച്ചാലോചിക്കാറില്ല. മുതിർന്ന തലമുറ, ഇളം തലമുറകളോടു ചെയ്യുന്ന അനേകം അപരാധങ്ങളിലൊന്നാണിത്. ഇങ്ങനെ ഒറ്റപ്പെട്ട ഒരു ചെറിയ സംഭവത്തെക്കുറിച്ച് എന്തിനിത്രയധികം ആലോചിച്ചു പോകുന്നു എന്ന മറു ചോദ്യം കൊണ്ട് നമുക്കെല്ലാറ്റിനെയുമവഗണിക്കാം. ഇത്തരം അധർമ്മങ്ങളൊക്കെ വൻ ദുരന്തങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു വരെ കാത്തിരിക്കണമെന്നാണോ ഈ ചോദ്യത്തിന്റെ അർത്ഥം? പൂർണ്ണതയിലേയ്ക്കുള്ള യാത്രയാണ് യഥാർത്ഥ വിദ്യാഭ്യാസം. അപ്പോൾ ആ യാത്രയ്ക്കു വിഘാതം സൃഷ്ടിക്കുക എന്നത് തെറ്റുതന്നെ. ജ്ഞാനത്തിനു സമാനമായി ഈ പ്രപഞ്ചത്തിൽ മറ്റൊന്നുമില്ല എന്നതുകൊണ്ടാണ് വിദ്യാഭ്യാസ പ്രക്രിയ അനസ്യൂതം തുടരുന്നത്. ജ്ഞാനാൽ ജ്ഞാനത്തിൽക്കൂടി സത്യം ഒന്നേയുള്ളു അതിനെ പലരും പലതായി വ്യാഖ്യാനിക്കുന്നു എന്ന ഒരു മാനസീക തലത്തിൽ ഓരോ വ്യക്തിയുമെത്തുമ്പോഴാണ് സമൂഹം ഉത്തമ സമൂഹമാവുന്നത്. ഈ ശ്രേഷ്ഠ സമൂഹ സൃഷ്ടിക്കായി നടത്തുന്ന യജ്ഞമാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസം. ഈ യജ്ഞം നടന്നുകൊണ്ടിരിക്കെ തപോവനം തന്നെ അഗ്നിക്കിരയാകുന്ന അനുഭവം ഉണ്ടായാലോ? മനസ്സിൽ കാരുണ്യത്തിന്റെ സ്ഥാനത്ത് കാട്ടുതീ പടർന്നാൽ അതിന്റെ അനന്തരഫലം ഇങ്ങനെയൊക്കെയാവും. വിദ്യാഭ്യാസമെന്നത് അർപ്പണബോധത്തിന്റെ പ്രഭവസ്ഥാനമാണ്. അർപ്പണബോധമുണ്ടാകണമെങ്കിൽ അതിനുപയുക്തമായ കുടുംബാന്തരീക്ഷവും സാമൂഹ്യാന്തരീക്ഷവും വേണം. സുഖം കൂടുതൽ സുഖം എന്നിടത്ത് ഓരോ വ്യക്തിയും സ്വാർത്ഥതയുടെ കൂടാരത്തിലാവും, സ്വാർത്ഥതയും അർപ്പണബോധവും കൂടി ഒന്നിച്ചു സഞ്ചരിക്കില്ല. ഭോഗലാലസത വർദ്ധിപ്പിക്കുമ്പോൾ അർപ്പണബോധം യാത്രപറയും. മുതിർന്ന തലമുറ ആ തലമുറയുടെ തനിപ്പകർപ്പാവണം അടുത്ത തലമുറയും എന്ന ചിന്തയോടെ പലതിനും പരാതിയിടുന്നു. ഉദാരമനസ്കതയോടെ സമീപിക്കാവുന്ന ഒന്നല്ല വിദ്യാഭ്യാസം എന്ന രീതിയിൽ അതിലേയ്ക്ക് മുതിർന്ന തലമുറയുടെ ആശയാഭിലാഷങ്ങൾ അതേപടി കലർത്തുമ്പോൾ ഇളം തലമുറയ്ക്ക് പലപ്പോഴും പൊരുത്തപ്പെടാനാവാതെ വരും.

ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന എല്ലാ നന്മകളേയും പരമാവധി ചൂഷണം ചെയ്ത് സമൂഹ നന്മക്കായി ഉപയോഗിക്കുവാൻ പാകത്തിലുള്ളതാക്കുന്നതാവണം വിദ്യാഭ്യാസം എന്നുണ്ട്. ത്യാജ്യഗ്രാഹ്യവിവേചനാ ശക്തിയോടെ എല്ലാറ്റിനേയും കാണുവാനുള്ള കരുത്ത് ഓരോ വ്യക്തിക്കും നൽകേണ്ടതും വിദ്യാഭ്യാസം തന്നെ. സഹിജജ്ഞാനേനസദൃശ്യം പവിത്രമിഹ വിദ്യതേ എന്നു പറയുന്നത് അതുകൊണ്ടാണ്. മുതിർന്ന തലമുറ അതിന്റെ ദുരഭിമാനത്തിന്റെ ചിഹ്നങ്ങളാക്കി അടുത്ത തലമുറകളെ രൂപപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ നഷ്ടമാവുന്നതെന്തൊക്കെയാണെന്ന് നമ്മളോർമ്മിക്കാറുണ്ടോ? സ്വതബോധവും പ്രതികരണശേഷിയുമൊക്കെ ഈ തിരക്കിനിടയിൽ അപ്രത്യക്ഷമാവുന്നത് ആരറിയുന്നു! തെറ്റും ശരിയും തിരിച്ചറിയുക എന്ന പ്രാഥമിക ധർമ്മം പോലും സ്വായത്തമാക്കാൻ പ്രേരണ നല്കുന്നില്ലെങ്കിൽ പലതും വൃഥാ വ്യായാമങ്ങളാകുന്നു. തെറ്റിനെക്കുറിച്ചും ശരിയെക്കുറിച്ചും വലിയ ബോധ്യമില്ലെങ്കിൽ അവിടെ രണ്ടിനും തുല്യസ്ഥാനം കൈവരും. പരീക്ഷയ്ക്കു ശരിയുത്തരം എഴുതണം എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത് പരീക്ഷയ്ക്കു നല്ല മാർക്കു വാങ്ങിക്കണം എന്നു മാത്രമല്ല. തെറ്റിനെ തെറ്റായി കാണുവാനുള്ള ആർജ്ജവം നേടിയെടുക്കുക എന്നതുകൂടി അതിലുൾക്കൊള്ളുന്നു.

"കവി വേദവ്യാസൻ ഒരിക്കൽ വെളുപ്പാൻ കാലത്ത് കുളിക്കാൻ നദിയിലിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ തലയ്ക്കു മുകളിലിരുന്നു ചിലച്ച പക്ഷികളിൽ ഒന്നിനെ അദ്ദേഹം അമ്പെയ്തു വീഴ്ത്തി. ആരി കവിക്ക് ദുഃഖം സഹിക്കവയ്യാതെയായി. അദ്ദേഹം രാമായണം രചിച്ചു" വയലാറിന്റെ ഏറെ പ്രസിദ്ധമായ 'മാനിഷാദ' എന്ന കവിത പഠിച്ച ഒരു കുട്ടി ആ കവിതയെക്കുറിച്ചിങ്ങനെ എഴുതിവച്ചാൽ എന്താണവസ്ഥ. സർവ്വകലാശാല തലത്തിൽ നടന്നുവരുന്ന പരീക്ഷയിൽ എഴുതിയ ഉത്തരത്തിന്റെ ഭാഗമാണിത്. എന്റെ അറിവില്ലായ്മയാണ് എന്റെ ഏറ്റവും വലിയ അറിവ് എന്നു പറയുന്നതുപോലെ ഇത്തരം അപാകതകളെക്കുറിച്ച് അറിയുന്നതുപോലും അതിനെതിരെ ചിന്തിക്കുന്നതും നമ്മുടെ സമൂഹത്തിന്റേയും ഇളം തലമുറകളുടെ ശ്രദ്ധക്ക് അത്യന്താപേക്ഷിതമാണ്.

IVEES

READYMADES

MARINEDRIVE COCHIN -31

Ph:366070

# പുതിയ സഹസ്രാബ്ദത്തിലെത്തി നിൽക്കുമ്പോൾ......

നമ്മുടെയും നാമുൾക്കൊള്ളുന്ന ലോകത്തിന്റെയും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ കരുപ്പിടിപ്പിക്കുകയും ആ പ്രതീക്ഷകൾ യാഥാർത്ഥ്യമാക്കുന്നതിന് നമുക്ക് മുമ്പിലുള്ള തടസങ്ങളും വെല്ലുവിളികളും എന്തെന്ന അന്വേഷണവും നടത്തുമ്പോൾ കഴിഞ്ഞുപോകുന്ന നൂറ്റാണ്ടും സഹസ്രാബ്ദവും നമുക്ക് നല്കിയ സൂക്ഷിപ്പ് എന്തെന്ന പരിശോധനയും ഒഴിവാക്കപ്പെടാനാവില്ല. പോയ നൂറ്റാണ്ടും സഹസ്രാബ്ദവും മനുഷ്യരാശിയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ മുന്നേറ്റങ്ങൾക്കും സാക്ഷ്യം വഹിച്ച കാലഘട്ടങ്ങളായിരുന്നു. ഫ്യൂഡൽ പൗരോഹിത്യ മേധാവിത്വത്തിന്റെ കൂച്ചുവിലങ്ങുകൾ തകർത്തെറിഞ്ഞ് 17 -ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മനുഷ്യ ചരിത്രം പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചു. ശാസ്ത്ര-സാങ്കേതിക മേഖലകളടക്കം കൈവരിച്ച നേട്ടങ്ങൾ, വ്യാവസായിക വിപ്ലവം, സ്വാതന്ത്ര്യത്തിനും സമത്വത്തിനും സാഹോദര്യത്തിനും വേണ്ടിയുള്ള ഫ്രഞ്ച് വിപ്ലവം, എല്ലാംതന്നെ മുതലാളിത്ത വ്യവസ്ഥിതിയുടെ ഗുണഫലങ്ങളായിരുന്നു. അതോടൊപ്പം തന്നെ മുതലാളിത്ത ലോകത്തിന്റെ സാമൂഹിക വൈരുദ്ധ്യങ്ങൾ ചരിത്രത്തിലെ പുതിയ അന്വേഷണങ്ങൾക്കു വഴിവെച്ചു. തൊഴിലാളികളും സാധാരണക്കാരും അനുഭവിച്ച ദുരിതങ്ങളും, വ്യവസായ വത്ക്കരണം സൃഷ്ടിച്ച കൂട്ടായ്മയും പലതരം സംഘടിത മുന്നേറ്റങ്ങൾക്ക് കാരണമായി തീർന്നു. സമത്വാധിഷ്ഠിതമായ പുതിയ ലോകത്തിനു വേണ്ടിയുള്ള സോഷ്യലിസ്റ്റ് അന്വേഷണങ്ങളും ഒടുവിൽ മാർക്സിസവും മുന്നോട്ടു വന്നു. അതോടെ ജനാധിപത്യത്തെക്കുറിച്ചും അവസര സമത്വത്തെക്കുറിച്ചും സാമൂഹിക പുരോഗതിയെക്കുറിച്ചുള്ള മാനവരാശിയുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും അത് ചിറകു നല്കുകയായിരുന്നു. റഷ്യയിലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവവും ചൈനീസ് വിപ്ലവവും ലോകത്തിന്റെ ഭാവിയുടെ ദിശാ സൂചകങ്ങളായി മാറി. എന്നാലിന്ന് സോവിയറ്റ് യൂണിയന്റെ തകർച്ചയുമായി ബന്ധപ്പെട്ട് സോഷ്യലിസത്തെക്കുറിച്ചുള്ള ലോകജനതയുടെ സ്വപ്നങ്ങളെല്ലാം എന്നേയ്ക്കുമായി കുഴിച്ചുമൂടപ്പെട്ടിരിക്കുന്നു എന്നും ഇനിമേൽ കമ്പോള മുതലാളിത്ത വ്യവസ്ഥക്കപ്പുറമൊന്നും മനുഷ്യരാശിക്കു പ്രതീക്ഷിക്കുവാനില്ലെന്ന സാമ്രാജ്യത്വ പ്രചരണം പാരമ്യത്തിലെത്തിയിരിക്കുകയാണ്. ലോകാധിപത്യം നേടിയെന്നഹങ്കരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വം മൂന്നാം ലോകജനതയ്ക്കു മേൽ കല്പനകളും നിബന്ധനകളും അടിച്ചേല്പിക്കുകയും കടന്നാക്രമണങ്ങൾ രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു. ലോക ജനതയ്ക്കു ദുരിതങ്ങൾ മാത്രം സമ്മാനിക്കുന്ന ഈ കൊളോണിയൽ മേധാവിത്വത്തെ പ്രതിരോധിക്കുകയും ചെറുക്കുകയും എന്നുള്ളതാണ് ചരിത്രമിന്ന് നമ്മെ ഏല്പിക്കുന്ന കടമ. പുതിയ സഹസ്രാബ്ദത്തിന്റെ പടിവാതില്ക്കലെത്തിയ ഇന്ന് 600 കോടി വരുന്ന ലോക ജനസംഖ്യയിൽ 150 കോടിയും പട്ടിണിയിലാണെന്ന് യു എൻ തന്നെ ചൂണ്ടിക്കാട്ടുന്നു. ഓരോ മൂന്ന് മിനിറ്റിലും ഒരു കുട്ടിവീതം പട്ടിണിമൂലം ലോകത്ത് മരണമടയുന്നു. ചുരുക്കത്തിൽ ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ 150 കോടി ജനങ്ങൾ ഇന്ന് സാമ്രാജ്യത്വ ലോകം അടിച്ചേല്പിക്കുന്ന ദുരിതങ്ങൾക്ക് കീഴിലാണ് ജീവിക്കുന്നത്. സാമ്രാജ്യത്വ രാജ്യങ്ങൾ അതിന്റെ സാമ്പത്തിക, രാഷ്ട്രീയ താല്പര്യാർത്ഥം ഇന്ന് സ്വതന്ത്ര പരമാധികാര രാജ്യങ്ങൾക്കെതിരെ തുറന്ന സൈനിക കടന്നാക്രമണങ്ങൾ നടത്തുന്നു. ഹെയ്ത്തി മുതൽ കൊസോവോ വരെ കഴിഞ്ഞ ഒരു ദശക കാലത്തിനകം 11 രാജ്യങ്ങൾക്കെതിരെ അമേരിക്ക തുറന്ന സൈനിക ഇടപെടൽ നടത്തി. മത-വംശ വർണ്ണ-ദേശ സങ്കുചിത വികാരങ്ങളിളക്കി വിട്ടുകൊണ്ട് വിവിധ രാജ്യങ്ങളിൽ വമ്പിച്ച ആഭ്യന്തരക്കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ട് തങ്ങളുടെ മേധാവിത്വം ഉറപ്പിച്ചുനിർത്താനാണ് അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

മുതലാളിത്വം സൃഷ്ടിക്കുന്നതിന്റെ ഗുരുതരമായ ഈ സാമൂഹ്യ വൈരുദ്ധ്യങ്ങൾക്കൊപ്പം അതിന്റെ പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള ഇടപെടൽ ഇന്ന് ഏറ്റവും ഗുരുതരമായി ഉയർന്നു വന്നിട്ടുണ്ട്. ഓസോൺ പാളിയുടെ വിള്ളൽ കുടിവെള്ള സ്രോതസ്സുകളുടെ ശോഷണവും മലിനീകരണവും ആഗോളതാപനം എന്നിങ്ങനെ മനുഷ്യരാശിയുടെ നിലനില്പിന് ഭീഷണികളായ പ്രശ്നങ്ങൾക്ക് ലാഭം എന്നമാത്രം ലക്ഷ്യമാക്കുന്ന കമ്പോള വ്യവസ്ഥക്കു കീഴിൽ പരിഹാരം സാദ്ധ്യമാവില്ലെന്നുള്ള വസ്തുത ഇന്ന് അനുദിനം വ്യക്തമാകുന്നു. മനുഷ്യരാശിയുടെ നേർപകുതിയായ സ്ത്രീകൾക്കെതിരായ മർദ്ദന ചൂഷണങ്ങളും അവരെ വിപുലതോതിൽ വിപണന വസ്തുക്കളാക്കുന്നതും വർദ്ധമാനമായി വരുന്നു. കമ്പോള വ്യവസ്ഥയുടെ ഭ്രാന്തമായ തള്ളിക്കയറ്റത്തിനിടയിൽ ലോകത്തെമ്പാടുമുള്ള ഗോത്ര ആദിവാസി വിഭാഗങ്ങൾ വംശഹത്യയിലേയ്ക്കു തന്നെ ആട്ടിത്തെളിക്കപ്പെടുന്നു. ഈ സാഹചര്യം പുതിയ സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് രൂപം നല്കിയിട്ടുണ്ട്. ഈ സാമൂഹ്യ പ്രസ്ഥാനങ്ങളും ഇന്നത്തെ സാമ്രാജ്യത്വ കമ്പോള വ്യവസ്ഥയ്ക്കു പുറത്തെ തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകൂ എന്ന തിരിച്ചറിവ് നേടിക്കൊണ്ടിരിക്കുകയാണ്. നൂറുകോടിയിലേറെ ജനങ്ങൾ അധിവസിക്കുന്ന ഇന്ത്യയും ജനവിരുദ്ധ നയങ്ങൾക്ക് അടിപ്പെട്ട് ഗുരുതരമായ പ്രതിസന്ധിയിലാണ്. സാമ്രാജ്യത്വത്തിന്റെ പുത്തൻ കൊളോണിയൽ ചൂഷണങ്ങൾക്കനുസൃതമായ ആഗോള വത്കരണ, സ്വകാര്യ വത്കരണ, ഉദാര വത്കരണ നയങ്ങൾ രാഷ്ട്രീയ കക്ഷി മുന്നണി വ്യത്യാസമില്ലാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇന്ന് രാജ്യം ഭരിക്കുന്ന B.J.P. സർക്കാരാവട്ടെ ഒരു ഭാഗത്ത് ജീർണ്ണ ഫ്യൂഡൽ വ്യവസ്ഥയുടെ സംരക്ഷകരാകുമ്പോൾ തന്നെ വൈദേശിക നയങ്ങളുടെ നടത്തിപ്പുകാരുമാവുകയാണ്. W.T.O. കല്പനകൾ തീവ്രതരമായി നടപ്പിലാക്കുന്നതു മുതൽ ക്ലിന്റന്റെ ഇന്ത്യാ സന്ദർശനം വരെ സാക്ഷ്യപ്പെടുത്തുന്നത് ഈ വസ്തുതയാണ്. ഒരു ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിളിച്ച കേരളത്തെ, ശ്രീനാരായണ ഗുരു അയ്യങ്കാളി നവോത്ഥാന പ്രസ്ഥാനങ്ങളുടെ സാമൂഹ്യ മുന്നേറ്റങ്ങളും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ത്യാഗപൂർണ്ണ പോരാട്ടങ്ങളുമാണ് ഒരു ജനാധിപത്യ സംസ്ഥാനമായി കേരളത്തെ പരിവർത്തിപ്പിച്ചത്. കേരളം നേടിയെടുത്ത


**MidNight**

**CLUB SODA**

**100% SAFE PURIFIED SODA WATER**

MARKETTED BY

A.M CORPORATION COCHIN -18

PHONE : 366070

അത്തരം പുരോഗമന സാംസ്കാരിക മൂല്യങ്ങളെയെല്ലാം തകർക്കുന്ന തരത്തിൽ ഇന്ന് മത പുനരുജ്ജീവന ശക്തികളും മുതലാളിത്ത ജീർണ്ണ സാംസ്കാരിക കുത്തൊഴുക്കുകളും ശക്തമാവുകയാണ്.

ഈ സാഹചര്യത്തിൽ എങ്ങനെയാണ് പുതിയ നൂറ്റാണ്ടിനേയും സഹസ്രാബ്ദത്തെയും സ്വാഗതം ചെയ്യേണ്ടത്? പോയ നൂറ്റാണ്ടുകളിൽ മനുഷ്യരാശി നേടിയ മഹാനേട്ടങ്ങളെ സംരക്ഷിച്ചുകൊണ്ടും ആ നേട്ടങ്ങൾ നല്കിയ പ്രതീക്ഷകളെയും മനുഷ്യന്റെ ഭാവിയിലുള്ള വിശ്വാസത്തെയും അടിത്തറയാക്കി കൂടുതൽ മുന്നോട്ടു പോകാൻ ദൃഢബദ്ധരായി കൊണ്ടായിരിക്കണം നാം പുതിയ സഹസ്രാബ്ദത്തെ വരവേൽക്കേണ്ടത്. അത്തരമൊരു ശ്രമത്തിനു പകരം സർക്കാർ മെഷിനറി ഉപയോഗിച്ചുള്ള പൊള്ളയായ ആഘോഷങ്ങളോ മാമാങ്കങ്ങളോ ആക്കി പുതിയ സഹസ്രാബ്ദത്തിന്റെ വരവേല്പിനെ പരിമിതപ്പെടുത്തുകയാണിന്നു ചെയ്യുന്നത്. കഴിഞ്ഞ നൂറ്റാണ്ട് നേടിയെടുത്ത എല്ലാ മാനുഷിക നേട്ടങ്ങളെയും അട്ടിമറിക്കുന്ന ഇന്നത്തെ സാമ്രാജ്യത്വ പദ്ധതിക്കും ആഗോളവൽക്കരണ നടപടികൾക്കും എതിരെ വ്യക്തമായ നിലപാട് എടുക്കുകയും അതിന്റെ തെറ്റായ വികസന നിലപാടുകളെ തുറന്നെതിർക്കുകയും ചെയ്തുകൊണ്ടേ കേരളത്തിനു ഇനിയൊരു ഇഞ്ചെങ്കിലും മുൻപോട്ടു പോകാനാകൂ. പൊള്ളയായ ആഘോഷ ലഹരിയുടെയും കാതലായ പ്രശ്നങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടത്തിന്റെയും സങ്കുചിത സമീപനത്തിന്റെയും പേരിൽ മാനവീയതയ്ക്കെതിരെ ഉയർന്നു വന്നിരിക്കുന്ന എതിർപ്പുകളെയും വൈരുദ്ധ്യത്തെയും മുതലെടുത്തുകൊണ്ട് തങ്ങളുടെ മതാന്ധതയുടെ ദർശനങ്ങളും മറ്റും വിറ്റഴിക്കാൻ ഹിന്ദുത്വ ശക്തികളടക്കമുള്ള വിവിധ മത മൗലിക വാദികൾ നടത്തുന്ന ശ്രമങ്ങളും നാം കാണാതിരുന്നു കൂടാ.

ഈ സാഹചര്യത്തിൽ കടന്നുപോകുന്ന നൂറ്റാണ്ടിന്റെയും സഹസ്രാബ്ദത്തിന്റെയും വിലപ്പെട്ട നേട്ടങ്ങളെ സംരക്ഷിക്കാനും അതിന്നു നേരിടുന്ന ഗുരുതര വെല്ലുവിളികളെ തരണം ചെയ്യാനും നേരിടാനും കൂടുതൽ പ്രകാശമാനമായ ഒരു ഭാവി സമൂഹ സൃഷ്ടിക്കുവേണ്ടി നിലകൊള്ളുവാനും ദൃഢബദ്ധമായ പുരോഗമന ജനാധിപത്യ ശക്തികളുടെ ഒരു വിശാലമായ കൂട്ടായ്മയാണിന്ന് ഉയർന്നുവരേണ്ടത്. മത-വർഗ്ഗ-വംശ-ജാതി-ലിംഗ വിവേചനങ്ങളില്ലാത്തതും മനുഷ്യ സാഹോദര്യം പുലരുന്നതും പട്ടിണിയിൽ നിന്നും യുദ്ധങ്ങളിൽ നിന്നും ഉച്ചനീചത്വങ്ങളിൽ നിന്നും പാരിസ്ഥിതിക-അണ്വായുധ ഭീഷണികളിൽ നിന്നുമെല്ലാം മുക്തമായതുമായ ഒരു പുതിയ സമൂഹ സൃഷ്ടിക്കു വേണ്ടി നിലകൊള്ളാനും അതിനു വിഘാതമാവുന്ന എല്ലാത്തരം പ്രതിലോമപരവും മനുഷ്യത്വ വിഹീനവുമായ നിലപാടുകളെ ചെറുക്കാനും മുന്നോട്ടു വരികയാണ് ഇന്ന് മുഴുവൻ പുരോഗമന ജനാധിപത്യ ശക്തികളുടെയും കടമ.

Jaya P.T. I MCom.

*best wishes from:-*

## *Fashion Palace*

*College Jn. Kuravilangad*

PH: 230803, 231299,230341 (R)

*With best compliments from:*

NEW STANDARDS IN HEALTH CARE DISPOSABLES

# IVE LINKS

MANUFACTURERS OF
MEDICAL DISPOSABLE PRODUCTS
Like
I.V.SETS,B.T.&B.D SETS,MICRO DRIP SETS,
MEASURED VOLUME I.V. SETS,RYLE'S TUBE,
FEEDING TUBE ,SUCTION CATHETERAL
,URETHRAL CATHETER,URINE COLLECTION BAGS,
MUCOUS EXTRACTOR,BALLON CATHETERS,
FACE MASK,SURGEON'S CAP,
UMBILICAL CODE CLAMP,
MALE URINE DRAINAGE CONDOM etc

H.O.KEZHUVAMKULAM P.O.
CHERPUMKAL ,PALA
KOTTAYAM,KERALA-686584
FAX: 0482-267220
PH: 0482-267220,268066,269120

SALESDEPOT
12A,GROUND FLOOR
BEHIND ARAVIND HOSPITAL
GANDHONAGAR POST
MADURAI-20.
PH:650708

## സ്വതന്ത്ര ഭാരതത്തിന് അൻപതുവർഷം മാർഗ്ഗദീപമായ ഭരണഘടന

ഒരു നൂറ്റാണ്ടിലോ ഒരു ജനതയിലോ ഒതുങ്ങാത്ത വിശ്വമാനവനെ നമുക്കുതന്ന നൂറ്റാണ്ട് ഭാഗ്യവതി. കരംചന്ദുവും കാ[illegible] വസ്ത്രങ്ങളും, മന്ത്രതന്ത്രങ്ങളുമില്ലാതെ, നിഗ്രഹാനുഗ്രഹ ശക്തികളില്ലാതെ ജനകോടികളെ നയിച്ച ലോകാചാര്യനു ജന്മംനല്കിയ ഭാരതഭൂമിയും ഭാഗ്യവതി. എഴുപത്തെട്ടുവർഷത്തെ സ്വന്തം ജീവിതം ഇന്ത്യയുടെ എഴുപത്തെട്ടുവർഷത്തെ ചരിത്രമാക്കി മാറ്റിയ ഗാന്ധിജിയെ മാറ്റിനിർത്തിയാൽ ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യയെ പറ്റി ഏറെയൊന്നും പറയാനില്ല. മജ്ജയും മാംസവുമുള്ള ഗാന്ധിജി എന്നൊരു മനുഷ്യൻ ഒരിക്കൽ ഈ ഭൂമുഖത്തു ജീവിച്ചിരുന്നു എന്നു കേൾക്കുമ്പോൾ അടുത്ത നൂറ്റാണ്ടിലെ തലമുറ അത്ഭുതപ്പെടാൻ പോകുന്നുവെന്ന് അര നൂറ്റാണ്ടു മുൻപേ പ്രസിദ്ധ ഭൗതിക ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ പ്രവചിച്ചിരുന്നു. ഇനിയൊരു ഗാന്ധിജി ഉണ്ടാകാത്തിടത്തോളം കാലം ഐൻസ്റ്റീന്റെ പ്രവചനവും സത്യമായി നിലകൊള്ളും. ഗാന്ധിജി എന്നു നാം വിളിക്കുന്ന ഒരു മഹാത്മാവ് കാലാനുവർത്തിയായ സമഗ്ര ജീവിത സ്പർശിയായ ഒരു പ്രത്യയശാസ്ത്രം ലോകത്തിനു സമ്മാനിച്ചു. അഹിംസ എന്ന ഈ മന്ത്രച്ചരട് കെട്ടി അദ്ദേഹം ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിക്കൊടുത്തു. ഗാന്ധിജിയുടെ ജീവിതം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി മാറ്റിവെയ്ക്കപ്പെട്ടതായിരുന്നു. ഈ നൂറ്റാണ്ടിൽ ലോകത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങളിൽ ഒന്നായിരുന്നു ഗാന്ധിയൻ മാർഗ്ഗത്തിലൂടെ ഇന്ത്യ നേടിയ സ്വാതന്ത്ര്യം. ചോരപ്പുഴ ഒഴുകാതെ ലോകത്തിൽ ഒരു രാഷ്ട്രവും സ്വാതന്ത്ര്യം നേടിയതായി നമുക്കറിയില്ല. എന്നാൽ ഭാരതീയരുടെ മനസ്സു മനസ്സിലാക്കിയ ഗാന്ധിജി, ആർഷഭാരത സംസ്കാരത്തിൽ അടിയുറച്ച് അഹിംസയുടെ പശ്ചാത്തലത്തിൽ സമരം തുടങ്ങി. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം കൃശഗാത്രനായ ഗാന്ധിജിയുടെ മുന്നിൽ ശിരസ്സു നമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ശാന്തമായ നേതൃത്വം നമുക്കു നേടിത്തന്ന സ്വാതന്ത്ര്യം നാം സംരക്ഷിച്ചു. നമ്മുടെ ജനാധിപത്യത്തെയും പരിപാവനമായിത്തന്നെ നാം കാത്തുസൂക്ഷിച്ചു. മൂന്നു വർഷം മുൻപ് അതിന്റെ അൻപതാം വാർഷികത്തിൽ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി നിന്നുകൊണ്ട് മതേതരത്വത്തിലും, ജനാധിപത്യത്തിലും, ഫെഡറൽ വ്യവസ്ഥിതിയിലുമുള്ള വിശ്വാസം ആവർത്തിച്ചു പ്രഖ്യാപിച്ചു. രണ്ടായിരാമാണ്ട് ജനുവരി 26 ന് ഇന്ത്യ റിപ്പബ്ലിക്ക് ആയതിന്റെ 50 -ാം വാർഷികവും, ജനാധിപത്യത്തിന്റെ കാവൽ മാലാഖയായ നമ്മുടെ ഭരണഘടനയുടെ ഒരു വർഷം നീണ്ട സുവർണ്ണ ജൂബിലി ആഘോഷവും നാം കൊണ്ടാടി.

സ്വാതന്ത്ര്യപ്പിറവിയിൽ ഭരണഘടനാ നിർമ്മാണസഭയെ അഭിസംബോധന ചെയ്തു പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യ ഇന്നൊരു വഴിത്തിരിവിലാണെന്നും പുതിയ നേട്ടങ്ങൾക്കും വിജയങ്ങൾക്കുമായി ജനങ്ങൾ കാത്തിരിക്കുകയാണെന്നും പ്രഖ്യാപിക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷികാഘോഷം കണക്കെടുപ്പിന്റെ സന്ദർഭമായിമാറി. നേട്ടങ്ങൾ ഏറെയുണ്ടെങ്കിലും മറ്റു പല ഏഷ്യൻ രാജ്യങ്ങളും നമ്മെ മറികടന്നു വൻ പുരോഗതി കൈവരിച്ചതായി വിലയിരുത്തപ്പെട്ടു. എങ്കിലും അവസരങ്ങൾ ഇന്ത്യക്കായി ഒരിക്കൽക്കൂടി കാത്തിരിക്കുന്നു എന്ന പ്രതീക്ഷയാണ് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ പൊതുവെ പ്രതിഫലിച്ചത്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു നിയമനിർമ്മാണ സഭയല്ല നമ്മുടെ ഭരണഘടനയ്ക്കു


A NEW NAME FOR PURE GOLD

ശുദ്ധമായ
സ്വർണ്ണത്തിന്
പുതിയൊരു
നാമം



പ്രാസാ ജ്യൂവലറി
ഏറ്റുമാനൂർ
വെട്ടിക്കാട്ട് ബിൽഡിംഗ്, എം.സി. റോഡ്, ഫോൺ : 539850 (Res) 512377, 512655

രൂപം കൊടുത്തത്. പക്ഷേ ദേശീയധാരയിലെ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യമുള്ള അതിപ്രഗത്ഭരുടെ ഒരു നിരയായിരുന്നു ഭരണഘടനാ നിർമ്മാണ സഭ. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ പുതിയ ജനാധിപത്യ രാഷ്ട്രത്തിന്റെ മൂലക്കല്ലാക്കിക്കൊണ്ടാണ് ഡോ. ബി. ആർ. അംബേദ്കറുടെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതി ഭരണഘടന തയ്യാറാക്കിയത്. ഏകാത്മകത [Unity] സ്വഭാവം ഉൾക്കൊള്ളുന്ന ഫെഡറൽ ഘടനയാണ് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നത്. പ്രായപൂർത്തി വോട്ടവകാശത്തിൽ അധിഷ്ഠിതമായ പാർലമെന്ററി ഭരണസംവിധാനം സ്വീകരിച്ചിരിക്കുന്നു. (1) പീഠിക (2) ഒന്നുമുതൽ 395 വരെ വകുപ്പുകൾ [Articles] അടങ്ങുന്ന 22 അദ്ധ്യായങ്ങൾ (3) പതിനൊന്നു ഷെഡ്യൂളുകൾ (4) അനുബന്ധം [Appendix] എന്നിങ്ങനെയാണ് ഭരണഘടനയുടെ സംവിധാനം.

ഭരണഘടനയുടെ 'പീഠിക' ഇന്ത്യ പരമാധികാര സോഷ്യലിസ്റ്റ്, മതേതര ജനാധിപത്യ റിപ്പബ്ലിക് ആണെന്നു പ്രഖ്യാപിക്കുന്നു. സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി ചിന്തിക്കുവാനും ആരാധിക്കുവാനുമുള്ള സ്വാതന്ത്ര്യം, അവസര സമത്വം, തുല്യ പദവി എന്നിവ ഉറപ്പാക്കുക; വ്യക്തിയുടെ അന്തസ്സും, രാഷ്ട്രത്തിന്റെ ഐക്യവും കാത്തു സൂക്ഷിച്ചു കൊണ്ട് സാഹോദര്യം വളർത്തുക എന്നിവയാണ് ലക്ഷ്യമെന്നു പീഠിക വ്യക്തമാക്കുന്നു. ഭരണഘടനയിൽ 1999 ഡിസംബർ വരെ 79 ഓളം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഭരണഘടന ആറ് ഇനങ്ങളിലായി മൗലികാവകാശങ്ങൾ വാഗ്ദാനം ചെയ്യുന്നു. സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിനെതിരായുള്ള അവകാശം, മത സ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ അവകാശം, മൗലികാവകാശങ്ങൾ കോടതിയിലൂടെ സ്ഥാപിച്ചെടുക്കുന്നതിനുള്ള അവകാശം എന്നിവയാണവ. പശ്ചിമ ബംഗാളിലും, ബീഹാറിലും, ഒറീസ്സയിലും ഇന്ത്യയുടെ ചില വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലും നടമാടുന്ന രാഷ്ട്രീയവും, മതപരവുമായ അവകാശ ധ്വംസനങ്ങൾ മൗലികാവകാശങ്ങൾക്കെതിരേയുള്ള വെല്ലുവിളികളാണ്. മൗലികാവകാശങ്ങൾ പോലെ തന്നെ മൗലിക ചുമതലകളും തുല്യ പ്രാധാന്യമർഹിക്കുന്നു.

രാഷ്ട്രത്തിന്റെയും, ജനങ്ങളുടെയും താത്പര്യങ്ങൾ എല്ലാറ്റിനുമുപരിയായി പ്രതിഷ്ഠിച്ച നമ്മുടെ പൂർവ്വികരായ നേതാക്കന്മാരുടെ മാതൃക നമുക്കിന്നു കൈമോശം വന്നിരിക്കുന്നു. ഭരണഘടനയുടെ അടിസ്ഥാനത്തിൽ 13 പാർലമെന്റു തിരഞ്ഞെടുപ്പുകൾ സമാധാനപരമായി നടന്നു; അധികാര കൈമാറ്റങ്ങൾ സുഗമമായി. സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ, തിരഞ്ഞെടുപ്പു കമ്മീഷൻ, മാധ്യമങ്ങൾ എന്നിവ ജനാധിപത്യത്തിനു കരുത്തു പകരുന്നു. ഇതെല്ലാം ഭരണഘടനയിൽ ഇന്ത്യൻ ജനതയ്ക്കുള്ള വിശ്വാസത്തെയാണു വ്യക്തമാക്കുന്നത്. അടിയന്തിരാവസ്ഥയുടെ രണ്ടു വർഷമൊഴിച്ചാൽ എന്നും ജനാധിപത്യം ഇന്ത്യയിൽ ശ്വസിച്ചു നിന്നു എന്നത് ഏറ്റവും വലിയ നേട്ടം തന്നെ. അതേ സമയം ജനാധിപത്യ സംവിധാനങ്ങളെ വളർത്തിയെടുക്കുന്നതിനു പകരം അതിനെ ദുർബലമാക്കുന്ന നീക്കങ്ങൾ ഉണ്ടായതും രാഷ്ട്രീയ പാർട്ടികളിൽ നിന്നാണ്. ഭരണ സ്ഥിരത കേന്ദ്ര സർക്കാരിനുപോലും നഷ്ടപ്പെട്ടു. കൂറുമാറ്റം തടയാനുള്ള നിയമം 1985 ൽ പ്രാബല്യത്തിൽ വന്നിട്ടും പല തരത്തിലുള്ള കൂറുമാറ്റം യഥേഷ്ടം നടക്കുന്നു. പാർട്ടികളുടെയും, സ്ഥാനാർത്ഥികളുടെയും ബാഹുല്യം കൊണ്ട് ന്യൂനപക്ഷ കക്ഷികൾ ഭരണം കയ്യാളുന്നു. ജാതി മതാടിസ്ഥാനത്തിൽ വോട്ടുബാങ്കുകളെ പ്രീണിപ്പിച്ച് അധികാരം നേടിയെടുക്കുന്നു. അഴിമതി വ്യാപകമായി. ഭരണഘടനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയാണ് ഒരു പരിഹാര മാർഗ്ഗമെന്നു ചൂണ്ടിക്കാട്ടുന്നവർ ഭരണഘടനയ്ക്കല്ലാ ഭരണകർത്താക്കൾക്കാണു കാര്യശേഷിയും, ലക്ഷ്യബോധവും നഷ്ടപ്പെട്ടതെന്ന യാഥാർത്ഥ്യം ജനങ്ങളിൽ നിന്നു മറച്ചു പിടിക്കുന്നു.

ഭരണഘടനയ്ക്കു പോരായ്മകളുണ്ടായാലും സ്വഭാവഗുണവും കാര്യശേഷിയുമുള്ള ജനപ്രതിനിധികൾക്കു മികച്ച ഭരണം കാഴ്ച വെക്കാനാവും; ഈ സ്വഭാവഗുണമില്ലാത്തവരാണെങ്കിൽ മികച്ച ഭരണഘടന പോലും രാജ്യത്തിനു പ്രയോജനപ്രദമാകുകയില്ല എന്നായിരുന്നു ആദ്യത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദിന്റെ പ്രവചന തുല്യമായ വാക്കുകൾ. ഭരണഘടനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിൽ തെറ്റൊന്നുമില്ല, പുതിയവെല്ലുവിളികൾ ഉയരുന്നുമുണ്ട്. പക്ഷേ അടിസ്ഥാന ആശയങ്ങൾ മുറുകെ പിടിച്ചുകൊണ്ടു മാത്രമേ ഭേദഗതിയെക്കുറിച്ച് ആലോചിക്കാനാവൂ.

ഭരണഘടന അംഗീകരിച്ചിട്ട് അമ്പതാണ്ട് കഴിഞ്ഞെങ്കിലും അതിൽ പ്രതിഫലിച്ച ജനങ്ങളുടെ ആശയാഭിലാഷങ്ങൾ ഇന്നു പൂർണ്ണമായി നിറവേറിയിട്ടില്ല. പ്രാഥമിക വിദ്യാഭ്യാസം പോലും ഇപ്പോഴും നല്ലൊരു വിഭാഗത്തിനും നിഷേധിക്കപ്പെട്ടിരിക്കുന്നു. എന്തിനും ഏതിനും പരസ്പരം പഴിചാരി രക്ഷപെടുന്ന കേന്ദ്ര-സംസ്ഥാന ഭരണ കൂടങ്ങളുടെ നയം ഒരിക്കലും നന്നല്ല. വികസനത്തേക്കാളേറെ ആഘോഷങ്ങൾക്കു പ്രാധാന്യം നല്കുന്ന നമ്മുടെ സർക്കാർ കാട്ടുന്ന അധികാര ഗർവിന്റെയും, പണദുർവിനിയോഗത്തിന്റെയും തോത് നാൾക്കുനാൾ ഏറിവരുന്നു. കേരളത്തിന്റെസ്ഥിതിയും പരമദയനീയം തന്നെ. ഏറ്റവുമധികം ആളോഹരികടമുള്ള സംസ്ഥാനമാണ് കേരളം. 1999ലെ ബജറ്റിൽ ആളോഹരികടം 4745 രൂപയാണ് കേരളത്തിൽ എന്നാൽ കർണ്ണാടകയിൽ 2805 രൂപയും തമിഴ്നാട്ടിൽ 3243 രൂപയും മാത്രമേയുള്ളൂ എന്നതാണ് സത്യം. റവന്യൂകമ്മി അഥവാ സർക്കാരിന്റെ വരവും ചിലവും തമ്മിലുള്ള അന്തരം കുറഞ്ഞകാലംകൊണ്ട് നാനൂറുകോടിരൂപയിൽനിന്നും രണ്ടായിരം കോടി രൂപയിലെത്തിയതാണ് ഇക്കഴിഞ്ഞ വർഷങ്ങളിൽ നാം കണ്ടത്


## സെന്റ് മേരീസ് കോളേജ് ഓഫ് പാരാമെഡിക്കൽസ്

പർച്ച് റോഡ്, പള്ളിക്കവല കുറവിലങ്ങാട്

**കേന്ദ്ര ഗവ. അംഗീകൃത സ്ഥാപനം**

Approved by All India Council For Technical Education - CEP.

**(A STATUTORY BODY OF INDIA)**

**wide NO. AICTE / CEP / APPROVAL / F-NEW / 99 - 2000 / 161**

**കോഴ്സുകൾ,നഴ്സിംഗ്, മെഡിക്കൽ ലബോറട്ടറി, എക്സ്റേ**

പുതിയ ബാച്ച് ജൂണിൽ ആരംഭിക്കുന്നു

**Phone- 231321 (R), 230306 (O)**

ജനകീയസൂത്രണത്തിന്റെ പേരിൽ 99 ഡിസംബർ വരെ ഏകദേശം 1850 കോടിയോളം രൂപ ചിലവാക്കിയതായി കണക്കുകൾ ഉണ്ടെങ്കിലും പ്രത്യക്ഷത്തിൽ കാണാവുന്നനേട്ടം തുച്ഛമാണ്. അടിസ്ഥാന സൗകര്യങ്ങൾ നല്കുന്ന കാര്യത്തിൽ പോലും സർക്കാർ അമ്പേ പരാജയമാണ്. കാർഷിക,വ്യവസായിക, ശാസ്ത്ര മേഖലകളിൽ ഇന്ത്യ വൻ കുതിപ്പുകൾ നടത്തിയെങ്കിലും ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെട്ടു. ഇതിന് ഭരണഘടനയെ പഴിചാരേണ്ടതില്ല, ഭരണം നടത്തിയവരുടെ പരാജയമായേ കാണാനാകൂ. ഭാരത റിപ്പബ്ലിക്കിന്റെ അൻപതാം വാർഷികം ആഘോഷിച്ചവേളയിൽ രാജ്യത്തിന്റെ ചുവരുകൾക്കു വിളക്കും, വഴികളിൽ പ്രകാശവുമായി നിലകൊണ്ട നമ്മുടെ ഭരണഘടനയുടെ ഒരു വർഷം നീണ്ടുനിന്ന ആഘോഷങ്ങൾക്കു സമാപനം കുറിച്ചപ്പോൾ ലിഖിത രൂപത്തിലുള്ള നമ്മുടെ ഭരണഘടന പൊളിച്ചെഴുതുവാനാണ് നമ്മുടെ കേന്ദ്ര സർക്കാർ വെമ്പൽകൊണ്ടത്. സ്വന്തമായി ഭൂരിപക്ഷം നേടാനാകാത്ത ഒരു സഖ്യയും പാർട്ടികളുടെ കൂട്ടായ്മയായ ആ സർക്കാർ സ്വാർത്ഥതാത്പര്യങ്ങൾക്കായി നമ്മുടെ ഭരണഘടനയെ തകർക്കാൻ ശ്രമിച്ചതിന്റെ ഗൂഢ ലക്ഷ്യങ്ങൾ ഏവർക്കും ബുദ്ധിക്കു നിരക്കുന്നതാകുന്നു. എന്നാൽ ഭരണഘടന പരിഷ്കരിക്കേണ്ടതില്ലെന്നും, അത് കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിക്കാൻ കെൽപ്പുള്ളതാണെന്ന് തെളിയിച്ചതാണെന്നും അഭിവന്ദ്യ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണൻ പ്രസ്താവിക്കുകയുണ്ടായി. സർക്കാരിന്റെ വക്രബുദ്ധി വികസിപ്പിക്കുന്നതിനെതിരെ ഒരു തിരിച്ചടിയും, ശക്തമായ മുന്നറിയിപ്പുമായിരുന്നു രാഷ്ട്രപതിയുടെ സമയോചിതമായ പ്രഖ്യാപനം.

വികസ്വര രാഷ്ട്രത്തിൽ നിന്നും, വികസിത രാഷ്ട്രമായി ഇന്ത്യ മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആ പ്രയാണത്തിന് നമുക്കാവശ്യമായ കർമ്മോർജ്ജം ഇനിയും സംഭരിക്കാനായിട്ടില്ല. സ്വാർത്ഥലക്ഷ്യങ്ങളും, ദുഷ്ചിന്തകളും, വർദ്ധിച്ച സുഖഭോഗാസക്തിയും വെടിയാത്തിടത്തോളം കാലം നമുക്ക് ലക്ഷ്യപ്രാപ്തി നേടാനാവില്ല. രാജ്യത്തിന്റെ സമഗ്ര വളർച്ചക്കായി നമുക്ക് യത്നിക്കാം, വീണ്ടുമൊരു കാർഗിൽ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കാം. നമ്മുടെ കഴിവില്ലായ്മയുടെ, അതിബുദ്ധിയുടെ, മുൻകരുതലില്ലാത്ത പ്രവർത്തനങ്ങളുടെ, പിടിപ്പുകേടിന്റെ .................... ഒക്കെ പരിണിത ഫലമായിരുന്ന ആ വിപത്തിനെ നമുക്കു മറക്കാം. നമ്മുടെ ഭരണ നേതൃത്വം 'ഓപ്പറേഷൻ വിജയ്' ആഘോഷിച്ച വേളയിൽ രാജ്യത്തുയർന്ന ദീനരോദനങ്ങൾ ഇനിയും കേൾക്കാതിരിക്കാൻ നമുക്കു ശ്രമിക്കാം. അവിടെ നാം കണ്ട "അലമുറയിടുന്ന മാതൃത്വവും, സിന്ദൂരം മായ്ക്കപ്പെട്ട യൗവനവും, അനാഥത്വത്തിലേക്കു തള്ളിവിടപ്പെട്ട പിഞ്ചു ഹൃദയങ്ങളും" ഇനിയും കാണാതിരിക്കാനായി നമുക്കു പ്രാർത്ഥിക്കാം. സ്വന്തം വീടിന്റെ മലർക്കെ തുറന്നിട്ട വാതിലിലൂടെ അകത്തുകയറി ആധിപത്യം സ്ഥാപിച്ച ശത്രുവിനെ പുരക്ക് തീ വച്ച് ഓടിച്ചു എന്നു നാം വീമ്പിളക്കിയില്ലേ? അതായിരുന്നില്ലേ കാർഗിൽ യുദ്ധവും?!! സുഹൃദ് ബന്ധം സ്ഥാപിക്കാൻ അയൽപക്കത്തേക്ക് പോയനേരത്ത് ശത്രുക്കൾ നമ്മുടെ ഭവനത്തിന്റെ തറക്കല്ല് മാന്തുന്നതുകാണുവാൻ നമുക്കായില്ല!!!!!

ഭാരതാംബയുടെ അനുഗ്രഹത്താൽ നാനാത്വത്തിൽ ഏകത്വവും, മത സഹിഷ്ണുതയും, ത്യാഗസന്നദ്ധതയും കാത്തുസൂക്ഷിക്കുവാൻ നമുക്കാവണം. കുറവുകൾ നികത്തിയ പാപക്കറകൾ ഇല്ലാത്ത ഭാരതത്തെ പുതിയ സഹസ്രാബ്ദത്തിൽ കാണുവാൻ നമുക്കു പ്രത്യാശിക്കാം.

നിസ്വാർത്ഥമായ ആത്മബലിയിലൂടെ അനശ്വരനായി ചരിത്ര വിസ്മയമായി, ലോകത്തിന്റെ പൊതു സ്വത്തായി മാറിയ ഗാന്ധിജി നമുക്ക് അദ്ദേഹത്തെ മാതൃകയാക്കാം. ദുർബലന്റെ ആയുധമാണു ഹിംസ, ശക്തന്റേതാകട്ടെ അഹിംസയും. സ്നേഹത്തിലൂടെ മാത്രമേ നമുക്ക് എതിരാളികളുടെമേൽ വിജയം ഉറപ്പാക്കാനാകൂ എന്നു ലോകത്തെ പഠിപ്പിച്ച ഗാന്ധിജി - രാജ്ഘട്ടിൽ പുണ്യസ്മരണയായി മാറിയപ്പോൾ അദ്ദേഹത്തിന്റെ ജീവിതം ലോകത്തിനു മാർഗ്ഗദർശകമായ പാദമുദ്രകളായി.

മതമൈത്രിക്കും, സദ്ഭാവനക്കും, ധാർമ്മികമൂല്യങ്ങൾക്കും സർവ്വദാ പ്രാധാന്യം നല്കി അവയ്ക്കായി ജീവൻ ബലിയർപ്പിച്ച നമ്മുടെ രാഷ്ട്രപിതാവിനെ തള്ളിപ്പറയാതെ, അദ്ദേഹത്തിന്റെ പതിഞ്ഞ മെതിയടി ശബ്ദത്തിനു കാതുകൊടുക്കുന്ന ഒരു ഇന്ത്യയെ പുതിയ നൂറ്റാണ്ടിൽ കാണാനാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ജിസ് കുറ്റിക്കൽ III DC PHY

***Best compliments from:-***

**JEES FASHION JEWELLERY**

ELANJI

**ഗുണമേന്മയിൽ നമ്പർ - 1**

**റോയൽ മാർബിൾസ് ആന്റ് ഗ്രാനൈറ്റ്സ്**

**മുട്ടുചിറ**

**Telephone: 682053 (Shop),682825 (Res.)**

# കണ്ണൂരിന്റെ ദുഃഖം
## കേരളത്തിന്റേയും........

ഉയർത്തിപ്പിടിക്കുവാൻ എത്രയെത്ര മഹാൻമാരുടെ നാമങ്ങൾ! ഭാരതത്തിന്റെ സംസ്കാരം വിളിച്ചോതുന്ന എത്രയെത്ര ചരിത്ര സ്മാരകങ്ങൾ. ഒരു മലയാളിക്ക് ഏവരുടെ മുമ്പിലും തല ഉയർത്തിപ്പിടിച്ച് നിൽക്കുവാൻ ഇതൊക്കെ ധാരാളമായിരിക്കാം. പക്ഷേ കണ്ണൂർ എന്നു കേട്ടാൽ മലയാളി മക്കളുടെ തല താഴുന്നതോ? അത്ര താഴ്ന്നതും നീചവുമായ സ്ഥാനമാണ് ഇപ്പോൾ കണ്ണൂരിന് നമ്മുടെയിടയിലുള്ളത്. പാരതന്ത്ര്യത്തിനും സാമൂഹിക അസമത്വത്തിനും ശേഷം ഭാരതം നേരിടുന്ന പ്രശ്നങ്ങളിലൊന്നായ 'കൂലിയില്ലാജോലി' എന്ന രാഷ്ട്രീയത്തിന്റെ പേരിൽ മനുഷ്യനെ മൃഗങ്ങൾക്കു തുല്യം കാണുന്ന കണ്ണൂർ. അംഗഭംഗം സംഭവിച്ച സഹോദരന്മാരും ഇന്നും തേങ്ങുന്ന മനസ്സോടെ ജീവിക്കുന്ന വിധവകളും അമ്മമാരും തുടങ്ങി ഒത്തിരി ഒത്തിരി ഭാഗ്യഹീനരെ സൃഷ്ടിച്ച കണ്ണൂർ. അവസാനം ഗുരുവിനെ ദൈവമായിക്കാണുന്ന ഭാരതീയ സംസ്കാരത്തെ വെറും നോക്കുകുത്തിയാക്കി സ്വന്തം വിദ്യാർത്ഥികളുടെ അതും മുന്നിലിട്ട് ഒരു അധ്യാപകന് സംഭവിച്ച ദാരുണമായ അന്ത്യവും പിന്നതിന്റെ പ്രതികാരമായി കുറെ മനുഷ്യജീവനുകളും കൂടി... ഹോ! എന്തു ക്രൂരമായ അവസ്ഥ. എന്തു പറ്റി കേരളീയർക്ക്. വിദ്യാഭ്യാസത്തിൽ മുൻപന്തിയിലുള്ള നമ്മൾ എന്തിനിങ്ങനെ പെരുമാറുന്നു? വിദ്യാവിഹീനരെപ്പോലെ പ്രാഥമിക മര്യാദകൾ മനുഷ്യത്വത്തിന്റെ രാഷ്ട്രീയ പാർട്ടികൾ പോലും കാറ്റിൽ പറത്തിക്കൊണ്ട് എന്തിന് അണികളെ അക്രമരാഷ്ട്രീയത്തിലേയിക്ക് തള്ളിവിടുന്നു. രാഷ്ട്രീയ പാർട്ടികളുടെ വൈരുദ്ധ്യം ശത്രുതയായി മാറാതിരിക്കാൻ ശ്രമിക്കാത്തതായിരിക്കാം ഇതിനു കാരണം. 'ശത്രുത ഇല്ലാത്ത വൈരുദ്ധ്യം' എന്ന മാർഗ്ഗത്തിലൂടെയെങ്കിലും അവർ സഞ്ചരിക്കേണ്ടതായിരുന്നു. രാഷ്ട്രീയ വൈരുദ്ധ്യം ശത്രുതയായിക്കണ്ട് അതിനെ അക്രമരാഷ്ട്രീയത്തിലേക്ക് വലിച്ചിഴക്കപ്പെടാതിരിക്കട്ടെ! രാഷ്ട്രീയ വൈരുദ്ധ്യം ശാശ്വത ശത്രുതയായി മാറാതിരിക്കാൻ ഓരോ പാർട്ടിയും പരിശ്രമിച്ചാൽ അത് എല്ലാവർക്കും ഗുണകരമായി ഭവിക്കും. ഇവിടെ വേണ്ടത് പ്രതികാര മനോഭാവമല്ല മറിച്ച് സാഹോദര്യവും സമാധാന മനസ്ഥിതിയുമാണ്. ഏതെങ്കിലും ഒരു പാർട്ടിയെ ഉയർത്തിക്കാട്ടാനോ മറ്റോ അല്ല ഇതെഴുതുന്നത്, മറിച്ച് കേരളത്തിന്റെ സൽപ്പേര് നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഏറെനാളായി കേരള രാഷ്ട്രീയത്തിന്റെ സ്ഥിതി മനസ്സിലാക്കുകയും ചെയ്യുന്ന ഒരു സാദാ കേരളീയന്റെ ചിന്ത മാത്രമാണിത്.




Praveen Babu M IInd PDC

ആശംസകൾ
സ്വാദിഷ്ടമായ ഭക്ഷണത്തിന്
ഹോട്ടൽ നൈമ്പ്
കോളേജ് ജങ്ഷൻ
കുറവിലങ്ങാട്.

BEST COMPLIMENTS FROM:-
Pallavi Shoppe & Sweets
Central Jn. Kuravilangad Ph : 230113

# ആധുനീക വിദ്യാഭ്യാസം - പ്രശ്നങ്ങൾ - പരിഹാരങ്ങൾ

**Feby Mathew I PDC**

അഭിമാനാർഹമായ പല നേട്ടങ്ങളും വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുണ്ടെങ്കിലും ഈ രംഗം ഇന്നും പ്രശ്നങ്ങളുടെ നീർച്ചുഴിയിൽപ്പെട്ടു കറങ്ങുകയാണ്. പരിപാവനവും പരിശുദ്ധവുമായി കരുതേണ്ട നമ്മുടെ സരസ്വതി ക്ഷേത്രങ്ങൾ അസ്വസ്ഥതയുടേയും രാഷ്ട്രീയ പോരാട്ടങ്ങളുടേയും കേളീരംഗമായിത്തീർന്നിരിക്കുന്നു. താത്വികങ്ങളും പ്രായോഗികങ്ങളുമായ നിരവധി പ്രശ്നങ്ങൾ കൊണ്ട് കെട്ടുപിണഞ്ഞുകിടക്കുന്ന വിദ്യാഭ്യാസ മണ്ഡലം ഈ കാലഘട്ടത്തിന്റെ ഏറ്റവും ഉഗ്രങ്ങളായ ആശയ സംഘട്ടനങ്ങൾ നടക്കുന്ന ഒരു വേദിയാണ്.

വിദ്യാഭ്യാസത്തിന്റെ ഏറ്റവും മൗലികവും അടിസ്ഥാനപരവുമായ ലക്ഷ്യം പൂർണ്ണമായ മനുഷ്യത്വമാണ്. സ്വാമി വിവേകാനന്ദന്റെ വാക്കുകളിൽ "Education is the manifestation of perfection in man." ആകസ്മികങ്ങളും അർത്ഥശൂന്യങ്ങളുമായ കാലിക സംഭവങ്ങളുടെ ചുഴിക്കുത്തിൽ പെട്ട് നാം നട്ടം തിരിയുന്ന മനുഷ്യന് വിജയകരമായ ജീവിത നിർവ്വഹണത്തിന് വിദ്യാഭ്യാസം കൂടിയേ തീരു. വ്യഗ്രനും നിരാശനും ലക്ഷ്യബോധമില്ലാത്തവനുമായ ആധുനീക മനുഷ്യനെ നേരായ പാതയിലേക്കു നയിക്കുവാൻ ഉത്തമ വിദ്യാഭ്യാസത്തിനു കഴിയും. ഇന്ന് വിദ്യാർത്ഥികൾ പഠിക്കുന്ന വിഷയങ്ങൾക്ക് പ്രായോഗിക ജീവിതവുമായി വലിയ ബന്ധമൊന്നുമില്ല. സുപ്രസിദ്ധ ചിന്തകനായ ഡൗളിങ്ങിന്റെ അഭിപ്രായത്തിൽ ജ്ഞാനാജ്ഞാനത്തിൽ ആഹ്ളാദവും പഠിച്ചതുപയോഗപ്പെടുത്തി ജീവിക്കാനുള്ള സാദ്ധ്യതയും - ഇവ രണ്ടിനെയും തമ്മിലിണക്കി കൊണ്ടുള്ള വിദ്യാഭ്യാസമാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് ഏറ്റവും പറ്റിയത്. പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചു പായുന്ന ഈ യുഗത്തിൽ ആധുനിക ചിന്താഗതിക്കനുസൃതമായ ഒരു വിദ്യാഭ്യാസ വീക്ഷണം നമുക്കാവശ്യമാണ്. കൂലി വേല ചെയ്യുന്നവർ അന്നന്നത്തെ ഇടം കഴിക്കാനുള്ള വരുമാനം തേടുമ്പോൾ പഠിച്ചവർ ഒന്നും ചെയ്യാനില്ലാതെ കറങ്ങുകയാണ്. ഒരു വശത്ത് ജീവിത പ്രയാസങ്ങളും മറു വശത്ത് ശരീരാദ്ധ്വാനം വേണ്ടുന്ന ജോലി ചെയ്യുന്നതിലുള്ള ദുരഭിമാനവും ഈ പരക്കം പാച്ചിലിൽ നിന്ന് ഒരു പരിധി വരെ രക്ഷിക്കുന്നതിന് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന് സാധിക്കും. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും - അതായത്- വിദ്യാർത്ഥി, അദ്ധ്യാപകൻ, രക്ഷകർത്താവ്, ഗവൺമെന്റ് - എന്നീ ഘടകങ്ങൾ എല്ലാം ഒത്തുചേർന്ന് പരസ്പരധാരണയോടും ഉദ്ദേശ ശുദ്ധിയോടും കൂടി കൂട്ടായ ചർച്ചയിലൂടെയും, ശാസ്ത്രീയ സമീപനത്തിലൂടെയും പ്രശ്നങ്ങളെ അഭിമുഖീകരിച്ചെങ്കിൽ മാത്രമേ ഈ രംഗത്ത് പരിപൂർണ്ണ വിജയം കൈവരിക്കാൻ സാധിക്കുകയുള്ളു. വിദ്യാർത്ഥി ലക്ഷ്യബോധമുള്ളവനായിരിക്കണം. വിദ്യാർത്ഥികളിലെ അലംഭാവവും, ആത്മാർത്ഥതയില്ലായ്മയും, അധികാരികളോടുള്ള അനാദരവും, അദ്ധ്വാനിക്കാതെ ഫലം നേടാനുള്ള ആവേശവും, ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒഴിച്ചോട്ടവും നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിലെ കാതലായ പ്രശ്നങ്ങളാണ്. തികഞ്ഞ അച്ചടക്ക ബോധവും, അദ്ധ്വാനിച്ചു വലുതാകാനുള്ള അഭിവാഞ്ഛയും തികഞ്ഞ ദേശസ്നേഹവും സ്വഭാവനൈർമ്മല്യവും വിദ്യാർത്ഥികളിൽ ഉളവാകത്തക്കവണ്ണം നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം രൂപവത്കരിക്കപ്പെടണം.

സൃഷ്ടി സ്ഥിതി സംഹാരമൂർത്തിയാണ് അദ്ധ്യാപകൻ. സൃഷ്ടിക്കുവാനും, സംരക്ഷിക്കുവാനും, സംഹരിക്കുവാനുമുള്ള കഴിവ് അദ്ധ്യാപകനുണ്ട്. അദ്ധ്യാപനം ഒരു ചടങ്ങല്ല അത് ബലിയർപ്പണമാണ് ആ ദൗത്യം പൂർണ്ണമായി നിർവ്വഹിക്കണം. അദ്ധ്യാപനത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കണം. വിദ്യാഭ്യാസത്തിന്റെ ചുക്കാൻ പിടിക്കുന്നത് സർവ്വകലാശാലകളും ഗവൺമെന്റുകളുമാണ്. കൂടെ കൂടെ ഉള്ള പരീക്ഷണങ്ങളാണ് വിദ്യാഭ്യാസരംഗത്തെ അസ്വസ്ഥതയ്ക്കു മറ്റൊരു കാരണം. സൂക്ഷ്മ ദൃഷ്ടിയോടു കൂടി രംഗനിരീക്ഷണം നടത്തി കുറവുകൾ അപ്പപ്പോൾ പരിഹരിച്ച് മുന്നോട്ടു നീങ്ങണം. അത്തരമൊരു കർമ്മ മണ്ഡലം വിദ്യാഭ്യാസരംഗത്തുണ്ടായാൽ മാത്രമേ ആനുകാലിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തത നേടുക, തൊഴിലില്ലായ്മ പരിഹരിക്കുക, സാമൂഹ്യവും ദേശീയവുമായ ഉദ്ഗ്രഥനം നേടുക, വ്യാവസായികമായി പുരോഗമിക്കുക തുടങ്ങിയവ ഇന്നിന്റെ ആവശ്യങ്ങളാണ്. അവ നിറവേറ്റുന്ന വിധത്തിലുള്ളതാവണം നമ്മുടെ വിദ്യാഭ്യാസം. നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിലെ പരാജയകാരണങ്ങളിലൊന്ന് വിദ്യാർത്ഥികളുടെ സമരമാണ്. തൊട്ടതിനും പിടിച്ചതിനുമൊക്കെ സമരം ചെയ്യുന്നതുകൊണ്ട് അദ്ധ്യയന ദിവസങ്ങൾ പലതും നഷ്ടപ്പെടുന്നു. അതുകൊണ്ട് നിരന്തര ചലന കേന്ദ്രമായ കലാലയത്തിൽ പാഠ്യാനുബന്ധവും പാഠ്യേതരവുമായ പല പരിവർത്തനങ്ങളും നടക്കാതെ പോകുന്നു. രാഷ്ട്രീയത്തിന്റെ നീരാളിപ്പിടുത്തമാണ് പലരേയും അപഥ സഞ്ചാരത്തിന് പ്രേരിപ്പിക്കുന്നത്. അതുകൊണ്ട് രാഷ്ട്രീയാതിപ്രസരം ഒരു പരിധി വരെ ഒഴിവാക്കണം. പൗരസ്ത്യ സംസ്കാരത്തിന്റെ ഈറ്റില്ലമായ നളന്ദയിലും, തക്ഷശിലയിലും മാത്രമല്ല പുതിയ ബനാറസിലും അലിഘട്ടിലും ശാന്തിനികേതനത്തിൽ പോലും അസ്വസ്ഥതകൾ ഉണ്ടാകുമ്പോൾ മൂല്യബോധമുള്ള ഒരു തലമുറയ്ക്കായി മുറവിളി ഉണ്ടാകുന്നു. നാളത്തെ വാഗ്ദാനമായ ഇന്നത്തെ വിദ്യാർത്ഥികൾക്ക് വേണ്ടത്ര അറിവും പരിശീലനവും നൽകിക്കൊണ്ട് പരിവർത്തനത്തിന്റെ പുതിയ പാതകൾ വെട്ടിത്തുറക്കാൻ നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിന് സാധിക്കണം.

22 ct Gold Fashion Ornaments.
വാഴത്തനപ്പള്ളിൽ
ഫാഷൻ
ജ്വല്ലറി
സെൻട്രൽ ജംഗ്ഷൻ
കുറവിലങ്ങാട് Ph. 230606 Res. 230404

# അഗ്നിസാക്ഷിയായ് മലയാളത്തിന്റെ അമ്മ

**Biju T. M I PDC.**

"അഗ്നിസാക്ഷിയായി വേളികഴിച്ച് ഇല്ലത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിട്ട 'ആത്തേന്മാരുടെ' ഏകാന്ത ദുഃഖങ്ങളുടെയും ഗദ്ഗദങ്ങളുടെയും തുടിപ്പുകൾ" 'അഗ്നിസാക്ഷി' എന്ന നോവലിലൂടെ അവതരിപ്പിച്ച് ലളിതാംബിക അന്തർജനം മലയാളത്തിന്റെ അമ്മയായി മലയാളികളുടെ മനസ്സുകളിൽ സ്ഥാനം പിടിക്കുകയായിരുന്നു. കൊട്ടാരക്കര താലൂക്കിൽ കോട്ടവട്ടത്ത് വി. കെ ദാമോദരൻ പോറ്റിയുടെയും ആര്യ അന്തർജനത്തിന്റെയും മകളായി ജനിച്ച 'ലളിതാംബിക' എന്ന ഈ സാധാരണ നമ്പൂതിരി പെൺകുട്ടി പിൽക്കാലത്ത് മലയാളത്തിന്റെ അമ്മയായും മലയാളസാഹിത്യത്തിന്റെ മുത്തശ്ശിയായും മാറുമെന്ന് അന്ന് ആരും കരുതികാണില്ല. അവർ ജീവിതത്തിൽ എന്തെല്ലാം നേടിയിട്ടുണ്ടോ അതിന്റെ മുഴുവൻ പ്രശംസയും അവർക്ക് തന്നെയുള്ളതാണ്. കാരണം സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത ലളിതാംബികയ്ക്ക് വീട്ടിൽ വച്ചുള്ള പ്രാഥമിക വിദ്യാഭ്യാസം മാത്രമേ കിട്ടിയിരുന്നുള്ളു. പിന്നീട് സ്വന്തം പ്രയത്നം ഒന്നുകൊണ്ട് മാത്രമാണ് വിജ്ഞാനത്തിന്റെ മണിഗോപുരത്തിൽ എത്തപ്പെട്ടത്. വിവിധ സാഹിത്യ സംഘടനകളുമായി പ്രവർത്തിച്ച് അവിടെയെല്ലാം തന്റെ വ്യക്തിമുദ്രപതിപ്പിക്കാൻ ലളിതാംബികയ്ക്ക് കഴിഞ്ഞു.

ഒരു കാലഘട്ടത്തിൽ കഥ, കവിത, നോവൽ എന്നിങ്ങനെ സാഹിത്യത്തിന്റെ എല്ലാ മണ്ഡലങ്ങളിലും തിളങ്ങി നിന്നിരുന്ന ഒരു സാഹിത്യകാരിയായിരുന്നു ലളിതാംബിക അന്തർജനം. 'അഗ്നിസാക്ഷി' എന്ന ഏക നോവലിന് വയലാർ രാമവർമ്മ അവാർഡും 'സീത മുതൽ സത്യവതി വരെ' 'ഗോസായി പറഞ്ഞ കഥ' എന്നീ കൃതികൾക്ക് സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്.
മലയാള ചലച്ചിത്രവേദിയിലെ പ്രഗത്ഭനായ യുവസംവിധായകൻ ശ്യാമപ്രസാദിന്റെ മേൽനോട്ടത്തിൽ 'അഗ്നിസാക്ഷി' എന്ന നോവൽ വെള്ളിത്തിരയിൽ പുനർജനിച്ചപ്പോൾ അത് മലയാള സഹൃദയമനസ്സിന് പുത്തൻ അനുഭവമായി മാറി. അനേകം കവിതകൾക്കും, ചെറുകഥകൾക്കും ഉത്ഭവ കാരണമായ ആ മനസ്സിനെ മനുഷ്യന്റെ ക്രൂരത വല്ലാതെ വ്രണപ്പെടുത്തി. അക്കാലത്ത് നമ്പൂതിരി സ്ത്രീകളുടെ നരകതുല്യമായ യാതനകളും കഷ്ടതകളും അവരെ വല്ലാതെ വേദനിപ്പിച്ചു. ബ്രാഹ്മണ സമുദായത്തിലെ അന്ധവിശ്വാസത്തിനും, അനാചാരത്തിനും എതിരെ അവർ തൂലികയും അക്ഷരങ്ങളും ഉപയോഗിച്ച് പടവെട്ടി. ആ പടവെട്ടലിൽ വിജയം അവർക്ക് അനായാസമായിരുന്നു. അങ്ങനെ സ്വന്തം സമുദായത്തെ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും പുതിയ മേഖലയിലേക്ക് കൈപിടിച്ചുയർത്തി. കൊച്ചുകുട്ടികളുടെ മുത്തശ്ശിയായ അവർ തന്റെ ബാലസാഹിത്യ കൃതികളിലൂടെ ഇങ്ങനെ പറഞ്ഞു. "ഇതാണ് മനുഷ്യലോകം, ഇവർക്ക് വീടുകൾ ഉണ്ട്, വണ്ടികളും വിമാനങ്ങളും ഉണ്ട്, എന്നാൽ ഒന്നുമാത്രമില്ല. 'സ്നേഹം.'"

'ഒളിവിൽനിന്ന് ഒളിവിലേക്ക്', 'തിരപ്പാരിപ്പുകൾ' എന്നീ കഥകളുടെ ജന്മകാരണം സ്വന്തം സമൂഹത്തോടും ദേശത്തിനോടുമുള്ള അകമൊഴിഞ്ഞ കർത്തവ്യബോധമായിരുന്നു. ഇത് ഗാന്ധിജിയോടുള്ള സ്നേഹത്തിന്റെ സ്വാംശീകരണത്തിന്റെയും ഫലമായിരുന്നു.

മലയാള സാഹിത്യ തറവാടിനു വേണ്ടി ഉഴിഞ്ഞുവെച്ച ആ ജീവിതം 74-ാം വയസ്സിൽ എന്നന്നേക്കുമായി പൊലിഞ്ഞു. 2000 ഫെബ്രുവരി 8-ാം തിയതി 23 വർഷം തികയുകയാണ്, ആ അമ്മയുടെ ചൈതന്യം നമ്മെ വിട്ടുപിരിഞ്ഞിട്ട്. എങ്കിലും ജീവൻ തുടിച്ചുനിൽക്കുന്ന ആ കഥാ സൃഷ്ടികൾ ഇന്നും ജീവിക്കുന്നു പുസ്തകത്താളുകളിലും, മലയാളികളുടെ മനസ്സിലും. മലയാളത്തിന്റെ അമ്മയായി, മലയാളത്തിന്റെ പുണ്യമായി.....


സമൂഹത്തിലെ ഏതു തരം വരുമാനക്കാർക്കും
ഏതു ആവശ്യങ്ങൾക്കും ഉപകരിക്കുന്ന
വിവിധ ഇനം മാസ ചിട്ടികൾക്ക്

## മാതാ

### ചിട്ട്സ് & ഫൈനാൻസ്

രജി. ഓഫീസ്. ഇലഞ്ഞി
സെന്റ്. പീറ്റേഴ്സ് & പോൾസ് ചർച്ച് ബിൽഡിംഗ്സ്, **Ist Floor**

സെപ്റ്റമ്പർ 1 ന് ആരംഭിക്കുന്ന ചിട്ടികൾ

| ഡിവിഷൻ | ദിവസം | മാസം | തവണ | സല. |
|---|---|---|---|---|
| **MR-A** | 100 രൂപ | 2500 രൂപ | 40 | 1,00,000 രൂപ |
| **MR-B** | 50 രൂപ | 1250 രൂപ | 40 | 50,000 രൂപ |
| **MR-C** | 25 രൂപ | 625 രൂപ | 40 | 25,000രൂപ |

# ഒരു സൂതപുത്രന്റെ ഓർമ്മയ്ക്ക്

SEENA AUGUSTINE II DC MATHS

കർണ്ണൻ, വീരനവൻ ധർമ്മിഷ്ഠൻ
കുരുക്ഷേത്രാങ്കണത്തിലെ ദുഃഖിതൻ,
നിൻ ജീവിതമെന്നിൽ ദുഃഖമുണർത്തുന്നു.
നിന്നുടെ ചെയ്തികളെനിക്ക് ചിന്തയായിടുന്നു.

*കുന്തിക്ക് തൻസിദ്ധി വിശ്വാസമായിടാൻ*
കളിയായ് സൂര്യദേവനെ സ്മരിച്ചവൾ
കഷ്ടമെന്നല്ലാതെന്ത് ചൊല്ലിടും ഞാൻ,
കർണ്ണാ, നീയീ മന്നിൽ ഭൂജാതനായ്.
കന്യകയിവൾ ഗർഭം ധരിക്കയോ,
കളങ്കമിത് സ്ത്രീക്കപമാനം
രാജപുത്രിയെങ്കിലും ഭ്രഷ്ടയായിടും
രാജപ്രീതി നിനക്കും നഷ്ടമാകില്ലയോ?
വന്നില്ലെങ്കിലുമീവിധമൊന്നുമേ,
വെടിഞ്ഞവൾ തന്നോമൽ കുഞ്ഞിനെ,
ആറ്റിലൊഴുക്കി നീ സ്വപുത്രനെ,
ആരോരുമറിയാതൊരു പെട്ടകത്തിൽ.
ആളുകളറിഞ്ഞില്ലീ പാതകം.
ആരുമീ പാപം കണ്ടുമില്ലെങ്കിലും,
അല്ലയോ അമ്മേ, ക്ഷമിക്കുമോ നിന്നോട്,
അനശ്വര വിശ്വചൈതന്യമാമീശ്വരൻ.
സന്താനഭാഗ്യമറിയാത്തൊരു സൂതന്
സമ്മാനമായ് നീ സൂതപുത്രനായ്,
നിന്നുടെ ജീവൻ നിലനിന്നുപോലും
നഷ്ടമായില്ലയോ രാജപൈതൃകം.
ആശകൾ പരിധിയിലൊതുക്കാനാകാതെ,
അറിയാതെപറഞ്ഞുപോയൊരു കള്ളം.
ആരാധ്യഗുരുവിൻ നടുക്കുന്ന ശാപം
ആകുലനായ് ഏറ്റ് വാങ്ങിയവൻ നീ
ആയോധനവിദ്യ കരസ്ഥമാക്കുവാൻ
അളവില്ലാത്ത യാതന സഹിച്ചവൻ.
ജന്മി കുലമഹിമയുള്ളവൻ, കർണ്ണൻ
ജാതകത്താൽ നഷ്ടമായൊരു പ്രതാപം
സ്വഭ്രാതാവിൻ സൂതപുത്രവിളിയിൽ,
സ്വരം നഷ്ടമാക്കി നിന്നവൻ നീ.
അലറി പറയാമായിരുന്നില്ലേ സത്യം
അമ്മയേയും ചൂണ്ടിക്കാണിക്കാമായിരുന്നു
ഇന്ദ്രന്റെ വഞ്ചന മുന്നേ അറിഞ്ഞിട്ടും
ഇഹത്തിലേതോ നിശബ്ദ ജീവിയായ്
സ്വാർത്ഥനായൊരു പിതാവിൻ മുന്നിൽ
സ്വസ്ഥനായ് നീട്ടിയോ നിൻ കമണ്ഡലു.



നിശബ്ദമാം രാവിന്റെ മറവിൽ
നിറകണ്ണുകളുമായ് എത്തിയൊരമ്മ
അവർ തൻ സ്വാർത്ഥ യാചനയിൽ നീ
ആർദ്രഹൃദയനായ് അലിഞ്ഞില്ലാതായവൻ.
കർണ്ണാ, നിൻ മൃത്യുവേള ദയനീയം
കാരണമേതുമില്ലാതെ നിന്നെയും കൊന്നവർ
കഷ്ടതകളേറെ സഹിച്ച ധർമ്മിഷ്ഠാ
കാര്യമായൊന്നുമില്ല നീ ഇതിഹാസങ്ങളിൽ.
ഈശ്വരനാണ് ശ്രീകൃഷ്ണനെങ്കിലും
ഈ വിധം ചെയ്യുവാനെന്താണ് ന്യായം.
ഈശ്വരനല്ലയോ പൃഥ്വിപാലകൻ
ഇഹത്തിലെ നീതി സംരക്ഷകൻ.

# വിശ്വഗുരു

വിജിൻ മാത്യു
ഒന്നാം വർഷ പ്രീഡിഗ്രി

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹാനായ കേരളീയനാണ് ശ്രീനാരായണഗുരു. ഒരു അവർണ്ണസമുദായത്തിലെ സാധാരണ കുടുംബത്തിൽ ജനിച്ച അദ്ദേഹം അസാധാരണ വ്യക്തിത്വവും ആത്മീയചൈതന്യവും കൊണ്ട് ജീവിച്ചിരുന്ന കാലത്തുതന്നെ എല്ലാ ജാതി-മത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടേയും സ്നേഹവും ബഹുമാനവും ആർജ്ജിച്ച് ഒരു വിശ്വഗുരുവെന്ന ഉന്നത സ്ഥാനത്തിനർഹനായി.

**മതമേതായാലും മനുഷ്യൻ നന്നായാൽ മതി.**

ലളിതജീവിതത്തിന്റേയും ഉന്നതചിന്തയുടേയും പ്രതീകമായിരുന്നു ഗുരുദേവൻ. ദശകങ്ങൾക്കു മുൻപ് ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ പ്രശസ്ത ഫ്രഞ്ചു തത്ത്വചിന്തകനായിരുന്ന റൊമെയ്ൻ റോളണ്ട് ഗുരുവിനെ വിലയിരുത്തിക്കൊണ്ട് ഇങ്ങനെ പ്രസ്താവിച്ചു "കഴിഞ്ഞ നാല്പതു വർഷക്കാലമായി തിരുവതാംകൂർ രാജ്യത്ത് ഏകദേശം ഇരുപത് ലക്ഷം ജനങ്ങളിൽ ആദ്ധ്യാത്മിക സ്വാധീനം ചെലുത്താൻ ശ്രീനാരായണഗുരുവിന്റെ തപശ്ചര്യകൾക്കും നിഷ്കാമകർമ്മങ്ങൾക്കും കഴിഞ്ഞു."

ആധുനിക കേരളത്തിലെ സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിന്റെ ശില്പിയായിരുന്നു ശ്രീനാരായണഗുരു. ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ച കേരളത്തിന്റെ സാമൂഹികരംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്തുവാൻ ഗുരുദേവന് സാധിച്ചു. ജന്മനാ മനുഷ്യരെല്ലാം സമന്മാരാണെന്നും അദ്ദേഹം തന്റെ കൃതികളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സമർത്ഥിച്ചു. സാർവ്വലൗകികമായ മാനവികതയുടേയും സാഹോദര്യത്തിന്റേയും സന്ദേശവാഹകനായിരുന്നു ഗുരു. എല്ലാ മതങ്ങളുടേയും പരമോദ്ദേശ്യം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിക്കുന്നതിൽ അർത്ഥമില്ലെന്നുമുള്ള സന്ദേശം അദ്ദേഹം പ്രചരിപ്പിച്ചു.

ശ്രീനാരായണഗുരുവിന്റെ പലപ്രഖ്യാപനങ്ങളും സൂക്തങ്ങളും അദ്ദേഹത്തിന്റെ സാർവ്വലൗകിക വീക്ഷണത്തേയും മാനവികതയേയും ഉദ്ഘോഷിക്കുന്നവയാണ്. അവയിൽ, നരർക്ക് ജാതിയില്ല, ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്, മതമേതായാലും മനുഷ്യൻ നന്നായാൽ മതി, പല മതസാരവും ഏകം തുടങ്ങിയവ പ്രസിദ്ധങ്ങളാണ്. ഗുരുദേവപ്രതിമകളും ഗുരുമന്ദിരങ്ങളും തച്ചുടയ്ക്കുന്നവർ ആ മഹാത്മാവിന്റെ വാക്കുകളിലെ അർത്ഥതലങ്ങൾ തേടിയിരുന്നെങ്കിൽ .......

ദി ദേവമാതാ കോളേജ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
**LTD No. K. 384**
കുറവിലങ്ങാട്

പ്രവർത്തനം ആരംഭിച്ച തിയതി 21- 3 -1973

അംഗങ്ങൾ - 129
നിക്ഷേപങ്ങൾ - 60 ലക്ഷം
വായ്പകൾ - 47 ലക്ഷം
ഓഹരി മൂലധനം - 3.5 ലക്ഷം
പ്രവർത്തന മൂലധനം - 63.5 ലക്ഷം

വിവിധ തരം വായ്പാ പദ്ധതികൾ
നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്കുകൾ

A.G. Suseelakumari (Secretary)
Prof. T.T. Devasia (President)

# രാജ്ഘട്ടിൽ നിന്നൊരു കത്ത്

Bilu mon Jacob IDCEcos

എന്റെ പേര് മോഹൻദാസ് പൂർണ്ണമാ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി നിങ്ങളെന്നെ സ്നേഹപൂർവ്വം ബാപ്പുജി എന്നോ മഹാത്മജി യെന്നോ വിളിക്കുന്നു ഗുജറാത്ത് സംസ്ഥാനത്തിലെ പോർബന്തർ എന്ന സ്ഥലത്ത് 1869 ഒക്ടോബർ 2-ാം തിയതി കാബാ ഗാന്ധിയുടേയും പുത്‌ലി ബായിയുടേയും മൂന്നു പുത്രരിൽ ഇളയവനായി ഞാൻ ജനിച്ചു 1948 ലെ ജനുവരി മാസം 30-ാം തിയതിയിലെ ആ വൈകുന്നേരം 5 മണിക്ക് 10 മിനിറ്റായപ്പോൾ നാഥുറാം ഗോഡ്സേയുടെ ആ കറുത്ത ബെരെറ്റ കൈത്തോക്കിൽ നിന്നും മൂന്നു വെടിയുണ്ടകൾ എനിക്കു നേരെ തീ തുപ്പിയില്ലായിരുന്നെങ്കിൽ കുറച്ചു കാലം കൂടി ഞാൻ നിങ്ങളോടൊപ്പമുണ്ടാകുമായിരുന്നു. എന്റെ ജന്മദിനം നിങ്ങൾ ഗാന്ധിജയന്തിയായി ആചരിച്ചപ്പോൾ പലപ്പോഴും ഞാൻ കോരിത്തരിച്ചുപോയിട്ടുണ്ട് മതിമറന്നാഹ്ലാദിച്ചിട്ടുണ്ട് ഭൂമിയിൽ നിങ്ങളുടെ ഇടയിൽ വീണ്ടും ജനിച്ചതായി പലപ്പോഴും എനിക്കു തോന്നിപ്പോയിട്ടുണ്ട്. ആ അഭിമാനാഹ്ലാദത്തിന്റെ പരിണിത ഫലമായിരിക്കാം ഇന്ന് നിങ്ങളെന്നെ മറന്നതും. പേരിനുവേണ്ടിയോ, പത്രങ്ങളിൽ പടം വരുന്നതിനു വേണ്ടിയോ എന്റെ ജന്മദിനം ആചരിക്കുന്നതും. ഇനിയുള്ള കാലം



നിങ്ങളെന്റെ ജന്മദിനം ഓർക്കുമോ എന്തോ? സ്വ... രാഷ്ട്രപിതാവായി നിങ്ങളെന്നെ ആദരിച്ചപ്പോൾ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പ്രതിഫലേച്ഛകൂടാതെ ഞാൻ ചെയ്ത കാര്യങ്ങൾ (ചെറിയ കാര്യമെന്ന് എനിക്ക് മാത്രം തോന്നിയവ) നിങ്ങൾ അടുത്ത തലമുറയ്ക്ക് പറഞ്ഞുകൊടുത്തപ്പോൾ, അവരെ പറഞ്ഞു പഠിപ്പിച്ചപ്പോൾ, ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധിയാണെന്ന് കൊച്ചുകുട്ടികൾ പോലും പറഞ്ഞുനടന്നപ്പോൾ എനിക്ക് എന്നെക്കുറിച്ചോർത്ത് അഭിമാനം തോന്നി ഞാൻ എന്തോ വലിയ കാര്യം ചെയ്തുവെന്ന് എനിക്കു തോന്നിപ്പോയി. പക്ഷേ ഇന്ന് എല്ലാം മാറിയില്ലേ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചോ ഞങ്ങൾ സഹിച്ച കഷ്ടപ്പാടുകളെക്കുറിച്ചോ ഓർക്കുവാൻ നിങ്ങളുടെയിടയിൽ ആരുമില്ലല്ലോ. നിങ്ങളുടെ രാഷ്ട്രപിതാവ് നഗ്നത മറയ്ക്കുവാൻ വേണ്ടി മാത്രം വസ്ത്രം ധരിച്ച് ഒരു വടിയും കുത്തിപ്പിടിച്ച് നടന്നിരുന്ന, ക്ഷീണിച്ച ഒരു മനുഷ്യനാണെന്നു പറയുവാൻ നിങ്ങൾക്ക് നാണക്കേടായിരിക്കും അല്ലേ? കുട്ടികൾക്കു മാത്രമല്ല മുതിർന്നവർക്കു പോലും ഞാനിന്ന് അന്യനായിരിക്കുന്നു. ഇന്നത്തെ കുട്ടികളോട് രാഷ്ട്രപിതാവ് ആരാണെന്നു ചോദിച്ചാൽ ദേ രാഷ്ട്രപിതാവോ!? എന്നു ചോദിച്ച് അവർ ആതിശയപ്പെടുന്നു. വിദേശികൾക്കു പോലും ഞാൻ സുപരിചിതനായപ്പോൾ നിങ്ങൾക്കു ഞാൻ അപരിചിതനായിരിക്കുന്നു. ഇനിയുള്ള കാലങ്ങളിൽ ഇങ്ങനെയൊരു മനുഷ്യൻ ഇവിടെ ജീവിച്ചിരുന്നുവെന്ന് ആരെങ്കിലും ഓർത്താൽ ഭാഗ്യം. വഴിയോരങ്ങളിൽ നിങ്ങൾ എന്റെ


## മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക്

### ക്ലിപ്തം നമ്പർ കെ. 73. കുറുപ്പന്തറ

### ഫോൺ: 642298

- നിക്ഷേപങ്ങൾക്ക് വർദ്ധിച്ച പലിശ നിരക്ക്
- വായ്പകൾക്ക് പലിശ കുറച്ചിരിക്കുന്നു. ബാങ്കിൽ നിന്നും നൽകിവരുന്ന വിവിധ വായ്പകളുടെ പലിശ ഗണ്യമായി കുറച്ചിരിക്കുന്നു.പലിശ നിരക്ക് 12% മുതൽ 16% വരെ.
- വിവിധയിനം പുതിയ വായ്പാ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നു.
- കുറഞ്ഞ നിരക്കിൽ സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം

ഐ.ഡി. ദേവസ്യാ
പ്രസിഡണ്ട്

കെ.ജോർജ്ജ് ഫിലിപ്പ് M.com,LLB
സെക്രട്ടറി.

പ്രതിമകൾ സ്ഥാപിച്ചപ്പോൾ എനിക്ക് നിങ്ങളോട് എന്തെന്നില്ലാത്ത കടപ്പാട് തോന്നി. പണ്ടൊക്കെ വളരെയധികം അഭിമാനത്തോടു കൂടിയായിരുന്നു കടുത്ത വെയിലിലും മഴയുമൊന്നും വകവെയ്ക്കാതെ ഞാൻ വഴിയോരങ്ങളിൽ നിന്നിരുന്നത്. പക്ഷേ ഇന്നെനിക്ക് എന്നോടുതന്നെ പുച്ഛം തോന്നിതുടങ്ങിയിരിക്കുന്നു. ഇന്ന് എന്റെ പ്രതിമകൾ പക്ഷികൾക്ക് വിശ്രമിക്കാനും കാഷ്ഠിക്കാനുമുള്ള സ്ഥലമായിരിക്കുന്നു. അനാശാസ്യ പ്രവർത്തനങ്ങൾക്ക് ഒരു മറയായി മാറിയിരിക്കുന്നു. നിങ്ങൾ എന്നെ ചെരിപ്പുമാല ധരിപ്പിക്കുമ്പോഴും എന്റെ പ്രതിമകൾ എറിഞ്ഞു തകർക്കുമ്പോഴും എന്റെ ഹൃദയമാണു തകരുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലല്ലോ? നിങ്ങളെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല കാരണം നിങ്ങൾ കമ്പ്യൂട്ടർ യുഗത്തിലെ മനുഷ്യമൃഗങ്ങളല്ലേ? മൃഗങ്ങൾക്കുള്ള ബുദ്ധിയും വിവേകവും പോലും നിങ്ങൾക്കില്ലല്ലോ എന്നോർക്കുമ്പോൾ മാത്രമാണ് എനിക്കു വിഷമം. പോലീസ് സ്റ്റേഷനുകളിലും, കോടതികളിലും, ഓഫീസുകളിലുമെല്ലാം നിങ്ങൾ എന്റെ ചിത്രങ്ങൾ തൂക്കിയപ്പോൾ ഒരു തറവാട്ടു കാരണവരുടെ സ്ഥാനം ലഭിച്ചതായി എനിക്കു തോന്നിപ്പോയി. പക്ഷേ ഇന്നീ കാരണവർ നിങ്ങൾക്ക് അധികപ്പറ്റായിരിക്കുന്നു. ഓഫീസുകളിൽ എന്റെ ചിത്രങ്ങൾക്കു താഴെയിരുന്ന് ഉദ്യോഗസ്ഥർ ലക്ഷങ്ങൾ കൈക്കൂലി വാങ്ങുന്നു. കോടികളുടെ വെട്ടിപ്പു നടത്തുന്നു. കോടതികളിൽ എന്റെ ചിത്രങ്ങൾക്കു മുന്നിൽ വച്ച് വിധിവാചകങ്ങൾ വളച്ചൊടിക്കപ്പെടുന്നു. പോലീസ് സ്റ്റേഷനുകളിൽ എന്റെ ചിത്രങ്ങൾക്കു താഴെയിട്ട് നിരപരാധികളെ ക്രൂരമായി പീഡിപ്പിക്കുന്നു. അവർ അറിയുന്നില്ല അവർ അടിക്കുന്ന ഓരോ അടിയും എന്റേയും കൂടി ശരീരത്താണ് കൊള്ളുന്നത് എന്ന്. ഇന്ത്യൻ രൂപയിൽ എന്റെ ചിത്രങ്ങൾ അച്ചടിച്ചപ്പോൾ എനിക്ക് എന്തൊരു സന്തോഷമായിരുന്നെന്നോ. കാരണം പാവപ്പെട്ടവന്റേയും പണക്കാരന്റേയും അടുക്കൽ ഒരുപോലെ എത്താമല്ലോ എന്നോർത്ത്. പക്ഷേ ചിലർ എന്റെ ചിത്രങ്ങൾ വച്ച് കള്ളനോട്ടുകൾ അടിക്കുമ്പോൾ എനിക്ക് എന്തു വിഷമമാണെന്നോ. പണ്ട് വളരെ അഭിമാനത്തോടുകൂടിയായിരുന്നു ഞാൻ പാവപ്പെട്ടവരുടെ കീശയിൽ വിശ്രമിച്ചിരുന്നത്. പക്ഷേ ഇന്ന് പാവപ്പെട്ടവരോ പണക്കാരോ എന്ന വ്യത്യാസം കൂടാതെ എന്ന വ്യത്യാസം കൂടാതെ എല്ലാവരും ഞാൻ ഏറ്റവും വെറുത്തിരുന്ന മദ്യം അകത്താക്കാനായി എന്നെ യാതൊരു മടിയും കൂടാതെ മദ്യശാലയിലെ പെട്ടിയിലേക്ക് വലിച്ചെറിയുന്നു. മദ്യശാലയിലെ ആ പെട്ടിക്കുള്ളിൽ എന്തൊരസ്വസ്ഥതയോടു കൂടിയാണ് ഞാൻ വിശ്രമിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ? മുമ്പൊക്കെ ഖദർ വസ്ത്രങ്ങൾ ധരിക്കുന്നവരെ കാണുമ്പോൾ എനിക്ക് പറഞ്ഞറിയിക്കാനാവാത്ത സന്തോഷമായിരുന്നു. എന്നെ സ്നേഹിക്കുന്നവരായതുകൊണ്ടാണല്ലോ ഞാൻ നിർദ്ദേശിച്ച ഖദർ വസ്ത്രങ്ങൾ അവർ ഇന്നും ധരിക്കുന്നത്. പക്ഷേ ഇന്നത്തെ ഖദറിട്ട നേതാക്കന്മാരെ കാണുമ്പോൾ എനിക്കു പുച്ഛമാണ് തോന്നുന്നത്. ഖദറിന്റെ മഹത്വം പോലും മനസ്സിലാക്കാതെ, വെട്ടിതിളങ്ങുന്ന വടി പോലെ നിൽക്കുന്ന ഖദറുമണിഞ്ഞ് നോക്കുകുത്തി നടന്നു പോകുന്നതുപോലെയുള്ള ആ നടപ്പ് ഹൊ! എന്തൊരു വൃത്തികേട്. 'ഗാന്ധി വിഭാവനം ചെയ്ത ഇന്ത്യ' എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ നടത്തുന്ന ഭരണമുണ്ടല്ലോ അതു കാണുമ്പോൾ എനിക്ക് വല്ലാത്ത ദേഷ്യം തോന്നിപ്പോകുന്നു. ഇതാണോ ഞാൻ ആഗ്രഹിച്ച ഇന്ത്യ? ഞാൻ ആഗ്രഹിച്ച ഇന്ത്യ എന്നേ മരിച്ചിരിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി സഹിച്ച ത്യാഗങ്ങളും കഷ്ടപ്പാടുകളുമെല്ലാം വെറുതെയായിപ്പോയെന്ന് ഇന്ന് എനിക്കു തോന്നിപ്പോകുന്നു. നിങ്ങൾക്കുവേണ്ടി എന്റെ ജീവിതം മാറ്റിവച്ചപ്പോൾ എനിക്കു നഷ്ടമായത് എന്റെ കുടുംബജീവിതമാണ്. ഇതെല്ലാം ഞാൻ പറയുന്നത് ഞാൻ ചെയ്ത കാര്യങ്ങൾ ഉയർത്തിക്കാണിക്കുവാൻ വേണ്ടിയല്ല. ഇപ്പോൾ നിങ്ങൾക്ക് പ്രിയങ്കരൻ എന്റെ ഘാതകൻ ഗോഡ്സേയാണല്ലോ. അതിന്റെ തെളിവാണല്ലോ 'ഞാൻ നാഥുറാം ഗോഡ്സേ സംസാരിക്കുന്നു' എന്ന നാടകത്തിന് നിങ്ങളുടെ ഇടയിൽ ലഭിച്ച പ്രചാരം. മനുഷ്യരാരും പൂർണ്ണരല്ല. തെറ്റുകൾ സംഭവിക്കാം. ഞാനുമൊരു മനുഷ്യനാണ് എന്ന പരിഗണന പോലും നിങ്ങൾ എനിക്കു തന്നില്ല. യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുവാനും നിങ്ങൾ ശ്രമിച്ചില്ല. ആരൊക്കെയോ എന്തൊക്കെയോ പറഞ്ഞപ്പോൾ നിങ്ങൾ അത് സ്വീകരിച്ചു. ഇന്നത്തെ സിനിമകളിൽ പോലും ഞാൻ വിമർശനങ്ങൾക്ക് വിധേയനായിരിക്കുന്നു. 'ഹേ റാം' പോലെയുള്ള സിനിമകൾ കാണുമ്പോൾ പലരും പ്രശസ്തിക്കുവേണ്ടിയാണ് ഇതു ചെയ്യുന്നത് എന്നു തോന്നി പോകുന്നു. ഗാന്ധിയെ വിമർശിക്കുവാൻ എനിക്ക് അവകാശമില്ലേ? എന്ന് കമലാഹാസൻ ഉറക്കെ


## കേന്ദ്ര ഗവ. അഡ്വാൻസ് കംപ്യൂട്ടർ കോഴ്സുകളിൽ പ്രവേശനം

- DOEACC - 'O' Level -1 year (Dept. of Electronics Govt. of India)
- DOEACC - CCC - 80Hours (Dept. of Electronics Govt. of India)
- NCVT- CO & PA - 1 year(Dept. of labour Govt. of India)
- APGDCS, APGDCA, PGDCA, DCA
- INTERNET, E-MAIL, MULTIMEDIA, ORACLE, DTP, WINDOWS, MS-OFFICE, VISUAL STUDIO, AUTOCAD

കേന്ദ്ര ഗവൺമെന്റ് സ്ഥിര അംഗീകൃത സെന്റർ. DOEACC,NCVT
കംപ്യൂട്ടർ കോഴ്സുകൾ ഒരേ സമയം പഠിക്കാവുന്ന ജില്ലയിലെ ഏക സ്ഥാപനം.

(ഫീസിളവ്) രണ്ടുമാസം മുതൽ രണ്ടു വർഷം വരെ കാലാവധിയുള്ള നിരവധി അംഗീകൃത കോഴ്സുകൾ, അത്യാധുനിക സൗകര്യങ്ങൾ യാത്രാ സൗജന്യങ്ങൾ, ഗവൺമെന്റ് പരീക്ഷ, ഗവൺമെന്റ് സർട്ടിഫിക്കറ്റ്

**NICT**
**COMPUTERS**

Affiliated to NCVT Govt. of India, Accredited by DOEACC
(Govt. of India.DOEACC full 0/103/ACCR-0-578) E-mail :- noelktm@md3.vsnl.net.in
TRIVENI COMPLEX, T.B. ROAD, KOTTAYAM. PH. 560208.
BRANCH: BABY'S TOWER COLLEGE JN., KURAVILANGAD PH. 231 273.
DIRECTOR/PRINCIPAL Prof. George John Nidhiry

ചോദിക്കുമ്പോൾ എനിക്കു പറയുവാനുള്ളത് അദ്ദേഹത്തിനെന്നല്ല ഏതൊരാൾക്കും എന്നെ വിമർശിക്കുവാൻ അവകാശമുണ്ട് എന്നാണ്. എന്നെ വിമർശിക്കുവാൻ വേണ്ടിയാണോ പ്രിയ കമലാഹാസാ അങ്ങ് 18 കോടി രൂപ മുടക്കി ഈ ചിത്രം നിർമ്മിച്ചത്? എന്നെ വിമർശിക്കുവാനോ ഞാൻ ചെയ്ത കാര്യങ്ങൾ പറയുവാനോ അല്ലെങ്കിൽ സ്വാതന്ത്ര്യസമരത്തിൽ സംഭവിച്ച കാര്യങ്ങളെപ്പറ്റി പറയുവാനോ വേണ്ടി അങ്ങു നിർമ്മിച്ച 'ഹേ റാം' ലെങ്കിൽ അതിൽ എന്തിനായിരുന്നു ഒരു മൂന്നാം കിട നീലച്ചിത്രത്തിലെന്നപോലെ വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന കിടപ്പറ രംഗങ്ങളും ചുംബന രംഗങ്ങളുമെല്ലാം?

ഇനിയും വളരെയേറെ കാര്യങ്ങൾ നിങ്ങളോട് പറയണമെന്ന് എനിക്കുണ്ട്. പക്ഷേ എനിക്കതിനോ വാക്കുകൾ കിട്ടാത്തതുപോലെ. നിങ്ങളോട് പറഞ്ഞിട്ട് എന്തു വിശേഷം എന്നെ അല്ലെങ്കിൽ തന്നെ നിങ്ങളോട് പറഞ്ഞിട്ട് എന്തു വിശേഷം. നിങ്ങളുടെയിടയിൽ സ്നേഹിക്കുവാനും മനസ്സിലാക്കുവാനും ആരുമില്ലല്ലോ. വരും തലമുറയെങ്കിലും എന്നെ മനസ്സിലാക്കും എന്ന പ്രതീക്ഷയോടെ ഞാൻ നിർത്തുകയാണ്.

സ്നേഹപൂർവ്വം

എം. കെ. ഗാന്ധി.

## വീണ്ടും തെളിയാത്ത ദീപം



ഹിമകണങ്ങളാൽ കുളിച്ച് സാലാർക്കകിരണത്താൽ തോർത്തി മനോഹരതയാൽ പരിമളം പടർത്തി നിൽക്കുന്ന പ്രകൃതി.

ഉദിച്ചുയരുന്ന സൂര്യനെ പരിഭ്രാന്തിയോടെ നടന്നു നീങ്ങുകയാണ് ആ ചെറുപ്പക്കാരൻ. അരയിലെ തോർത്ത് മുറുക്കിയുടുത്തുകൊണ്ട് തോളിൽ തൂമ്പയുമായി പാടങ്ങളെലക്ഷ്യമാക്കി നീങ്ങുന്ന ആ യുവാവിന്റെ പേരാണ് കണ്ണൻ. താഴ്ന്ന ജാതിയിൽപ്പെട്ടവനാണ് കണ്ണൻ. നന്നായി വെളുത്ത ശരീരമായിരുന്നെങ്കിലും ഇപ്പോൾ കറുപ്പുനിറഞ്ഞു. പക്ഷേ മനസ്സിന്റെ വെളുപ്പുകുറയുകയേ ചെയ്തുള്ളൂ. പ്രായമായ മാതാപിതാക്കൾക്കും സഹോദരിക്കും വേണ്ടിയാണ് അവൻ ജീവിക്കുന്നത്. ഇല്ലത്തുനിന്നുകിട്ടുന്ന തുച്ഛമായ വരുമാനമാണ് അവന്റെ ജീവിതമാർഗ്ഗം. തന്റെ വീട്ടിൽ ഇന്നെങ്കിലും വയറുനിറച്ചുണ്ണാൻ കഴിയണേ ദൈവമേ ............ കണ്ണൻ പ്രാർത്ഥിച്ചു. ഇന്നു പണി തീർത്താൽ മാത്രമേ തിരുമേനി നെല്ലുതരികയുള്ളൂ. വാഴത്തോപ്പിലൂടെ അവൻ നടന്നു. ഇന്നു പണി തീർക്കണം. തിരുമേനി ഇപ്പോൾ ദേഷ്യപ്പെട്ടിരിക്കുകയാവും. വലിയ കുമ്പയും കുലുക്കി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന നാരായണൻ നമ്പൂതിരിയേ ദൂരെ നിന്നേ കണ്ണൻ കണ്ടു. കാലൻകുട നിലത്തൂന്നിയാണ് നടപ്പ്. കോപം നിറഞ്ഞമുഖം. തന്റെ ഒട്ടിയ വയറ് തിരുമേനിയുടെ ശകാരത്താൽ നിറയുമെന്ന് കണ്ണന് മനസ്സിലായി. "എടാ നശിച്ചവനെ, ഇപ്പോഴാണോടാ വരുന്നത്. തിന്നാൽ മാത്രം പോരടാ പണിയാനും പഠിക്കണം. ആരെ കെട്ടിയ്ക്കാനാടാ നീ താമസിച്ചത്." ഇതുകൊണ്ട് തീർന്നില്ല. ആട്ടും തുപ്പും എല്ലാം തുടർന്നു. നിറഞ്ഞ കണ്ണുകളോടെ കണ്ണൻ പറഞ്ഞു "അടിയൻ, അടിയനോട് ക്ഷമിക്കണം എന്റെ അപ്പന് സുഖമില്ലാതെ കിടക്കുവാണ്. അടിയൻ മരുന്നു വാങ്ങാൻ പോയതാണ്. അതാ താമസിച്ചത്." "നിന്റെ ഒടുക്കത്തെ അപ്പൻ" തിരുമേനി നീട്ടി തുപ്പിക്കൊണ്ട് കാര്യസ്ഥൻ രാമുണ്ണിയോടു പറഞ്ഞു "ഇവനിന്ന് പച്ചവെള്ളം കൊടുക്കണ്ട". തിരുമേനി നടന്നു നീങ്ങി. തുളുമ്പുന്ന കണ്ണുകളുമായി കണ്ണൻ പണി തുടങ്ങി. ഇല്ലത്ത് ഉണ്ണികളില്ലാത്ത ഒറ്റ ദുഃഖമേ നമ്പൂതിരിക്കുണ്ടായിരുന്നുള്ളൂ. തന്റെ കാലശേഷം ഈ അളവറ്റ സ്വത്ത് അവകാശിയില്ലാതെ പോകുമല്ലോ എന്നോർത്ത് അദ്ദേഹം ദുഃഖിച്ചു. മറുവശത്ത് സ്നേഹത്തിനായി കൊതിക്കുന്ന സ്ത്രീ, ആര്യാ അന്തർജനം. നമ്പൂതിരിയുടെ വേളി. വല്ലപ്പോഴും മാത്രമേ പുറത്തിറങ്ങുകയുള്ളൂ.

നമ്പൂതിരിയുടെ അളവറ്റ സ്വത്തിനെ ഉന്നം പിടിക്കുന്നവരിൽ പ്രധാനി രാഘവമേനോനാണ്. ലക്ഷങ്ങൾക്കിന് വിലമതിക്കുന്ന നമ്പൂതിരിയുടെ ബിസ്സിനസ്സിലെ പങ്കാളിയാണ് മേനോൻ. ഈ സ്ഥാപനം തനിക്ക് സ്വന്തമാക്കണമെന്നയാൾ മോഹിച്ചു.

കണ്ണിൽ ഇരുട്ടു കയറുന്നു. ചുറ്റും കറങ്ങുന്നതായി കണ്ണന് തോന്നി. കുടിലിൽ മുഴുപട്ടിണിയായിരുന്നു. പണി തീരാതെ തിരുമേനി ഒന്നും തരില്ല. പണി നിർത്തി അല്പം വിശ്രമിക്കാനായി തെങ്ങിൻ ചുവട്ടിൽ ഇരുന്നു. ആ സമയത്താണ് തിരുമേനിയുടെ വരവ്. "പണിയാതിരിക്കുവാനാണോടാ ശപ്പാ, എണ്ണീറ്റുപോയി പണിയെടാ..." കുറെ ചീത്ത വാക്കുകളാൽ കണ്ണനെ അഭിഷേകം ചെയ്തു. "അടിയൻ പോകാമേ" കണ്ണൻ പറഞ്ഞു. അവനെഴുന്നേറ്റു അതാ തന്റെ ചുറ്റും കറങ്ങുന്നു. പെട്ടന്നു കണ്ണൻ താഴെ വീണു. വീണത് തിരുമേനിയുടെ ദേഹത്തുതട്ടിയാണ്. "അശുദ്ധായി" തിരുമേനി പറഞ്ഞു. പിന്നെ പ്രഹരങ്ങളും ശകാരവുമായി "നിനക്കിന്നൊന്നുമില്ലെടാ..." ഇത്രയും പറഞ്ഞ് തിരുമേനിയും കാര്യസ്ഥനും നടന്നു നീങ്ങി. അപ്പോൾ കണ്ണൻ മന്ത്രിക്കുന്നുണ്ടായിരുന്നു "അടിയൻ, അറിയാതെ ...... ക്ഷമിക്കു തിരുമേനീ...."

കയ്യിൽ നയാ പൈസയില്ല. ഇന്നിനി എങ്ങനെ കുടിലിൽ ചെല്ലും. താൻ ഇല്ലത്തുന്ന് നെല്ല് കൊണ്ടുവരുന്നതും നോക്കിയിരിക്കുകയാവും അമ്മ. പട്ടിണി തന്നെ മുഴുപട്ടിണി. എത്ര അദ്ധ്വാനിച്ചിട്ടും പട്ടിണി മാറ്റാൻ കഴിയുന്നില്ല. കണ്ണന്റെ കണ്ണു നിറഞ്ഞു.

...വും കയ്യോടെ കുടിലിലേയ്ക്കു പോകാനുള്ള മടി മൂലം കണ്ണൻ ഇല്ലത്തെ തെങ്ങിൻ തോപ്പിലേയ്ക്ക് നടന്നു. തളർന്ന ശരീരവും ...സ്സുമായി അവനവിടെയിരുന്നു.

...യ്യോ, ഓടിവായോ... അതൊരു രോദനമല്ല. കണ്ണൻ ശബ്ദത്തെ ലക്ഷ്യമാക്കി നീങ്ങി. തിരുമേനിയല്ലേ അത്. അതെ, തന്റെ തിരുമേനി.

മേനോൻ അതാ ഓടി കാറിൽ കയറുന്നു. പൊടി പറത്തിക്കൊണ്ട് കാറ് പാഞ്ഞുപോയി. എന്താണക്കെയാണിത്. കണ്ണനൊന്നും ...സ്സിലായില്ല. അപ്പോഴതാ ഞെളിപിരി കൊള്ളുന്ന തിരുമേനി വിളിച്ചു പറഞ്ഞു. "രക്ഷിക്കണേ രക്ഷിക്കണേ...."

...ണ്ണൻ ഓടി തിരുമേനിയുടെ അടുത്തെത്തി.

...തിരുമേനീ, തിരുമേനീ" കണ്ണൻ വിളിച്ചു.

...ഹാ, കണ്ണനോ?

...കണ്ണാ...... രക്ഷിക്കൂ കണ്ണാ ആ മേനോൻ എന്റെ സ്വത്ത് തട്ടിയെടുക്കുന്നതിനായെന്നെ കുത്തി....."

...റ്റ ശ്വാസത്തിൽ തിരുമേനി പറഞ്ഞു.

അപ്പോഴാണ് കണ്ണനതു കണ്ടത്. തിരുമേനിയുടെ പുറത്ത് രക്തം വാർന്നൊലിക്കുന്നു. രക്തത്തിൽ കുളിച്ചിരിക്കുന്ന പിച്ചാത്തി

...അയ്യോ തിരുമനസ്സേ" കണ്ണൻ പറഞ്ഞു. "എന്നെ രക്ഷിക്കൂ കണ്ണാ.... രക്ഷിക്കൂ തിരുമേനി പുലമ്പിക്കൊണ്ടിരുന്നു.

അപ്പോഴാണ് കാര്യസ്ഥൻ രാമുണ്ണിയുടെ വരവ്. ദൂരെ നിന്നുകൊണ്ടുതന്നെ അവനതു കണ്ടു. തിരുമേനിയുടെ ദേഹത്തുനിന്നും ...ത്തി വലിച്ചൂരുന്ന കണ്ണനെ. അപ്പോൾതന്നെ രാമുണ്ണിക്ക് കാര്യം പിടികിട്ടി. പിന്നെ നിന്നില്ല. ഒരോട്ടമായിരുന്നു. അപ്പോൾ തിരുമേനിയുടെ ...ണ്ണുകൾ പതിയെ അടഞ്ഞു.

...തിസമയത്തെത്തിച്ചതിനാൽ രക്ഷപെട്ടു" ഡോക്ടർ അന്തർജനത്തോട് പറഞ്ഞു. "ആ ചെറുപ്പക്കാരനെന്തിയേ" ഡോക്ടർ ചോദിച്ചു.

...വിടരുതവനെ" രാമുണ്ണി വിളിച്ചു പറഞ്ഞു. ആശുപത്രിയിൽനിന്നും കുടിലിലേയ്ക്കു പോകുകയായിരുന്ന കണ്ണനെ നാട്ടുകാർ വളഞ്ഞു. ...ല്ലാവരുടെയും കയ്യിൽ പന്തമുണ്ട്. "എന്താണിത്?" കണ്ണൻ ചോദിച്ചു.

...നിനക്കൊന്നും അറിയില്ല അല്ലേടാ..."

...നിന്നെ ഞങ്ങൾ അറിയിക്കാമെടാ....."

...പിന്നെ അടിയുടെ പൂരമായിരുന്നു. ചവിട്ടും തൊഴിയുമെല്ലാം വേണ്ടതിലധികം കിട്ടി. വായിൽ നിന്നും രക്തം വാർന്നൊലിക്കുന്നു.

...ഞാൻ....ഞാൻ..... കണ്ണൻ എന്തോ പറയാൻ ശ്രമിച്ചു. പക്ഷേ അതെല്ലാം കടലിലെ മഞ്ഞുതുള്ളിപോലെയായി.

കണ്ണനെ വലിച്ചുകൊണ്ട് എല്ലാവരും ആശുപത്രിയിലെത്തി. "തിരുമനസ്സേ, അങ്ങിവനെ അടിച്ചപ്പോൾ ഇവനിത്രയും ചെയ്യുമെന്ന് ...മോനോർത്തില്ല" രാമുണ്ണി പറഞ്ഞു. ജീവൻ മാത്രം ബാക്കിയാക്കി രക്തത്തിൽ കുളിച്ചുനിൽക്കുന്ന കണ്ണനെ അപ്പോഴാണ് തിരുമേനി ...ണ്ടത്. തെക്കേലെ ഗോപാലനിൽ നിന്നും എല്ലാ വിവരവും തിരുമേനിയറിഞ്ഞു.

...നിറകണ്ണുകളുമായി തിരുമേനി കണ്ണനെ വിളിച്ചു. ആടി, ആടി കണ്ണൻ തിരുമേനിയുടെ അടുത്തെത്തി. തിരുമേനി അവനെ കെട്ടിപ്പിടിച്ചു ...പറഞ്ഞു. നിന്നെ ഞാനെന്തു വേദനിപ്പിച്ചിട്ടുണ്ട്. എന്നിട്ടും നീയെന്നെ രക്ഷിച്ചു. തമ്പുരാൻ പൊട്ടിക്കരഞ്ഞു. അതിനു പ്രതിഫലമായി ...നിനക്കു വേദന മാത്രമാണല്ലോ കണ്ണാ ലഭിച്ചത്. സത്കർമ്മികൾക്കെന്നും ദുഃഖമാണ്. അപ്പോൾ കണ്ണന്റെ കണ്ണുകൾ പതിയെ ...അടയുകയായിരുന്നു. ഒരിക്കലും തുറക്കാതെ...............

Rajmon G
IInd P.D.C.

*best compliments from:*

**Down Town**

*Men's Shoppe*

MAIN ROAD **Thalayolaparambu**

**ദേവമാതാ സോഷ്യൽ വെൽഫെയർ & എഡ്യൂക്കേഷൻ സൊസൈറ്റി**

കുറവിലങ്ങാട് - 686 633, കോട്ടയം ജില്ല ഫോൺ 0482 - 230445, 230446 കേന്ദ്ര ഗവ. അംഗീകൃതം കേന്ദ്ര സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ തുടർവിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ അംഗീകാരം ലഭിച്ച നേഴ്സിംഗ് പാരാമെഡിക്കൽ കോഴ്സുകളുടെ പുതിയ ബാച്ചിലേയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം മേയ്മാസം ആരംഭിക്കുന്ന കേന്ദ്ര ഗവ. അംഗീകൃത ഏകവർഷ സർട്ടിഫിക്കറ്റ് കോഴ്സുകൾ

| | സീറ്റ് | എണ്ണം | യോഗ്യത |
|---|---|---|---|
| 1. NURSING ASSISTANT | 1 വർഷം | 50 | S.S.L.C/ P.D.C. |
| 2. HOSPITAL ADMINISTRATION | 1 വർഷം | 20 | B.A./B.Sc./B.Com. |

N.B. കൂടാതെ 3 വർഷ ജനറൽ നേഴ്സിംഗ് കോഴ്സിലേക്കും അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

# ബ്യൂറോക്രസി

ഒരിക്കൽ ഒരു കവി തന്റെ അവശതകൾ വിവരിച്ച നിവേദനവുമായി സെക്രട്ടറിയേറ്റിൽ എത്തി. ഫുൾ ടാങ്ക് പെട്രോളടിച്ച കാറിൽ എം. എൽ. എയും കൂട്ടി എത്താൻ നിർധനനായ കവിക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അതിന്റേതായ കാലതാമസം കവിക്കു നേരിട്ടു. ഉച്ചതിരിഞ്ഞു വകുപ്പു മന്ത്രിയെയും സെക്രട്ടറിയെയും ക്ലാർക്കിനെയും കാണാമെന്നു കരുതി സെക്രട്ടറിയേറ്റു മൈതാനിയിൽ



ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നു ഭക്ഷണം കഴിക്കാനൊരുങ്ങി. ഭക്ഷണം വായിൽ വച്ചതും ചാരി നിന്ന മരം ഒടിഞ്ഞു കവിയുടെ പുറത്തു വീണതും ഒരുമിച്ചായിരുന്നു. മരങ്ങളെ സ്നേഹിക്കുന്ന കവി മരത്തിനടിയിൽ കിടന്നു പിടഞ്ഞു. കവിയുടെ കവിതകൾ ധാരാളം വായിക്കുന്ന ഒരു പ്യൂൺ ഓടിവന്നു രംഗം നിരീക്ഷിച്ചു. വിവരം ക്ലാർക്കിനെ അറിയിച്ചു. ക്ലാർക്ക് സെക്ഷൻ ഓഫീസറെ അറിയിച്ചു. മരം വെട്ടി നീക്കാനുള്ള കാരണങ്ങൾ വിശദമാക്കി സെക്ഷൻ ഓഫീസർ ഒരു ഫയൽ ഓപ്പൺ ചെയ്തു.

ഫയൽ സെക്ഷൻ ഓഫീസറുടെ കുറിപ്പോടെ സെക്രട്ടറിയുടെ മുമ്പിലെത്തുന്നു. സെക്രട്ടറി പഠനം നടത്തി. മരത്തിനടിയിൽ കിടക്കുന്ന കവി എഴുത്തുകാരനായതിനാൽ വിദ്യാഭ്യാസവകുപ്പാണ് നടപടി എടുക്കേണ്ടത് എന്ന് തീരുമാനിക്കുന്നു. വിദ്യാഭ്യാസമന്ത്രിയുടെ മുൻപിൽ ഫയൽ എത്തുന്നു. കവിസാഹിത്യകാരനായതിനാൽ ഫയൽ സാഹിത്യ അക്കാദമിയിലേയ്ക്കു നീങ്ങുന്നു. കീഴിൽ കിടക്കുന്നത് കവിയാണെങ്കിലും മുകളിൽകിടക്കുന്നത് മരം ആണ്. അതുകൊണ്ട് പ്രശ്നം വനം വകുപ്പിനു വിടുന്നു. വീണ്ടും തടസ്സം! വിദേശരാജ്യത്തെ പ്രസിഡന്റോ പ്രധാനമന്ത്രിയോ വനമഹോത്സവത്തിനു വെള്ളമൊഴിച്ചമരമാണിതു. അതുകൊണ്ട് തീരുമാനം ലഭിക്കാൻ ഫയൽ ഡൽഹിയിലേയ്ക്ക നീങ്ങുന്നു. അന്തിമതീരുമാനം പ്രധാനമന്ത്രിക്കേ പാടുള്ളൂ എന്ന് വിധി എഴുതുന്നു.

അവസാനം പ്രധാനമന്ത്രി മരം മുറിക്കാനുള്ള കല്പന കൊടുക്കുന്നു. ഫയൽ തിരിച്ചു സെക്രട്ടറിയേറ്റിൽ എത്തുന്നു. പടിപടിയായി ഉദ്യോഗസ്ഥരിലെ മുറകടന്ന് പ്യൂണിന്റെ പക്കൽ നിർദ്ദേശമെത്തുന്നു. പ്യൂൺ കോടാലിയുമായി കവിയുടെ പക്കൽ എത്തുന്നു. അതിനുശേഷം മരം മുറിച്ചു മാറ്റി കവിയുടെ ശേഷിച്ച അസ്ഥികൾ ബന്ധുക്കൾക്കു കൈമാറുന്നു.

by

**Neethu Maria Jose**


Best compliments from:

**KRIPA TRAVELS**

Koothattukulam Ph: 0485-253584,0482-240443,240532

## അറിയാത്ത ഭാവങ്ങൾ!

എന്നെ ആകർഷിച്ചത് അവളുടെ കണ്ണുകളായിരുന്നു(?) (അന്നും
ഞാൻ ഇങ്ങനെയായിരുന്നു. കിനാക്കൾ കണ്ട് ദിനങ്ങൾ കഴിച്ചുകൂട്ടും)
ഏതോ ഒരു സുപ്രഭാതത്തിന്റെ വിശുദ്ധി പോലെ ഒരുനാൾ അവൾ ..........
ആ കുന്നിൻ ചെരുവിൽ............
അവൾ തനിയെ ..........................
വന്നതെന്തിനെന്നെനിക്കറിയില്ല.
അവളുടെ കണ്ണുകളിൽ ഏതോ ഒരു നിഗൂഢഭാവം തങ്ങിനിന്നിരുന്നു
മുടി കാറ്റത്ത് ഇളകുന്നതവൾ അറിഞ്ഞില്ല
പിറ്റേന്നും അവളെ ഞാൻ കണ്ടു.
കുന്നിൻ ചെരുവിൽ വച്ചായിരുന്നില്ല. നഗരത്തിലെ സൂപ്പർ മാർക്കറ്റിൽ വച്ച്
അവൾ പാവകളെ തിരയുകയായിരുന്നു. കണ്ണുകളിൽ നിർവ്വികാരതയുടെ
ഒരു കടൽ ഞാൻ കണ്ടു.
ഒരു മെയ് മാസപ്പുലരിയിൽ ഞാൻ വീണ്ടും അവിടെ, ആ കുന്നിൻ ചെരുവിൽ
എത്തി.
അവിടെ ഒരു മരത്തിന്റെ തണലിൽ, ഉണങ്ങിക്കരിഞ്ഞ പുല്ലിന്റെ മുകളിൽ
ഒരു പാവ കിടപ്പുണ്ടായിരുന്നു.

**Shine C Mathew**
**IDC Maths.**



K.A ISSAC'S

# DIANA TOURIST HOME

**KOOTHATTUKULAM**

**ERNAKULAM, KERALA 686 662**

**PHONE : 0485-252059,252759**

**A/C BAR & A/C RESTAURANT A/C AND NON A/C ROOMS,**

**LAWN SERVICE,**

**2 AUDITORIUMS (500AND 300 SEATS EACH)**

**WE ACCEPT PARTY ORDERS, WE SERVE INDIAN ,**

**CHINESE CONTINENTAL AND TANDOORI DISHES**

# മഴയെ പ്രണയിച്ച പെൺകുട്ടി

ആദ്യമായി അവളെ കണ്ടത് ഞാൻ നല്ലതുപോലെ ഓർക്കുന്നു. കാർമേഘങ്ങൾ സൂര്യനെ മറച്ചുകൊണ്ട് പായുകയായിരുന്നു. ആ കൊച്ചുഗ്രാമത്തിലെ ഏക വെയിറ്റിംഗ് ഷെഡിനെ ലക്ഷ്യമാക്കി ഞാൻ വേഗത്തിൽ നടന്നു.

അപ്പോഴേക്കും അതുവരെ വെമ്പൽകൊണ്ടു നിന്നിരുന്ന മഴ അതിശക്തമായി പെയ്തു തുടങ്ങി. ഒരു വിധത്തിൽ ഞാൻ ഓടി ഷെഡിൽ എത്തി. ആർത്തുല്ലസിച്ച് പെയ്യുന്ന മഴയിൽ എന്റെ ദേഹം അൽപ്പം നനഞ്ഞു. ഓലയും മുളയും ഉപയോഗിച്ച് കെട്ടിയ ഷെഡിൽ അപ്പോൾ ഒരു പെൺകുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ചുരുണ്ടമുടിയും വിടർന്ന നയനങ്ങളുമുള്ള ആ രൂപം എനിക്ക് അപരിചിതമായി തോന്നിയില്ല. ഓർമ്മയിൽനിന്ന് എപ്പോഴോ അടർന്നുപോയ ഒരു ഏട്. എവിടെയോ കണ്ടുമറന്ന മുഖം. ഏതോ ഗന്ധർവ്വ കഥയിലെ നായിക....മൂടൽമഞ്ഞാൽ മറക്കപ്പെട്ടപോലെ അവ്യക്തമായ ചിത്രം, കുറെ ആളുകൾ, ഗോക്കൾ, നദീതീരങ്ങൾ..........പിന്നെ ഈ മുഖവും.

അവൾ എന്റെ ആഗമനം അറിഞ്ഞതേയില്ല എന്നു തോന്നുന്നു. തകർത്തുപെയ്യുന്ന മഴയിൽ അവൾ ലയിച്ചു നിൽക്കുകയാണ്. അവളുടെ മനസ്സിലും മഴ പെയ്യുകയാണ്. ആ നീല മിഴികളിൽ ഞാൻ കണ്ടു, ആയിരം വർണ്ണങ്ങളുടെ മഴ.

ഇവിടെ നിന്നും പട്ടണത്തിലേക്ക് വണ്ടി സൗകര്യം വളരെ കുറവാണ്. എന്റെ ദേഹത്തെ വെള്ളം തുടയ്ക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു.

"പട്ടണത്തിലേക്ക് ആയിരിക്കും അല്ലേ"? അവൾ ഒന്നും മിണ്ടിയില്ല.

അകലെ നിന്നും ഒരു ജീപ്പ് റോഡിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ ചെറിയ ഒഴുക്കിനെ ഭേദിച്ചുകൊണ്ട് വരുന്നുണ്ട്. ഞാൻ മഴയെ അവഗണിച്ച് പുറത്തേക്കിറങ്ങി കൈനീട്ടി. ജീപ്പിൽ നിന്നും ഒരു വികൃതി എന്നെ കൂകി വിളിച്ചു. ആധുനികയുഗത്തിലെ യുവസംസ്കാരം.

തിരികെ ഞാൻ ഷെഡിൽ എത്തിയപ്പോൾ എന്റെ മുഖത്ത് ഒരു ചമ്മൽ പ്രത്യക്ഷമായിരുന്നു. അതുവരെ ശ്രദ്ധിക്കാതിരുന്ന അവൾ ഒരു കൈത്തലംകൊണ്ട് ചുണ്ടുകൾ മറച്ച് ചിരിക്കുന്നു.

"മഴയായതുകൊണ്ട് വണ്ടികളൊന്നും നിറുത്തുകയില്ല. അല്ലെങ്കിലും എന്താ അവരുടെ വേഗത".
ഒരു വിധത്തിൽ അതിവിദഗ്ധമായി ചമ്മൽ ഒളിപ്പിച്ചു.

മഴ ശമിക്കുന്നതിനുള്ള ഭാവമില്ല. എനിക്ക് എന്തൊക്കെയോ അവളോട് ചോദിക്കണമെന്നുണ്ടായിരുന്നു. ആയിരം ചോദ്യങ്ങൾഎന്റെ ചുണ്ടിൽ നിശബ്ദമായി. ഇടയ്ക്ക് എപ്പോഴോ ഉന്നം പിഴച്ച നോട്ടത്തിൽ, അവളുടെ കണ്ണുകളിൽ എന്നോടുള്ള ഏതോ ഒരു വികാരത്തിന്റെ ദ്യുതി ഞാൻ ശ്രദ്ധിച്ചു. ഞാൻ കണ്ട ഏതോ സ്വപ്നത്തിലെ സുന്ദരിയാണോ അവൾ.... ആയിരിക്കാം..

അവൾ മഴയെത്തന്നെ നോക്കി നിൽക്കുകയാണ്. ഭൂമിയിൽ പതിക്കുന്ന ഓരോ തുള്ളിയും അവൾ ആസ്വദിക്കുകയാണ്.

"എന്താ കുട്ടീടെ പേര്?"

അവൾ തിരിഞ്ഞ് ചുരിദാറിന്റെ തലപ്പുകൊണ്ട് മുഖത്ത് പറ്റിയിരുന്ന ജലകണികകൾ തുടച്ചുകൊണ്ട് പറഞ്ഞു "എലിസബത്ത്"
ഞാൻ അത്ഭുതപ്പെട്ടു. ഈ കൊച്ചുസുന്ദരിക്ക് ഇത്രയും കട്ടിയുള്ള പേരോ! അവളുടെ പാദത്തിലെ പാദരക്ഷകൾ ഞാൻ ശ്രദ്ധിച്ചു.

"എന്തിനാ ഇത്രയും ഉയരമുള്ള ചെരുപ്പ്"

"അതെല്ലാം ഇപ്പോഴത്തെ ഫാഷനാ" ഒരു പരിചിതയെപ്പോലെ അവൾ മൊഴിഞ്ഞു.

"കുട്ടി എന്തിനാ ഈ മഴയത്തേക്ക് തന്നെ നോക്കി നിൽക്കുന്നത്"?

മഴയിൽ നിന്നും കണ്ണെടുക്കാതെ അവൾ പറഞ്ഞു. "മഴയും മഴമേഘങ്ങളും എനിക്ക് എന്നും പ്രിയപ്പെട്ടതാണ്. കാർമേഘങ്ങൾ കാണുമ്പോൾ ഒരു മയിലായിരുന്നെങ്കിൽ എന്നു ഞാനാശിക്കും. മഴപെയ്യുമ്പോൾ ഒരു മൺതരിയായി അതിൽ അലിഞ്ഞുലയിച്ചിരുന്നെങ്കിൽ എന്നുഞാനാശിക്കും. മഴയെപ്പറ്റി ഞാൻ പാടും, കവിതകൾ എഴുതും പിന്നെ മഴത്തുള്ളികൾക്കൊപ്പം ഞാൻ നൃത്തം വയ്ക്കാറുമുണ്ട്."

അവളുടെ ചിന്തകൾക്കൊപ്പം ഞാനും സഞ്ചരിച്ചു. എന്റെ മനസ്സും കുറെയേറെ പുറകോട്ട് പാഞ്ഞു. അവിടെയെല്ലാം ഏതോ മൂടൽമഞ്ഞാൽ അവ്യക്തത വ്യാപിച്ചിരിക്കുന്നു.

പറഞ്ഞുതീർന്നതും വഴിയിലേക്ക് ഇറങ്ങി അവൾ പാഞ്ഞുവന്നിരുന്ന ബസിന് കൈ കാണിച്ചു. ആ ബസിന്റെ പേര് ഞാൻ വായിച്ചു "രാധാമാധവം."

പിൻവാതിലിലൂടെ ഞാനും ബസിൽ കയറി. ബസ് അതിന്റെ ആദ്യത്തെ വേഗതയിൽതന്നെ നീങ്ങിത്തുടങ്ങി. വണ്ടിക്കുള്ളിലെ ലൈറ്റിന്റെ പ്രകാശത്തിൽ ആ മുഖം ഞാൻ തിരക്കി. ആളുകൾ എന്നെ അത്ഭുതത്തോടെ നോക്കി. ചെറു പുഞ്ചിരിയോടെ എന്റെയടുക്കൽ നിന്നും മാറി. അതിനാൽ സ്വയം പ്രകാശിക്കുന്ന ആ സുന്ദര മുഖം കണ്ടെത്താൻ പ്രയാസമുണ്ടായില്ല.

ആളുകൾ വീണ്ടും ഇറങ്ങി, കയറി. ബസ് വാഹനങ്ങളുടെയും, കെട്ടിടങ്ങളുടെയും ലോകത്തേയ്ക്ക് എത്തി. ഞാൻ ഇറങ്ങി എന്നാൽ അവളെ മാത്രം കണ്ടില്ല.

പിന്നീട് മൂന്നു തവണ അവളെ ഞാൻ കണ്ടിട്ടുണ്ട്. അപ്പോഴെല്ലാം ഒരു പശ്ചാത്തലം പോലെ മഴയുണ്ടാവും. അങ്ങനെ ഞാനും 'മഴയെ' സ്നേഹിച്ചു തുടങ്ങി. പക്ഷേ അപ്പോഴെല്ലാം എന്റെ സംശയം ഇരട്ടിച്ചു. അവൾ ഏതു കഥയിലെ നായികയാണ്. സൂര്യനെ മറയ്ക്കുന്ന കാർമേഘം പോലെ മറയപ്പെട്ട ഈ മുഖം ഏതാണ്.

ഇവിടെ ഈ അമ്പലവഴിയിൽ ഒരു മയിൽ പീലിക്കാരനേയും കാത്തിരിക്കുകയാണ് ഞാൻ, ഒരു മയിൽ പീലിക്കായ്. പക്ഷേ കുട്ടികൾ എന്നെ ചൂണ്ടി അമ്മമാരോട് എന്തൊക്കെയോ സംശയങ്ങൾ ചോദിക്കുന്നു. ചിലർ എന്തെല്ലാമോ പറഞ്ഞ് ചിരിക്കുന്നു. മറ്റുചിലർ എന്റെ കാൽചുവട്ടിൽ പണമെറിയുന്നു. ഞാൻ എവിടെയാണ്. അടുത്ത് ഏതെങ്കിലും ഭണ്ഡാരവും മറ്റും. ഇല്ല. പിന്നെ.......

പെട്ടന്ന് എന്റെ കൈകളിൽ പിടിച്ച് ആരോ വലിച്ച് കൊണ്ടുപോവുന്നു. ഇതാ അവൾ! മഴയുള്ളപ്പോൾ മാത്രം കാണാറുള്ള 'എന്റെ മഴപ്പെണ്ണ്'! ഇവൾ ഇതെങ്ങോട്ടാണ്. എന്തിന്?

അടുത്തുള്ള ആളൊഴിഞ്ഞ ആൽമരത്തണലിൽ കൊണ്ടുചെന്ന് നിറുത്തി. എന്നെ അത്ഭുതത്തോടെ അടിമുടി വീക്ഷിച്ചു. അറിയാതെ ഞാൻ എന്റെ കൈക്കൊണ്ട് ശിരസ്സിൽ തടവാൻ ശ്രമിച്ചു. എന്തോ തടയുന്നതായി തോന്നി.

അതുവരെ തിളങ്ങുന്ന കണ്ണുകളോടെ എന്നെ നിരീക്ഷിച്ച അവൾ പൊട്ടിച്ചിരിച്ചു. "എന്റെ കണ്ണാ, ഇനിയെങ്കിലും നിനക്കീ പഴഞ്ചൻ ഓടക്കുഴലും നെറ്റിയിലെ മയിൽപ്പീലിയും അരപ്പട്ടയും പാലത്താറുമെല്ലാം ഉപേക്ഷിക്കാറായില്ലേ. ഇത് ഇരുപത്തൊന്നാം നൂറ്റാണ്ടാണ്."

Jayan S. III DC English.

# ഞാൻ- പലവിധം

Boby Mathew

'ഞാൻ' എന്നാൽ എന്താണ്?

കുറേയേറെ സ്വാർത്ഥ മോഹങ്ങളും തന്റേതായ സിദ്ധാന്തങ്ങളും അല്പം അസൂയയും ചേർന്നതല്ലേ ഓരോ വ്യക്തിയിലും കുടി കൊള്ളുന്ന 'ഞാൻ' 'ഞാൻ' എന്ന ആ സാന്നിദ്ധ്യം ഇല്ലെങ്കിൽ എന്താകുമായിരുന്നു ഞാൻ എന്നത് ചിന്തവ്യമല്ല ഞാൻ ആദിമുതൽ തന്നെ ഇല്ലായിരുന്നെങ്കിൽ പിന്നെ എന്ത് എന്നതുപോലെ ഞാൻ ഉണ്ടായിരിയ്ക്കെ, അത് ഇല്ലാതായാൽ പിന്നീട് എന്ത് എന്നതും ആർക്കും അറിവില്ല അതായത് ജഡത്തിൽ വസിക്കുന്ന ജീവൻ ജഡം ഉപേക്ഷിക്കാൻ പിന്നെ അതിനു തന്നെ ജീവനില്ലന്നോ. ജഡത്തിനു ജീവൻനല്കുന്ന ആ ശക്തി ശബ്ദമായോ വെളിച്ചമായോ പ്രത്യക്ഷപ്പെടാത്തിടത്തോളം കാലം അങ്ങനെ തന്നെ വേണം വിശ്വസിക്കാൻ. അവയവങ്ങൾക്കു ചലനശേഷിയും ബൗദ്ധിക മണ്ഡലത്തിനു ചിന്താശേഷിയും നല്കുന്ന ജീവൻ അതിപ്രതാപിയാണ്. എന്നാൽ ജഡമില്ലാതെ ജീവനോ ജീവനില്ലാതെ ജഡത്തിനോ നിലനില്ക്കാൻ സാദ്ധ്യമല്ല. അതായത് ഇവ രണ്ടും പരസ്പര പൂരകങ്ങളാണെന്നു പറയാം. ഓരോ ജീവിയ്ക്കും ജഡത്തിൽ നിന്നും ജീവൻ വേർപെടുന്ന ഒരു നിമിഷം ഉണ്ട്. സത്യത്തിൽ മനുഷ്യനു സ്വന്തമായി ആ നിമിഷം മാത്രമല്ലേയുള്ളൂ. അത് മറ്റാർക്കെങ്കിലും പകുത്തു നല്കാനോ ആ നിമിഷം അനുഭവവേദ്യമാക്കിക്കൊടുക്കാനോ ആർക്കും കഴിയില്ല അതിനാൽ മനുഷ്യനു സ്വന്തമായുള്ളത് മരണം എന്നു പേരു കൊടുത്തിരിയ്ക്കുന്ന ആ നിമിഷം മാത്രമാണ്. അതിനുശേഷം എന്താണെങ്കിലും അതും അവനു മാത്രം സ്വന്തം. സംസാരശേഷിയും വിവേചനബുദ്ധിയും ഉള്ളതുകൊണ്ട്, മരണശേഷം മറ്റു ജീവികളുടെതുപോലെയല്ല മനുഷ്യന്റേത് എന്നു പരസ്പരം വിശ്വസിപ്പിയ്ക്കുന്നതല്ലാതെ അതും നി[illegible]പിന്നെ എന്തിനെക്കുറിച്ചാണ് മനുഷ്യന് അറിവുള്ളത്. ജനനത്തിനു മുൻപ് നാം എവിടെയായിരുന്നെന്നോ, മരണശേഷം എന്താണെന്നോ, എവിടെയാണെന്നോ അറിവില്ലാത്ത നാം പിന്നെയെന്താണ് നേടിയത്? ജനന മരണത്തെക്കുറിച്ച് പൂർണ്ണമായ ഒരു വിശദീകരണം നല്കാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. ഇവിടെയാണ് മനുഷ്യൻ മതങ്ങളെ ആശ്രയിക്കുന്നത്.



മതങ്ങൾ മനുഷ്യരിൽ കാര്യമായ സ്വാധീനം ചെലുത്തുന്നതായി നമുക്കു കാണാൻ സാധിക്കും. മതങ്ങളിൽ അന്തർലീനമായിട്ടുള്ള ആശയങ്ങൾ ലോക സമാധാനം മുൻ നിർത്തിയുള്ളതാണ്. ഒരു മതത്തിൽ ഉൾപ്പെടുക എന്നാൽ ആ മതത്തിന്റെ മതസംഹിതകൾ ഉൾക്കൊള്ളുകയും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം. ഇങ്ങനെ ഏതെങ്കിലും മതത്തിൽ ഉൾപ്പെടുമ്പോഴാണ് മനസാക്ഷി രൂപീകരണം സംഭവിക്കുക. ഇതിനു കാരണം മതങ്ങൾ മരണശേഷമുള്ളൊരു ജീവിതത്തെക്കുറിച്ച് നമുക്കു മുൻപിൽ വച്ചുതരുന്നു എന്നതാണ്. നന്മചെയ്യുന്നവർ മോക്ഷം പ്രാപിയ്ക്കുന്നു എന്ന പ്രസ്താവനയിൽ തന്നെ നാം പകച്ചുപോകുന്നു. ഇത് മനുഷ്യനെ തിൻമയിൽ നിന്നും അകറ്റി നിർത്തേണ്ടതാണ്. പക്ഷേ സഹജീവികളെ നമ്മെപ്പോലെ തന്നെ കരുതുമ്പോൾ മാത്രമേ നന്മ കടന്നു വരൂ എന്ന സത്യം മനസ്സിലാക്കാൻ മനുഷ്യന് കഴിഞ്ഞിട്ടില്ല. ഇതിനു കാരണം സ്വാർത്ഥതയാണ്. എന്നാൽ എന്റെ, വീട്, എന്റെ ജീവിതം,എന്റെ സൗകര്യം,എന്റെ കാര്യം എന്നപോലെതന്നെ എന്റെ സഹപാഠികൾ, എന്റെ അയൽക്കാർ, എന്റെ സഹോദരങ്ങൾ എന്ന് കരുതാൻ കഴിയാതെ പോകുന്നതെന്തേ? ഇവിടെ മാത്രം മനുഷ്യൻ സ്വാർത്ഥനല്ലാന്നോ? സുഖസൗകര്യങ്ങൾ മനുഷ്യൻ തന്നെ കണ്ടുപിടിച്ച് മനുഷ്യനോടെ അവസാനിയ്ക്കുന്നതാണെന്ന് ബോധ്യപ്പെടാത്ത വിഢ്ഢികളോ നമ്മൾ?

സ്വന്തം നിലനില്പിനായി ഓരോന്നു ചെയ്തുകൂട്ടുമ്പോൾ സഹജീവികളെ കണ്ടില്ലെന്നു നടിയ്ക്കുന്നു ഇന്നത്തെ തലമുറ. അതായത് നിലവാരം കുറഞ്ഞ പ്രവർത്തനങ്ങളേ ഇന്നു നമുക്കു കാണാൻ സാധിക്കുന്നുള്ളൂ എന്നർത്ഥം. ഇന്നത്തെ ലോകത്തിലേയ്ക്കു കണ്ണോടിച്ചാൽ പറയാൻ വെറുപ്പും ലജ്ജയും തോന്നുന്ന പലതും നമുക്കു കാണേണ്ടതായി വരും. കൗമാരങ്ങൾ 'ന്യൂ ജെൻ' ങ്ങളുടെ പിന്നാലെ പായുമ്പോൾ തിളയ്ക്കുന്ന ചോരയിൽ, തങ്ങളുടെ ആശയങ്ങൾ മാത്രം ശരിയെന്നു സ്ഥാപിയ്ക്കാനും മറ്റുള്ളവയെ എതിർത്തു തോല്പിക്കാനും വെമ്പൽ കൊള്ളുന്ന യൗവ്വനം. ഇതിനിടയിൽ കഴിഞ്ഞകാല ജീവിതത്തെ കൊതിയോടെ നോക്കിക്കാണുകയോ അവജ്ഞയോടെ തുപ്പികളയുകയോ ചെയ്യുന്ന വാർദ്ധക്യം. ഇതുകൊണ്ടെല്ലാം വരുന്ന ഭവിഷ്യത്തുകൾ അനവധിയാണ്. നമ്മുടെ കെട്ടുറപ്പുള്ള കുടുംബ ബന്ധങ്ങൾ തകർന്നതല്ലേ ഇതിനു കാരണം? മാതാപിതാക്കൾ അവർ വളർന്ന ചുറ്റുപാടുകൾ മനസ്സിൽ സൂക്ഷിയ്ക്കുന്നുണ്ടെങ്കിൽ കുട്ടികൾ മനുഷ്യത്വമുള്ളവരായി വളരും. പിറന്നു വീഴുമ്പോഴേ 'മിക്കി മൗസ്സും, സൂപ്പർമാനും, കംപ്യൂട്ടറും' മാത്രം കണ്ടുവളരുന്ന കുട്ടിയ്ക്ക് എങ്ങനെ സഹജീവികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയും. ഇപ്പോഴുള്ള തലമുറ ഭൂരിഭാഗവും മാതാപിതാക്കന്മാർ സമ്പാദിച്ചതുകൊണ്ട് കഷ്ടപ്പാടറിയാതെ അവരുടെ 'പകമാകാത്ത ലോക'ത്തെ കെട്ടിപ്പിടിച്ചിരിയ്ക്കുന്നു. കഷ്ടപ്പാടുകൾ അറിയാത്തിടത്തോളം കാലം അവരുടെ ലോകം പകമാകാതെ തന്നെ നിലനിൽക്കും.

ഏതു ജീവിയ്ക്കും മരണമുണ്ട്. നാം ഒരു കാര്യം ചെയ്യുമ്പോൾ മരണത്തെ മുൻപിൽ കണ്ടുകൊണ്ടു ചെയ്താൽ അതിൽ തിന്മയുടെ അംശം കുറഞ്ഞിരിയ്ക്കും. 'മരണം മറ്റുള്ളവർക്കുള്ളതാണ്' എന്ന മട്ടിൽ ജീവിച്ചാൽ ലോകം കൂടുതൽ സംഘർഷങ്ങളിലേയ്ക്ക് കടന്നു ചെല്ലുകയേ ഉള്ളൂ. അതിനാൽ ലോകം 'റോബോട്ടു'കളെക്കൊണ്ട് നിറയാതിരിയ്ക്കാൻ, വരും തലമുറയെങ്കിലും തങ്ങളുടെ കുട്ടികളെ മനുഷ്യരെ കണ്ടുവളരാൻ പഠിപ്പിയ്ക്കാൻ നമുക്കു പ്രാർത്ഥിയ്ക്കാം

## ഭാരതം - വർത്തമാനകാലത്തിൽ

Sherin Jose
I PDC IInd Group IIIrd Batch.

ജീവിക്കും പ്രേതങ്ങൾ തൻ ശവ-
കുടീരമാണിന്നത്തെ ഭാരതം
മാനവരാശിതൻ ജീവിതമിന്ന്
കണ്ണുനീർ തുള്ളികളായിതീരുന്നു.
സ്നേഹമാണേറ്റവും ശ്രേഷ്ഠം എന്നോതിയ
നാട്ടിൽ, സ്നേഹമാണേറ്റവും നികൃഷ്ടം
ചേതനയറ്റുവീഴുമ്പോഴും
പ്രാണൻ പോകുന്ന നിമിഷത്തിലും
ഒരിറ്റു സ്നേഹത്തിനായി കേഴുമ്പോൾ
വേദനയോടെ ഞാൻതിരിച്ചറിഞ്ഞു
ഇന്നത്തെ ഭാരതത്തിന്നവസ്ഥ
പണ്ടത്തെ നാടിൻ സമൃദ്ധിയെല്ലാം
എങ്ങോ പോയ്മറഞ്ഞു ഇന്നെങ്ങും
നിറയുന്നു മാനവർ തൻ ആത്മരോദനങ്ങൾ
ബന്ധനങ്ങളെല്ലാം വീഞ്ഞിൽ കലർത്തി സ്നേഹ
ബന്ധങ്ങളെ തേടിയലയുന്നു ലോകർ
അർത്ഥമില്ലാ ഈ പെരുജീവിതത്തിൽ

സ്വാർത്ഥലാഭങ്ങൾക്കായി പരസ്പരം ഭിന്നിച്ച്
കുതികാൽ വെട്ടുന്നു നാമിന്ന്
മതസൗഹാർദത്തിൻ പേരുകേട്ട നാടിന്ന്
പരസ്പരം കുത്തിക്കീറാൻ വെമ്പുന്ന മത
നേതാക്കൾ തൻ ഉള്ളംകയ്യിലിട്ടമ്മാനമാടുന്ന
നാശത്തിന്നഗാധമാം കയങ്ങളിലേക്കാഴുകുന്ന
മതഭ്രാന്തിൻ നാടായി മാറുന്നു.
ആയിരങ്ങളുടെ ഭാവികാലത്തിനായി
ഭാരതത്തിൻയശസ്സ്, തൻ ജീവൻ
ബലികഴിച്ചും വാനോളമുയർത്തിയ
മഹാത്മാക്കളുടെ ഇളയ തലമുറ
ഭാരതത്തിൻ യശസ്സ് മണ്ണോളം താഴ്ന്നുവോ?
ആരാണിതിനെല്ലാമുത്തരവാദി ഞാനോ നീയോ

## OUR SINCERE THANKS TO



PHILIP JOHN
UNION ADVISOR



V.M GEORGE
ARTS CLUB DIRECTOR



V.A. PAUL
UNION TREASURER

**Best Compliments from:-**

# ST.VINCENT'S HOSPITAL

KURAVILANGAD

KOTTAYAM.PH:231636

Best compliments from:-

**GULF TRAVELS**

MDC CENTRE, K.K ROAD, KOTTAYAM
PH: 564753,564752,(R) 561904,565346

A/c & Non A/c Hi - Tech Buses, Mini Buses& Tempo Traveller

## നയന താര സുറാണി

'എ ഡ്രീം കം ട്രു' എന്ന നോവലിനെക്കുറിച്ച് ഇതിനോടകം കേൾക്കാത്തവർ ചുരുക്കമായിരിക്കും. എന്നാൽ 'നയനതാരസുറാണി' യെക്കുറിച്ച് കേൾക്കാത്തവർ ഒരു പക്ഷെ അപൂർവ്വമായിരിക്കും.

കറാച്ചി പി.ഇ.സി.സ്കൂളിൽ ഏഴാം ക്ലാസ്സുകാരി വിദ്യാർത്ഥിനിയാണ് പാക്കിസ്ഥാനിലെ ഏറ്റവും പ്രായം കുറഞ്ഞ സാഹിത്യകാരി നയന. 11 വയസ്സിൽ നോവൽ എഴുതി 12 വയസ്സിൽ പ്രസിദ്ധം ചെയ്ത പതിമൂന്നുകാരി.

സർക്കസ് കമ്പനിയിൽ നിന്നും ഒളിച്ചോടുന്ന രാജപുത്രി സർക്കസ് കമ്പനിയിൽ വരുന്നതും പിന്നീട് അവിടെ അവളുടെ അമ്മയെ കാണുന്നതുമാണ് 'എ ഡ്രീം കം ട്രു' വിൽ കൂടി നയന കാട്ടിതരുന്നത്.

ഒരിക്കൽ എഴുതുന്നത് തിരുത്തി വീണ്ടും എഴുതാത്ത ഈ കൊച്ചുമിടുക്കിയുടെ രണ്ടാമത്തെ നോവൽ ഇറങ്ങി കഴിഞ്ഞു - 'ദി വായറി ഓഫ് സെവൻത് ഗ്രേഡർ'.

പാക്കിസ്ഥാൻ പത്രത്തിൽ പത്രപ്രവർത്തകനായ പിതാവിന്റെ പ്രോത്സാഹനം നയനയെ വഴികാട്ടുന്നു. 10 വയസായ അനുജനാണ് നയനയുടെ കൃതികളുടെ 'പ്രൂഫ് റീഡർ.'

11 വയസിൽ നോവൽ എഴുതി ലോകത്തെ അത്ഭുതപ്പെടുത്തിയ നയന തന്റെ കൃതികൾ കൊണ്ടും ലോകത്തെ അത്ഭുതപ്പെടുത്തുന്നു.

**Suji S Vasudevan**
**II PDC.**

## അവിവാഹിതരേ ഇതിലേ ഇതിലേ

വനിതകളുടെ സംസ്കാരശുദ്ധി പുരുഷന്റെ ബുദ്ധിയെ ആശ്രയിച്ചിരിക്കുന്നു.

-റോനാൾഡ്‌ഗ്രീൻ

വിനീതമായ വിവാഹജീവിതമാണ് ഗർവ്വ് നിറഞ്ഞ അവിവാഹിതജീവിതത്തേക്കാൾ ഉത്തമം.

-സെന്റ് അഗസ്റ്റ്യൻ-

ഉത്തമസ്ത്രീയെ ഭാര്യയായി ലഭിക്കുമ്പോഴാണ് മനുഷ്യന്റെ സൗഭാഗ്യം തെളിയുന്നത്.

-മാസിംഗൻ-

ദുഃഖം കൂടാതെയുള്ള വിവാഹം ശുഭമായി അവസാനിക്കുന്നില്ല.

-മിഡിൽട്ടൺ-

ഹൃദയശുദ്ധിയിലാണ് യഥാർത്ഥ സൗന്ദര്യം.

-ഗാന്ധിജി-

സ്വയം നശിക്കാൻ ഇഷ്ടപ്പെടുന്നവർ ധനികയായ സ്ത്രീയെ വിവാഹം കഴിക്കട്ടെ.

-മിച്ച്ലെറ്റ്-

വിവാഹത്തിനു മുൻപ് പുരുഷന്റെ കണ്ണ് നന്നായി തുറന്നിരിക്കണം. വിവാഹത്തിനുശേഷം പാതി അടഞ്ഞിരിക്കണം.

-തോറോ-

തന്നേക്കാൾ ഉയർന്നനിലയിലുള്ള സ്ത്രീയെ വിവാഹം കഴിക്കുന്നവൻ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നു.

-സാമുവൽ-

ലോകത്തിലെ എക്കാലത്തെയും മികച്ച കായിക താരങ്ങൾ ആരായിരുന്നു. സംശയം വേണ്ട നീഗ്രോവംശജർ. ചില ചോദ്യങ്ങൾ ചില ഉത്തരങ്ങൾ

- ലോകകപ്പ് ഫുട്ബോൾ മത്സരത്തിൽ ഈ ബ്രസീലിയൻ കളിക്കാരൻ എല്ലാ മത്സരത്തിലും ഗോളടിച്ചു?
- ഫുട്ബോളിലെ കറുത്ത മുത്ത് ആരാണ്?
- ആദ്യമായി വിമ്പിൾഡൺ നേടിയ നീഗ്രോ കളിക്കാരൻ?
- ലോകകപ്പ് ഫുട്ബോൾ മത്സരത്തിൽ ഗോൾ അടിച്ച പ്രായം ചെന്ന കളിക്കാരൻ?
- 1960-ലെ റോം ഒളിമ്പിക്സിൽ 'നഗ്നപാദനായി' ഓടിയ ലോകറിക്കാർഡ് ഉടമ?
- ബാസ്കറ്റ് ബോൾ കളിയിൽ സ്കൈ ഹൂക്ക് തുടങ്ങിയതാര്?
- ഈയിടെ മത്സരങ്ങളിൽ നിന്നും വിരമിച്ച ഈ സൂപ്പർ ഫെദർ വെയ്റ്റ് ചാമ്പ്യനെ ആഫ്രിക്കയിലെ സിംഹം എന്ന് അറിയപ്പെടുന്നു?
- ചൈനയിലെ ഒരു കരടിയുമായി പൊരുതിയാൽ എനിയ്ക്ക് ഒരു സൗഹാർദ്ദം കിട്ടും.... ഇതു പറഞ്ഞ ബോക്സർ?
- ക്രിക്കറ്റിലെ കറുത്ത ബ്രാഡ്മാൻ?
- 400 ഡോളർ എത്രയാണെന്ന് ചിന്തിക്കാമോ വീട്ടിലെ ആവശ്യത്തിന് 'അലക്കുപൊടി വാങ്ങിക്കാം' ഇങ്ങനെ പറഞ്ഞ ഹെവിവെയിറ്റ്?

**ഉത്തരങ്ങൾ**

ജെർസീഞ്ഞോ
പെലെ
ആൽതിയ ഗിബ്സൺ
റോജർ മില്ല
അബെബെ ബിക്കില
കരിം അബ്ദുൾ ജബ്ബാർ
അസുമാൽ നെൽസൺ
മുഹമ്മദ് അലി
ഹെഡ്ലി
ജോർജ് ഫോർമാൻ

# മൈഥിലി കരയുന്നു

ആരുമറിയാതെ സ്നേഹിച്ചിരുന്നോരാ-

മൈഥിലി കരയുന്നു മൗനവും വിതുമ്പുന്നു.

അമലലാവണ്യത്തിന്റെ ധാരയായിരുന്നവൾ,

അറിയാതെന്നോമണ്ണിൽ പെയ്തു കുളിരായ്,

ചുളിവുപടർന്നോരാ കൈകൾതൻ വിശുദ്ധിയി-

ലൊരുനാൾ നിനവിന്റെ ശിലകൾ തീർത്തിരുന്നു

പാരം വീശുന്നൊരാക്കൺപീലിക്കുടയ്ക്കുള്ളി-

ലായിരം മോഹങ്ങളിന്നെരിഞ്ഞു തീരുന്നുവോ?

പതിയാൽ പരിത്യജയായിരുന്നവൾ തന്റെ,

ചിറകിൻ കീഴിലായി കുഞ്ഞുങ്ങൾ സമസ്യപോൽ,

പലതായ് പിരിയേണ്ട ജീവിതമോഹങ്ങൾ തൻ,

ചിന്തുകളറിയുന്നു മനസ്സിൻ മറയ്ക്കുള്ളിൽ.

മൈഥിലി കരയുന്നു, വിശപ്പിൻ വിളിയോർത്ത്

പറയാൻ മറന്നൊരാവാക്കിന്റെ പൊരുളോർത്ത്,

മരണം പോലുമിങ്ങെത്തുവാൻ മടിക്കുന്ന,

പകലോൻ പിരിക്കാത്ത ചെറ്റക്കുടിലിന്നുള്ളിൽ.

സമസ്യാപൂരണത്തിന്നാശ്വാസ വാക്കിനായി,

വിശപ്പിന്നഗ്നിക്കിറ്റു തർപ്പണ ജലത്തിനായ്,

സമസ്തപാപങ്ങൾ തൻ മോക്ഷവും കൊതിച്ചിട്ട്

വലഞ്ഞു ജീവിതത്തിൽ സീമന്ത നേട്ടത്തിനായ്.

ഇരുട്ടിൽ കശ്മലന്മാരെറിഞ്ഞ തുണ്ടുകളാൽ,

പരമെ മണ്ണിൽ വീണ പാപത്തിൻ തുള്ളികളാൽ.

ഇരുന്നുവെന്നാകിലും മക്കൾതന്നാർത്തികളെ

പിണക്കിയായമ്മതൻ കർത്തവ്യം പാലിക്കുന്നു.

മൈഥിലി കരയുന്നു കൊഴിഞ്ഞ ജന്മത്തെയോർത്ത്,
ഇന്നാളിൽ ലഭിക്കാത്ത ത്യാഗത്തിൻ ധ്വനിയോർത്ത്,
മറന്നുവാമമ്മയെ അവൾ തൻ മക്കൾ,
ഇരുട്ടിലവരിന്നു വിളർത്ത ഗോപുരങ്ങൾ.

കൊടിവെച്ചൊരാ കാറിലവൾതൻ പുത്രനുണ്ട്,
കൊടിയ ലാഭത്തിന്റെ നിറഞ്ഞരൂപം പോലെ,
കടൽക്കടന്നേതോ നാട്ടിൽ ഉണ്ടിനിവേറെ ചിലർ,
കറുത്തൊരോർമ്മ മാത്രമായിയമ്മ ഇതാ



ജീവരസങ്ങളൂറ്റി വളർത്തി വലുതാക്കി
ലോകചരിത്രത്തിൽ ശോഭയായ് തീർത്തോരമ്മ,
ജയങ്ങൾ കൺനിറയെ കാണുവാൻ കൊതിച്ചിട്ടീ-
ലിരവിൻ കെടുതിയിൽ ചരിപ്പൂയേകയായി.

ആൽമരച്ചോട്ടിൽ തന്റെ ഭാണ്ഡത്തിനരുകിലായ്,
നിറഞ്ഞകൺകളോടെ കാത്തിരിപ്പൂവൃഥാ,
ആരെയെന്നറിയാതെ നരച്ചു പകച്ചൊരാ-
നശിച്ച ജന്മത്തിന്റെ സായാഹ്ന ദാഹങ്ങളിൽ.

അവൾതൻ നരവീണ കേശ സമൃദ്ധിയിൽ,
കൊള്ളുന്നു വാത്സല്യത്തിൻ അന്തിമ കിരണങ്ങൾ,
അവൾതൻ നിറഞ്ഞൊരാ കൺതടങ്ങളിൽ,
കനത്തു ലോകത്തിന്റെ നെറിവും വിശ്വാസവും

ആരോരുമില്ലാതെന്നോ ഭൂമിയിൽ പിറന്നവൾ
ആരെയൊക്കെയോ വളർത്തി വലുതാക്കി
ആർക്കുംവേണ്ടാതിന്നലഞ്ഞു വലയുന്നു
ആനന്ദമവൾക്കിന്നപ്രാപ്യ പ്രഭാവമോ.

ഉലകിൻ സുദർശന ചക്രങ്ങൾ കൈയിൽപേറും,
ഏതോ വലിയൊരു മനുജൻ തന്റെ നേർക്കീ-
ലെറിഞ്ഞുകൊടുത്തൊരാ നാണയത്തുട്ടുകളിൽ
എന്നോ പൊഴിഞ്ഞൊരാമുലപ്പാലിൻ സൗരഭ്യങ്ങൾ!

*best compliments from:-*

GLOBAL ELECTRONICS
GLOBAL CASSETTES
PANCHAYATH OFFICE COMPLEX, KURAVILANGAD
PH: 230702,231853 (R) 231257

പുത്രനായിരുന്നവനാമമ്മതൻ സ്നേഹത്തിന്റെ.
വിളക്കായ് ജ്വലിച്ചോരാ വാത്സല്യ നിറകുടം.
പകച്ചുനിൽക്കുകയാണമ്മതൻ വിധിയുടെ.
വളഞ്ഞ വാതായനം ചാരിയില്ലെന്നതോർത്ത്.

പാവമെന്നുൾഘോഷിച്ചു തിരിയുന്നവൻ പെട്ടെ-
ന്നായിരം സഖാക്കളും പിന്നാലെ ശരംപോലെ,
പാരന്നതിലെയോരാ നാണയത്തുട്ടിന്നുള്ളിലി-
ന്നായിരം കടപ്പാടിൻ തീനാളം തെളിഞ്ഞുവോ?

മകൻതൻ കാലടികൾ കനത്തതെന്നാകിലും,
അവയാൽ നിറംകെട്ട മത്സരങ്ങളുതിർന്നുവോ?
മകൻതൻ ശിക്ഷക്കായി കാത്തിരുന്നൊരമ്മ
അവൾ തൻ കർമ്മത്തിന്റെ ഭാരങ്ങളൊഴിഞ്ഞുവോ?

മൈഥിലി കരഞ്ഞില്ല ഭൂമിതൻ സത്പുത്രി,
ജീവിതവേഷങ്ങളിന്നാടിയൊഴിഞ്ഞിടുന്നു.
മണ്ണിന്റെ പുത്രിക്കിന്നാശ്രയ കിരണമായ്,
ജന്മമേകിയൊരാ ധരതൻ പുണ്യപാദം!

Simna K.O

II DC

*Best compliments from:*

**Vanitha Jewellery**

**M.G ROAD & BROADWAY ERNAKULAM**

**PH 360966,363255,363277**

*Best wishes from:-*

**SREELAKSHMI TIMES**

PANAMKUZHAKKAL SHOPPING COMPLEX, NEAR PRIVATE BUS STAND

**Kuravilangadu.**


The End of Creativity



പ്രിയരെ,

*"DEV 'O' MILLENIUM"* താൽക്കാലികമായെങ്കിലും ഇവിടെ പൂർണ്ണമാവുകയാണ്. ഒപ്പം അനന്തതയിലേയ്ക്കുള്ള പ്രയാണത്തിന്റെ ആരംഭവും. ഒരു നിയോഗത്തിന്റെ സാക്ഷാത്കാരമാണിത്. ഇതിന്റെ അവസാനതാളുകളിൽ എത്തിനില്ക്കുമ്പോൾ വാക്കുകൾ എവിടെയോ...............

ഇതിന്റെ താളുകൾക്ക് വർണ്ണങ്ങൾ ഏകുമ്പോൾ മനസ്സിൽ ഒരായിരം പ്രതീക്ഷകളും കിനാവുകളും മാത്രമായിരുന്നു. കഴിഞ്ഞുപോയ വർഷത്തിന്റെ ഹൃദയത്തുടിപ്പുകൾ പകർത്താൻ ഞാൻ എന്റെ മനസ്സും ശരീരവും പൂർണ്ണമായി സമർപ്പിച്ചിട്ടുണ്ട്. സ്നേഹിക്കുന്ന ഒരു ഹൃദയത്തിന്റെ നിശ്വാസമായി ഈ ഉപഹാരം സമർപ്പിക്കട്ടെ. ഇതിൽ അച്ചടിപിശകുകളോ, അപൂർണ്ണ ആശയങ്ങളോ ഉണ്ടെങ്കിൽ പൊറുക്കുക.

ഒരു പിടി ആശ്വാസത്തിനായി ആശിച്ചപ്പോൾ ആശ്വസിപ്പിച്ചവർ ഏറെയായിരുന്നു. എങ്ങുമെത്താനാകാതെ ഉഴറിയപ്പോൾ കയറിനില്ക്കാൻ ഇടം തന്നവർ, കൈ പിടിച്ചുയർത്തിയവർ, ഒപ്പം നിർത്തിയവർ, മുഖം മറച്ച് തിരിഞ്ഞ് നടന്നവർ എല്ലാവരേയും ഞാൻ ഓർക്കുന്നു ആരോടും പരിഭവമില്ലാതെ നന്ദിയോടെ. ഈ ഉപഹാരം നിങ്ങൾക്ക് സമർപ്പിക്കാൻ എന്നെ ആത്മാർത്ഥമായി സഹായിച്ച ബഹു: കുര്യൻ സാർ, മറ്റം സാർ, പുല്ലുകാല അച്ചൻ, ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിലെ മൈക്കിൾ സാർ, ബെന്നിസാർ, ലൈബ്രേറിയൻ ജോണി സാർ, മറ്റ് അദ്ധ്യാപകർ, അനദ്ധ്യാപകർ, ഓഫീസിലെ ജീവനക്കാർ, അഡ്വ. റ്റി. ജോസഫ്, ബിജു മൂലംകുഴ, സാബിജി, മാത്യു സിറിയക്ക്, ബിനു തോമസ്, ബിലു മോൻ ജേക്കബ്, എന്റെ ക്ലാസിലെ പ്രിയ സുഹൃത്തുക്കൾ, പരസ്യങ്ങൾ തന്ന് സഹായിച്ചവർ, കൃതികൾ നല്കിയവർ, DataSoft Infotech Systems Pala, രാജേഷ്മാത്യു, പ്രസ്സിലെജീവനക്കാർ, സാമ്പത്തികമായും മാനസ്സികമായും എന്നെ സഹായിച്ച Anonymous, ഇതിനെല്ലാമുപരിയായി ഈശ്വരനേയും, ദിനരാത്രങ്ങൾ എന്നോടൊത്ത് സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർത്തിക്കുന്നു.

നിക്ഷ്പക്ഷമായ വിമർശനങ്ങൾക്കൊണ്ട് നിങ്ങൾ ഈ മാഗസിന് വിധിയെഴുതുമെന്ന് കരുതട്ടെ. *'Dev O' Millenium'* നിങ്ങളുടെ ഹൃദയവൃഷ്ടികളെ സ്വാധീനിച്ചുവെങ്കിൽ ഞാൻ കൃതാർത്ഥനായി.

തുണയേകിയ ഏവർക്കും............... നന്ദി...................... നന്ദി...

വിനയപൂർവ്വം

നിങ്ങളുടെ

ജോർജ് ജേക്കബ് P.

# സ്ത്രീയുടെ ശത്രു

സ്ത്രീ സ്വാതന്ത്ര്യത്തിനും, സ്ത്രീ വിമോചനത്തിനും വേണ്ടി സ്ത്രീകൾ സംഘടിക്കുകയും അവളുടെ ശബ്ദം ലോകമെങ്ങും നിറഞ്ഞുനില്ക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. യഥാർത്ഥത്തിൽ സ്ത്രീ അസ്വതന്ത്രയാണോ ? സ്ത്രീ ആരിൽനിന്നുമാണു മോചിതയാവേണ്ടത്. ആരാണ് അവളുടെ ശത്രു ?
ഇത്തരം ഒരു ചോദ്യാവലികണ്ടാൽ രണ്ടാമതൊന്നാലോചിക്കേണ്ടതില്ല, നാം പറയും സ്ത്രീ പുരുഷനിൽ നിന്നുമാണു സ്വതന്ത്രയാവേണ്ടത് പുരുഷനാണവളുടെ ശത്രു

എന്നാൽ പുരുഷനാണോ സ്ത്രീയുടെ ശത്രു. പുരുഷൻ മാത്രമാണോ അവളുടെ ചുററും വിലക്കുകളുടെ മതിൽ തീർക്കുന്നത്, സ്ത്രീ തന്നെയല്ലേ അവളുടെ ശത്രു. എവിടെ ഒരു സ്ത്രീ പീഡിപ്പിക്കപ്പെടുന്നുവോ അവിടെ അവൾ മറ്റൊരു സ്ത്രീയാലല്ലേ പീഡിപ്പിക്കപ്പെടുന്നത്. സ്ത്രീധനത്തുട്ടിന്റെ കിലുക്കം കുറഞ്ഞതിൽ, ഭർത്താവിനേക്കാളധികമായിട്ടവളെ ദ്രോഹിക്കുന്നത് ഭർത്തൃമാതാവും, സഹോദരിയുമാണ് ഇന്ന് ഒട്ടുമിക്ക സ്ത്രീധന പീഡന കേസ്സുകളിലും ഒന്നാം പ്രതിയായി കണ്ടുവരുന്നത് ഭർത്തൃമാതാവിനേയാണ്. മകന്റെ ഭാര്യയെ മകളായി കാണാൻ കഴിയാതെ അവളെ മാനസികമായും, ശാരീരികമായും പീഡിപ്പിക്കുന്നതും അതിനു പ്രോത്സാഹനം കൊടുക്കുന്നതും സ്ത്രീതന്നെയല്ലേ ? ഭർത്താവിന്റെ പ്രായമായ മാതാപിതാക്കളെ ശുശ്രൂഷിക്കാൻ മടിക്കുന്ന മരുമകൾ. അവളുടെ പിടിവാശിയും തന്നിഷ്ടവുമല്ലേ ഇന്ന് വൃദ്ധസദനങ്ങളുടെ വളർച്ചയ്ക്ക് പിന്നിൽ കാണുന്നത്. ഒരു സ്ത്രീ മത്സരപരീക്ഷ ജയിച്ചാൽ, ഉന്നത ജോലിയിൽ പ്രവേശിച്ചാൽ, നാടിനു വെളിയിൽ ജോലിചെയ്യാൻ തയ്യാറായാൽ എന്തിന് ഒന്ന് നന്നായി വസ്ത്രധാരണം ചെയ്താൽ ഒരു പുരുഷനവളെ അഭിനന്ദിച്ചെന്നിരിക്കും. എന്നാൽ മററൊരു സ്ത്രീ അവളെ പഴിക്കുകയല്ലേ ചെയ്യുക. ദുർഭാഷണങ്ങൾ നടത്തി അവളെ തളർത്തുന്നതിലായിരിക്കില്ലേ അവൾ ശ്രമിക്കുക. നമ്മുടെ സമൂഹത്തിൽ നാമിതൊക്കെ നിത്യേന അനുഭവിച്ചിട്ടും തരിച്ചറിയുന്നില്ലെന്നോ ?

ഇനി പുരുഷൻ സ്ത്രീയെ പീഡിപ്പിക്കുന്നില്ലേയെന്നു ചോദ്യം വരും. തീർച്ചയായും ഉണ്ട്. പുരുഷൻ സ്ത്രീയെ പീഡിപ്പിക്കുന്നു. തിരക്കുള്ള ബസ്സിൽ, ഓഫീസ് റൂമിൽ, ആൾത്തിരക്കുള്ള പൊതുസ്ഥലങ്ങളിൽ അവൻ സ്ത്രീയെ പീഡിപ്പിക്കുന്നു. ആറു വയസ്സുകാരി മുതൽ അറുപതു വയസ്സുള്ള സ്ത്രീ വരെ അവന്റെ പീഡനത്തിനിരയാകുന്നു. എന്നാൽ, സ്ത്രീയെ തന്റെ താല്പര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള വെറും ശരീരം മാത്രമായി അവൻ കാണുന്നുവെങ്കിൽ അതു ഒരു നല്ല അമ്മയുടെ അഭാവമല്ലേ? സ്ത്രീയെ ബഹുമാനിക്കുന്ന അവളെ അംഗീകരിക്കണമെന്നവനെ പഠിപ്പിക്കുന്ന ഒരു നല്ലയമ്മയുടെ അഭാവം. സ്ത്രീയെ അമ്മയായി കരുതിയിരുന്ന, അവർക്ക് മഹനീയ സ്ഥാനം നല്കി ആദരിച്ചിരുന്ന ആ സംസ്കാരത്തിന്റെ പിൻതുടർച്ചക്കാരാണ് നാം. ആ നമുക്കെവിടെയാണ് ചുവടുകൾ പിഴച്ചത്. ജന്മംകൊണ്ടന്ധയല്ലാതിരുന്നിട്ടും സ്വഭർത്താവിനനുഭവിക്കാൻ പ റ്റാത്ത സുഖങ്ങൾ തനിക്കും വേണ്ടാന്ന് കല്പിച്ച് സ്വന്തം കണ്ണുകൾക്ക് അന്ധത തീർത്ത ഗാന്ധാരി മാതാവ്, തന്റെ മക്കളുടെ ക്രൂരതകൾക്ക് മൂകസാക്ഷിയായിട്ടണോ? സ്ത്രീത്വം അപമാനിക്കപ്പെട്ട ആ വലിയ സദസ്സിലുണ്ടായിരുന്നിട്ടും പുത്രനേയും, സഹോദരനേയും നിയന്ത്രിക്കാൻ കഴിയാതെയറച്ച് നിന്നിടത്തോ?

ഇന്ന് പത്രത്താളുകളിലെ വാർത്തയല്ലാത്ത വാർത്തകളാണ് സ്ത്രീ പീഡനം. ഒട്ടുമിക്ക കേസ്സുകളിലും സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ അവളെ അന്യനു കാഴ്ചവെച്ച് ലക്ഷങ്ങൾ സമ്പാദിക്കുന്നതിൽ സ്ത്രീയുടെ സാന്നിധ്യമില്ലേ? അപരിചിതമായ സ്ത്രീയോട് സഹായം അഭ്യർത്ഥിക്കുന്ന യുവതികൾ പലപ്പോഴും വഞ്ചിക്കപ്പെടുന്ന എത്രയോ കഥകൾ നാം കേട്ടുമറന്നിരിക്കുന്നു. ബ്യൂട്ടിപാർലറുകളും, ഐസ്ക്രീം പാർലറുകളുമിട്ട് വലവീശി ഇര കാത്തിരിക്കുന്ന സ്ത്രീകൾ.
പണ്ട് അടുക്കളയിൽ ഒതുങ്ങിയ സ്ത്രീയിന്ന് അരങ്ങ് അടക്കിവാഴുകയാണ്. ഭൂമിയിൽ തന്റെ ചുവടുകളുറപ്പിച്ച അവളിന്ന് ആകാശവും കീഴടക്കിയിരിക്കുന്നു. അങ്ങനെ എല്ലാ മേഖലയിലും സ്ത്രീ തന്റെ കഴിവും സാമർത്ഥ്യവും തെളിയിച്ചിരിക്കുന്നു. പഠനത്തിലും തൊഴിൽ സ്വീകരിക്കുന്നതിലും സ്വന്തം ഇഷ്ടങ്ങൾക്കവൾ പ്രാധാന്യം നല്കുന്നു. വളയിട്ട കൈയ്യിന്ന് കാഞ്ചിവലിക്കാനും പരിശീലിച്ചിരിക്കുന്നു. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്ക് പ്രാധാന്യം കല്പിക്കുകയും അവ നേടിയെടുക്കുകയും ചെയ്യുന്ന ഇന്നത്തെ സ്ത്രീകൾ അസ്വതന്ത്രകളോ?

സ്ത്രീക്ക് സ്വാതന്ത്ര്യം വേണം. അവളുടെ അധ്വാനം ചെലവിടാൻ അവൾക്ക് പൂർണ്ണ അവകാശം ഉണ്ട് എന്നൊക്കെ മുറവിളികൂട്ടുന്ന സ്ത്രീ മോചന പ്രസ്ഥാനക്കാർ സ്ത്രീകളുടെ ദുരവസ്ഥ ഉയർത്തിക്കാട്ടുന്ന ഒപ്പം തന്നെ അവളുടെ കടമകളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവളെ ബോധവതികളാക്കിയിരുന്നെങ്കിൽ? അങ്ങനെ ചെയ്യുന്നതല്ലേ ഒരു പുത്തൻ തലമുറയുടെ ഉന്നതിക്ക് നല്ലത്.

**Sany Joseph**
**II Dc ECOS**

WE CHANGE LIVES

The new eACCP program

In the new Internet millennium , it's a must

APTECH
COMPUTER EDUCATION
IIND FLOOR,MOOZHAYIL BLDGS
OPP.BISHOP'S HOUSE.
PALA-686575,PH:213302,216302

Admission 2000 less expensive No Donation

Karnataka, Tamilnadu, Other States and Abroad

**GUIDANCE & SEAT RESERVATION**

NRI & MANAGEMENT QUOTA REGISTRATION

MBBS, MD, MS, BDS, MDS,BAMS, BHMS, ENGG., ME, M.Tech., MCA,MSW, MBA, BSc & MSc, Computer Science, BSc Nursing, Post BSc Nursing, BPT, MPT, B Pharm,M. Pharm, BOT, MSc Biotechnology, MSc Micro Biology, B.sc & M.Sc all subjects,B.Sc,MLT,Poly Techinic,BED,MED,LLB & all other professional courses.

**CHRISTIAN COLLEGE**

KOTTAYAM
PH.0481-560840,FAX 568310

BANGALORE
MOBILE:98460-34430

ഹോളി എയ്ഞ്ചൽസ് കോളേജ് ഓഫ് നഴ്സിംഗ്

കേന്ദ്ര ഗവ. അംഗീകൃതം റൂറൽ ഡവലപ്മെന്റ് സെന്റർ പ്രിയദർശിനി ഹോസ്റ്റൽ P.B. No. 18,കുറവിലങ്ങാട് Pin: 686 633.
Phone No. 0482 - 230366/230644K കോട്ടയം ഓഫീസ് 0481 560840, Fax: 568310

Approved by : Govt. of India AICTE-CEP

കേന്ദ്രസർക്കാർ നഴ്സിംഗ്, ലാബ്, ഇ.സി.ജി, എക്സറേ കോഴ്സുകൾ

കേന്ദ്ര ഗവ. പരീക്ഷയും സർട്ടിഫിക്കറ്റും

ജനറൽ നേഴ്സിംഗ് & മിഡ്‌വൈഫറി (Pvt.)

3 വർഷം - 2 വർഷം തിയറിയും. 1 വർഷം സ്റ്റൈഫന്റോടുകൂടിയ ഹോസ്പിറ്റൽ പ്രാക്ടീസും (എസ്.എസ്.എൽ.സി പാസ്സായവരും ഉയർന്ന വിദ്യാഭ്യാസയോഗ്യത ഉള്ളവരും)

ഒന്നര വർഷം നഴ്സിംഗ് - 1 വർഷം തിയറിയും, 6 മാസം സ്റ്റൈഫന്റോടുകൂടിയ ഹോസ്പിറ്റൽ പ്രാക്ടീസും
സ്.എസ്.എൽ.സി. Completed) പ്രവേശനം പെൺകുട്ടികൾക്കും കന്യാസ്ത്രീകൾക്കും മാത്രം
ചെലവ് കുറഞ്ഞ സെൽഫ് ഹോസ്റ്റൽ. കേന്ദ്ര സർക്കാർ അംഗീകാരമുള്ള വനിതാ ഹോസ്റ്റൽ

മുഴുവൻ വിദ്യാർത്ഥികൾക്കും കേരളത്തിലും വിദേശത്തും മറ്റു സംസ്ഥാനങ്ങളിലുമായി ജോലി സാധ്യത ഉറപ്പുവരുത്തുന്നു.

കേന്ദ്ര ഗവൺമെന്റ് അംഗീകൃത സ്ഥാപനം

അടുത്ത ബാച്ചിലേക്ക് അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനും 30 രൂപ മണിയോർഡർ സഹിതം അപേക്ഷിക്കുക.

Directress



അക്ഷരങ്ങളുടെ അഗ്നിജ്വാല
അണയില്ല.
ലോകമുള്ള കാലത്തോളം
അത് ജ്വലിക്കും; കെടാവിളക്കായി......